"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**FEBRUARY 2018**
**Vol. LXVIII No. 2**

# CONTENTS


ഇടയലേഖനം 54 - നോമ്പ് ........................................ 91

ദീപനാളം - സർക്കുലർ 230 ........................................ 99

കുറവിലങ്ങാട് - സർക്കുലർ 231 ........................... 101

തിരുബാലസഖ്യദിനം - സർക്കുലർ ...........................115

മദ്യവിരുദ്ധ ഞായർ - സർക്കുലർ ............................ 119

നോമ്പുകാല സന്ദേശം ................................................ 127

രോഗീദിനാചരണ സന്ദേശം ....................................... 134

ട്രാൻസ്ഫർ ലിസ്റ്റ് - ഡിസംബർ 2017 .........................140

ജനറൽ ട്രാൻസ്ഫർ - ജനുവരി 2018 .......................... 141

റംശാ ലിസ്റ്റ് ............................................................ 146

വാർത്തകൾ ................................................................ 147

ആദരാഞ്ജലികൾ ........................................................ 181

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി.......................... 191

എൻഗേജ്മെന്റ്സ് ...................................................... 199

ഇടയലേഖനം - 54

# നോമ്പ് ആത്മാവിഷ്കാരത്തിന്റെ കാലഘട്ടം

ദൈവപരിപാലനയിൽ പാലാ രൂപതയുടെ മെത്രാനായ

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും**
**വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന്**
**കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

വന്ദ്യ സഹോദരരേ, പ്രിയമക്കളേ,

നമ്മുടെ പൂർവ്വപിതാക്കന്മാർ സുറിയാനിഭാഷയിൽ “സൗമാറമ്പാ” എന്ന് വിളിച്ചിരുന്ന അനുഗൃഹീതമായ വലിയനോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. പേത്തുർത്താ ഞായറാഴ്ച സായാഹ്നം മുതൽ ദുഃഖശനിയാഴ്ച സായാഹ്നം വരെയുള്ള അൻപത് ദിനരാത്രങ്ങളാണ് നോമ്പുകാലമായി നാം ആചരിക്കുന്നത്. “ആത്മാവ് അവനെ മരുഭൂമിയിലേക്ക് നയിച്ചു. അവൻ പിശാചിനാൽ പരീക്ഷിക്കപ്പെട്ട് നാല്പത് ദിവസം അവിടെ കഴിഞ്ഞുകൂടി” (ലൂക്കാ 4:1) എന്ന തിരുവചനമാണ് നോമ്പിന്റെ വേദപുസ്തകാടിസ്ഥാനം. ഉയിർപ്പ് തിരുനാളിന് മുമ്പുള്ള ഏഴ് ആഴ്ചക്കാലം ഉപവാസത്തിനും, പ്രാർത്ഥനയ്ക്കും ദാനധർമ്മത്തിനുമായി ഉദ്ബോധിപ്പിച്ചുകൊണ്ട് ആത്മവിശുദ്ധീകരണത്തിലേക്ക് സഭ നമ്മെ ക്ഷണിക്കുന്നു.

നോമ്പിന് ഇംഗ്ലീഷ് ഭാഷയിൽ 'Lent' എന്നാണ് പറയുന്നത്. ആ പദത്തിന്റെ അർത്ഥം വസന്തകാലം (spring time) എന്നാണ്. ഒരു വർഷക്കാലം ലോകവ്യാപാരങ്ങളിൽ മുഴുകി, വരണ്ട് മൃതപ്രായമായ മനുഷ്യാത്മാവിലേക്ക് കൃപയുടെ പുതു വസന്തം പെയ്തിറങ്ങുന്ന പുണ്യകാലമാണ് നോമ്പ്. ഇത് നമ്മുടെ ആത്മീയജീവിതചക്രത്തിലെ അതിസമ്പന്നമായ കാല മാണ്. ജഡത്തിന്റെ ദുരാശകളെ ഉന്മൂലനം ചെയ്ത് ആത്മാ വിൽ ശക്തിപ്രാപിച്ച്, തീക്ഷ്ണമായ പ്രാർത്ഥനയിലും യഥാർത്ഥമായ ഉപവാസത്തിലും കരുണാർദ്രമായ ദാനധർമ്മ ങ്ങളിലും മുഴുകിക്കൊണ്ട് സുവിശേഷമൂല്യങ്ങൾക്കനുസൃത മായി നമ്മുടെ ജീവിതങ്ങൾ പുനഃസൃഷ്ടിക്കപ്പെടേണ്ട കൃപാ വർഷത്തിന്റെ ദിനങ്ങളാണ് അമ്പത്നോമ്പ്.

സുറിയാനി ക്രിസ്ത്യാനികളായ നമ്മുടെ സഭാജീവിതവും ആത്മീയനിഷ്ഠകളും യഹൂദസംസ്കാരത്തോട് ബന്ധപ്പെട്ടു നിൽക്കുന്നു. നമ്മുടെ ആരാധനക്രമവും ദൈവശാസ്ത്ര ദർശ നങ്ങളും നമ്മെ ചേർത്ത് നിറുത്തുന്നത് ജറൂസലേമിലെ മാതൃ സഭയോടാണ്. പെസഹാസായാഹ്നത്തിൽ നസ്രാണി കുടുംബ ങ്ങളിൽ ഭക്തിപൂർവ്വം നിർവ്വഹിക്കുന്ന പെസഹാഅപ്പം പുഴു ങ്ങലും അപ്പം മുറിക്കലും ഇതിന്റെ സജീവസാക്ഷ്യമാണല്ലോ. ആണ്ടുതോറും നാം ആചരിക്കുന്ന വലിയനോമ്പിന്റെ അർത്ഥവും ചൈതന്യവും ഗ്രഹിക്കേണ്ടത് പഴയ നിയമ ത്തോടും യഹൂദചിന്തകളോടും ആദിമസഭയോടും ബന്ധപ്പെ ടുത്തിയാകണം. യഹൂദന്മാർ വർഷംതോറും ജറുസലേമിലേക്ക് നടത്തിയിരുന്ന തീർത്ഥാടനത്തിന്റെ ആത്മീയദർശനവും നമ്മുടെ അമ്പത്നോമ്പാചരണത്തിന്റെ ആത്മീയതയും തമ്മിൽ സത്താപരമായ ബന്ധമുണ്ട്.

ജറുസലേം ദൈവത്തിന്റെ വിശുദ്ധനഗരമാണ്. ഈജി പ്തിൽനിന്നും മോചിപ്പിച്ചുകൊണ്ടുവന്ന ഇസ്രായേലിനെ ദൈവം നട്ടുവളർത്തിയ ഗർഭഗൃഹമാണ് ഈ പുണ്യനഗരം. അമ്മയുടെ ഗർഭപാത്രമാണ് ലോകത്തിലെ ഏറ്റവും സുരക്ഷിത

സങ്കേതം. എന്നാൽ, പലകാരണങ്ങളാൽ നിരവധി യഹൂദർ ഈ തറവാട് ഭൂമിയിൽ നിന്നകന്ന് ജീവിക്കാൻ നിർബന്ധിത രായി. ലോകത്തിലെ ഏറ്റവും ചിതറിക്കപ്പെട്ട ജനമായിരുന്ന പ്പോഴും അവർ തങ്ങളുടെ ഹൃദയങ്ങളിൽ തീവ്രമായി കാത്തു സൂക്ഷിച്ച ആഗ്രഹം ഓറശ്ലേത്തേക്ക് മടങ്ങണമെന്നതായിരുന്നു. തങ്ങൾക്ക് നഷ്ടപ്പെട്ട പൈതൃകമൂല്യങ്ങൾ ജീവിതത്തിൽ പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയാണ് വർഷംതോറും അവർ ജറുസലേമിലേക്ക് തിരിച്ച് നടന്നത്. ഈശോയുടെ മാതാപി താക്കൾ ഈ തീർത്ഥാടനം മുടങ്ങാതെ നടത്തിയിരുന്നു (ലൂക്കാ 2:41–42).

നോമ്പുകാലം പിതൃഭവനത്തിലേക്കുള്ള മടക്കയാത്ര യാണ്. പിതാവിന്റെ ഭവനത്തിലേക്കുള്ള തിരിച്ചുപോകലിന്റെ ഉത്തമദൃഷ്ടാന്തമാണ് ധൂർത്തപുത്രന്റെ ഉപമ (ലൂക്കാ 15:11–32). തനിക്കുള്ളതെല്ലാം ശേഖരിച്ചുകൊണ്ട് അവൻ ദൂരെദേശ ത്തേക്ക് (far country) പോയി. ഈ തിരുവചനത്തെ വ്യാഖ്യാ നിച്ചുകൊണ്ട് എമിരിറ്റസ് പാപ്പാ ബെനഡിക്ട് 16–ാമൻ പറ യുന്നു: “ഇത് പിതാവിന്റെ ലോകത്ത് നിന്നും പിതാവില്ലാത്ത ലോകത്തിലേക്കുള്ള പലായനമാണ്”. ദൈവമില്ലാത്ത, മതമി ല്ലാത്ത, ആത്മീയതയില്ലാത്ത, ആരോടും കണക്ക് ബോധിപ്പി ക്കാനില്ലാത്ത ലോകം കൂടുതൽ സുഖം പകരും എന്ന ആധു നിക മനുഷ്യന്റെ മിഥ്യാബോധത്തിന്റെ പ്രതീകമാണ് ഈ ചെറു പ്പക്കാരൻ. എന്നാൽ അവന്റെ വ്യാമോഹങ്ങളെല്ലാം വെറും മരീ ചികയായി തകർന്നടിഞ്ഞു. പരിധിയില്ലാത്ത സുഖംതേടി പിതാ വില്ലാത്ത ലോകത്തേക്ക് പോയ ഈ യുവാവ് വീണത് അധഃപതനത്തിന്റെ പടുകുഴിയിലേക്കാണ്. എന്നാൽ പന്നിക്കൂട്ട ങ്ങൾക്ക് നടുവിൽ ആയിരുന്നപ്പോഴും, താൻ ദൂരെദേശത്താണ്, തനിക്കൊരു പിതൃഭവനമുണ്ട് എന്ന ഓർമ്മ അവന് നഷ്ടപ്പെ ട്ടില്ല. അതുകൊണ്ട് ആ തിരിച്ചറിവിൽ അവൻ എണീറ്റ് തിരിച്ച് നടന്നു. യഹൂദ തീർത്ഥാടനവും നമ്മുടെ നോമ്പാചരണവും പിതൃഭവനത്തിന്റെ കുലീനതയിലേക്കുള്ള തിരിച്ച് നടപ്പാണ്.

തങ്ങളുടെ ജീവിതത്തിൽ നഷ്ടപ്പെട്ട ദിശാബോധം തിരിച്ച് പിടിക്കലായിരുന്നു തീർത്ഥാടനത്തിലൂടെ യഹൂദർ ചെയ്തത്. തങ്ങളുടെ ജന്മഗൃഹത്തിലേക്ക്, നാരകീയശക്തികൾക്ക് പ്രബലപ്പെടാൻ കഴിയാത്ത വിശുദ്ധഗിരിയിലേക്ക് അവർ തിരിച്ച് നടന്നു. വീണ്ടും പുതുതായി ആരംഭിക്കാനുള്ള ചുവടുവയ്പായിരുന്നു അത്. ഒരു വർഷത്തെ ജീവിതവ്യാപാരങ്ങൾ ദൈവജനമെന്ന അവരുടെ സ്വത്വബോധത്തെ ദുർബലമാക്കി. അവർ സഞ്ചരിച്ചവഴികളും ജീവിച്ച വിജാതീയ സംസ്കാരങ്ങളും അവരുടെ ജീവിതത്തെ മലീമസമാക്കി. മാമ്മോദീസായിലൂടെ ദൈവജനമായിത്തീർന്നുവെങ്കിലും നമ്മുടെ സ്ഥിതിയും ഇതുതന്നെയാണ്. ധൂർത്തപുത്രനെപ്പോലെ നാമും തിരിച്ച് നടക്കേണ്ടിയിരിക്കുന്നു. യഹൂദന്മാർ ജറുസലേമിലേക്ക് തിരിച്ച് നടന്നതുപോലെ അമ്പത്നോമ്പാചരണത്തിലൂടെ നാമും സഭാപിതാക്കന്മാർ പഠിപ്പിക്കുന്ന നമ്മുടെ രക്ഷയുടെ ഗർഭഗൃഹമായ മാമ്മോദീസാതൊട്ടിയിലേക്ക് തിരിച്ച് നടക്കണം. മാമ്മോദീസാ തൊട്ടിയാണ് നമ്മുടെ കർത്താവിന്റെ മരണ ഉത്ഥാനങ്ങളിൽ നമ്മെ ഭാഗഭാക്കുകളാക്കുന്ന പുതിയ ഉദരം. എല്ലാ പൗരാണിക സഭകളും വലിയനോമ്പിൽ വിശ്വാസികളുടെ ഹൃദയങ്ങളെ ക്ഷണിക്കുന്നത് മാമ്മോദീസാ തൊട്ടിയിലേക്കും മാമ്മോദീസാ ആത്മീയതയിലേക്കുമാണ് (Baptismal spirituality).

പഴയനിയമത്തിലും പുതിയ നിയമത്തിലും ആദിമസഭയുടെ ജീവിതത്തിലും ഉപവാസത്തിനും തപസ്സിനുമുള്ള പ്രാധാന്യം സ്പഷ്ടമാണ്. മാമ്മോദീസായുടെ പരമലക്ഷ്യം രക്തസാക്ഷിത്വമാണെന്ന് സഭാപിതാക്കന്മാർ സാക്ഷ്യപ്പെടുത്തുന്നു. മതമർദ്ദനകാലം അവസാനിച്ചതോടുകൂടി സഭയിൽ രക്തസാക്ഷിത്വത്തിനുള്ള സാദ്ധ്യതകുറഞ്ഞു. എന്നാൽ അതിന് പകരമായി ഉപവാസം, ബ്രഹ്മചര്യം, തപശ്ചര്യകൾ തുടങ്ങിയ ആത്മീയ അനുഷ്ഠാനങ്ങൾ തീക്ഷ്ണമതികളായ വിശ്വാസികൾ സ്വീകരിച്ചു.

വലിയനോമ്പ്, പൗരാണികസഭകളിൽ ആരംഭിച്ചതും വളർന്നതും വലിയ ശനിയാഴ്ചയിലെ മാമ്മോദീസാ പരികർമ്മ

വുമായി ബന്ധപ്പെട്ടാണ്. മൂന്ന് വർഷം ദീർഘിക്കുന്ന 'കാറ്റക്ക്യുമിനേറ്റ്' (catechumenate) എന്ന പരിശീലനപ്രക്രിയയുടെ പരിസമാപ്തിയിലാണ് ആദിമസഭ അർത്ഥികൾക്ക് മാമ്മോദീസാ നൽകിയിരുന്നത്. തീവ്രമായ ഈ പരിശീലനപ്രക്രിയയുടെ അവസാനഘട്ടമാണ് ഉയിർപ്പ് തിരുനാളിനുമുമ്പുള്ള അമ്പതുദിവസങ്ങൾ. ഈ നാളുകളിലെ കഠിനതപശ്ചര്യകളിലൂടെ കടന്നുപോകുന്നവരാണ് വലിയ ശനിയാഴ്ച സായാഹ്നത്തിൽ മാമ്മോദീസാ സ്വീകരിക്കുകയും ശുഭ്രവസ്ത്രങ്ങളണിഞ്ഞ് ഉയിർപ്പുഞായറാഴ്ചക്കുർബാനയിൽ പങ്കുചേരുകയും ചെയ്തിരുന്നത്. മാമ്മോദീസാതൊട്ടിയിൽ മുങ്ങുന്നത് ഈശോയുടെ മരണത്തിലും അതിൽനിന്ന് ഉയരുന്നത് അവിടുത്തെ ഉയിർപ്പിലുമുള്ള പങ്കുചേരലാണെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. നമ്മുടെ ആരാധനക്രമത്തിലും വലിയശനിയാഴ്ച കർമ്മങ്ങളുടെ കേന്ദ്രം മാമ്മോദീസാ തൊട്ടിയാണ്.

വലിയ നോമ്പുകാലത്ത് ജ്ഞാനസ്നാനാർത്ഥികളോടൊപ്പം വിശ്വാസിസമൂഹം മുഴുവൻ തങ്ങളുടെ മാമ്മോദീസായുടെ പ്രാരംഭവിശുദ്ധിയിലേക്ക് തിരിച്ചു നടക്കുകയാണ്. മാമ്മോദീസായിൽ ലഭിച്ച മഹത്വത്തിന്റെ വെള്ളവസ്ത്രം വീണ്ടും വെൺമയുള്ളതാക്കാനാണ് ഈ ആത്മീയയാത്ര നടത്തുന്നത്. മാമ്മോദീസായിലെ പുനർജനനം ഒരിക്കൽ മാത്രം സംഭവിക്കുന്നതാണ്. എന്നാൽ നമ്മുടെ പുതിയ ജീവിതം നിരന്തരമായ നവീകരണത്തിനു വിധേയമാക്കേണ്ടതാണ്. അതാണ് നോമ്പിലൂടെ നാം സാധിക്കുന്നത്. ഈ നവീകരണം ഒരു സഭാത്മക പ്രവൃത്തിയാണ്, അതൊരു സ്വകാര്യ അനുഷ്ഠാനമല്ല. കുടുംബാംഗങ്ങളും ഇടവകജനം മുഴുവനും അജപാലകരും സമർപ്പിതരുമെല്ലാം സാർവ്വത്രിക സഭയോടൊത്ത് രക്ഷയുടെ ഉറവിടത്തിലേക്ക് ഒരുമിച്ച് നടത്തുന്ന തീർത്ഥാടനമാണത്.

ഭക്ഷണപാനീയങ്ങളുടെ നിയന്ത്രണം നോമ്പിന്റെ മുഖ്യഘടകമാണ്. ഏദൻതോട്ടത്തിൽ ഭക്ഷണം വഴിയാണ് പാപവും മരണവും കടന്നുവന്നത്. മരുഭൂമിയിൽ, ഭക്ഷിക്കാതിരുന്നു

കൊണ്ട് ഈശോ പിശാചിനെ പരാജയപ്പെടുത്തി. മത്സ്യ മാംസാദികൾ വർജ്ജിക്കുന്ന നോമ്പുകാലം ആത്മീയയുദ്ധ ത്തിന്റെ കാലമാണ്. ഈ യുദ്ധത്തിൽ പിശാചിനെതിരെ നാം ധരിക്കേണ്ട ആയുധങ്ങളാണ് പ്രാർത്ഥന, വേദപുസ്തകപാരാ യണം, സർവ്വോപരി കുമ്പസാരവും പരി. കുർബാനയും. നോമ്പുകാലത്ത് നമ്മുടെ എല്ലാ ഇടവകകളിലും നടത്തുന്ന നോമ്പുകാലധ്യാനം അതിനുള്ള അവസരമാണ്.

ഭക്ഷണപാനീയങ്ങളുടെ വർജ്ജനംകൊണ്ട് മാത്രം ഉപ വാസം പൂർണ്ണമാകുന്നില്ല. ദുശ്ശീലങ്ങളെ ഉപേക്ഷിക്കുന്നതും ദുർവൃത്തിയിൽ നിന്നോടിയകലുന്നതും ദുർവാസനകളെ പിഴു തെറിയുന്നതും ഉപവി പ്രവർത്തനങ്ങളിൽ വ്യാപൃതരാകു ന്നതും യഥാർത്ഥ നോമ്പാചരണത്തിന്റെ ഭാഗമാണ്. മദ്യാ സക്തി, ധൂർത്ത്, ദുർഭാഷണം തുടങ്ങിയവയിൽനിന്ന് നാം നോമ്പിലൂടെ ശുദ്ധരാക്കപ്പെടണം. യുവജനങ്ങൾക്കിടയിൽ ബന്ധങ്ങളുടെ കണ്ണികളറുക്കുന്ന മുഖ്യഘടകം ഇന്നത്തെ തെറ്റായ web സംസ്കാരമാണ്. സ്മാർട്ട് ഫോണിലെ വാട്സ് ആപ്പ് ഗ്രൂപ്പുകളിലും ഫേസ്ബുക്ക്പേജിലും തലപൂഴ്ത്തിക്ക ഴിയുന്നവർക്ക് ചുറ്റുപാടുകൾ കാണാൻ കഴിയില്ല. സോഫ്റ്റു വെയറുകളൊരുക്കുന്ന മായികപ്രപഞ്ചത്തിന്റെ കെട്ടുകൾ പൊട്ടിച്ചെറിയാനും കൂടെ സഹവസിക്കുന്ന ദൈവത്തേയും അടുത്തുനിൽക്കുന്ന സഹജരേയും തേടിയിറങ്ങാനും നോമ്പാ ചരണം നമ്മെ പ്രചോദിപ്പിക്കട്ടെ. ഈ നോമ്പുകാലത്ത് സഭാ പിതാവായ മാർ അപ്രേമിന്റെ നോമ്പുകാല പ്രാർത്ഥന നമുക്ക് ധ്യാനവിഷയമാക്കാം:

കർത്താവേ, എന്റെ ജീവനാഥാ,
അലസതയുടെയും നിരാശയുടെയും അരൂപിയെ
എന്നിൽനിന്ന് മാറ്റേണമെ.
പകരം എനിക്ക് ശുദ്ധതയുടെയും എളിമയുടെയും
ക്ഷമയുടെയും
അരൂപിയെ നൽകിയാലും.

കർത്താവും രാജാവുമായവനെ
എന്റെ തെറ്റുകളും കുറവുകളും തിരിച്ചറിയാനും
എന്റെ സഹോദരങ്ങളെ
വിധിക്കാതിരിക്കാനുമുള്ള കൃപയും
എനിക്കുനൽകേണമെ.

നോമ്പാചരണത്തിലൂടെ നമ്മുടെ കുടുംബങ്ങളും ഇടവകകളും സഭാസമൂഹം മുഴുവനും ഈശോയ്ക്ക് കൂടുതൽ സ്വീകാര്യമായ ഇടങ്ങളായി മാറട്ടെ.

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 30.01.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

NB: ഈ ഇടയലേഖനം ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

## സംഭാവനാശേഖരണം

1. തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ പിരിവുനടത്തി പിരിഞ്ഞുകിട്ടുന്ന തുക മാർച്ച് 10നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
2. വിശപ്പിനും രോഗത്തിനുമെതിരെ നോമ്പുകാലത്തിലെ ഒരു ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും പിരിവ് നടത്തി കിട്ടുന്ന തുക ഏപ്രിൽ 20 നു മുമ്പായി രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏൽപിക്കേണ്ടതാണ്.
2. മദ്യവിരുദ്ധ ഞായറാഴ്ചയോടനുബന്ധിച്ച് ഫെബ്രുവരി 18-ാം തീയതി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ പിരിവുനടത്തി പിരിഞ്ഞുകിട്ടുന്ന തുക മാർച്ച് 10 നു മുമ്പായി രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏൽപിക്കേണ്ടതാണ്.

## വികാരിയച്ചൻമാരുടെ ശ്രദ്ധയ്ക്ക്

കേരള കത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെസിബിസി തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പിഒസിയിൽ ആരംഭിക്കുന്നു. കേരള സഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെസിബിസി ഫാമിലി കമ്മീഷനായിരിക്കും ഇതിന് നേതൃത്വം കൊടുക്കുക. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്.

ഇക്കാര്യം ബഹുമാനപ്പെട്ട വികാരിമാർ ഞായറാഴ്ച കുർബാന മദ്ധ്യേ ആളുകളെ അറിയിക്കണം. ഇനി മുതൽ ബധിരരും മൂകരും ആയിട്ടുള്ള യുവതിയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം..

2018 ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള രണ്ടു വിവാഹ ഒരുക്ക കോഴ്സുകളാണ് പിഒസിയിൽ ഒരുക്കിയിരിക്കുന്നത്: 1) ഏപ്രിൽ **13, 14, 15** 2) നവംബർ **9, 10, 11**

**ബന്ധപ്പെടേണ്ട വിലാസം:**

**സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ പിഒസി, പാലാരിവട്ടം**

കൊച്ചി – 682 025, ഫോൺ : 9995028229, 9495812190

Email: kcbcfamilycommission@gmail.com;

Website: www.kcbcfamilycommission.org

## അറിയിപ്പ്

സീറോ മലബാർ സഭയുടെ വിവാഹവാഗ്ദാനക്രമ പുസ്തകം 2018 ജനുവരി 25 ന് പ്രാബല്യത്തിൽ വരത്തക്ക വിധം സീറോ മലബാർ സിനഡ് പ്രസിദ്ധീകരിച്ചിരിക്കുന്നു. പ്രസ്തുത പുസ്തകം സെന്റ് തോമസ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില കോപ്പി ഒന്നിന് 10 രൂപ.

## സർക്കുലർ - 230

# ദീപനാളം വാരിക സുവർണജൂബിലി നിറവിൽ

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ,

ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് 1968 ഫെബ്രുവരി 22 നു തുടക്കം കുറിച്ച ദീപനാളം വാരിക അതിന്റെ അമ്പതാംപിറന്നാൾ ആഘോഷിക്കുകയാണല്ലോ. മൂല്യാധിഷ്ഠിതപത്രപ്രവർത്തനരംഗത്ത് കെടാത്ത ദീപമായി ജ്വലിച്ചു നില്ക്കാൻ ഈ അരനൂറ്റാണ്ടുകാലത്ത് ദീപനാളത്തിനു കഴിഞ്ഞു എന്നത് അഭിമാനാർഹമായ വലിയ കാര്യമാണ്.

മീനച്ചിൽ താലൂക്കിന്റെ തലസ്ഥാനനഗരിയായ പാലായിൽനിന്ന് കലാസാംസ്കാരികത്തറവാടിത്തമുള്ള ഒരു പത്രം പുറത്തിറങ്ങണമെന്നത് വയലിൽപിതാവിന്റെ വലിയൊരു സ്വപ്നമായിരുന്നു. പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളജ് അങ്കണത്തിൽ ഇന്ത്യൻ പ്രൊനുൺഷ്യോ മോസ്റ്റ് റവ. ഡോ. കാപ്രിയോ പിതാവിന്റെയും പാലാ, തലശ്ശേരി രൂപതകളിലെ അഭിവന്ദ്യപിതാക്കന്മാരുടെയും വമ്പിച്ച ജനാവലിയുടെയും മഹനീയസാന്നിദ്ധ്യത്തിൽ പൗരസ്ത്യതിരുസംഘം പ്രീഫെക്ട് കർദ്ദിനാൾ മാക്സിമില്യൻ ഡി ഫ്യൂർസ്റ്റൺബർഗ് തിരുമേനിയാണ് സഹസ്രദീപം കൊളുത്തി ദീപനാളത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്.

രാമപുരത്തുവാര്യർ, പാറേമ്മാക്കൽ ഗോവർണദോർ, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള തുടങ്ങിയ സാഹിത്യനായകന്മാർക്കു ജന്മം നല്കിയ മീനച്ചിൽപ്രദേശത്തെ നാനാജാതി മതസ്ഥരായ ആളുകളുടെ കലാസാഹിത്യവാസനകളെ

പരിപോഷിപ്പിക്കുന്നതിന് ദീപനാളം എക്കാലവും ശ്രദ്ധിച്ചിരുന്നു എന്നത് തർക്കമറ്റ കാര്യമാണ്. അരനൂറ്റാണ്ടുകാലത്തെ മഹിമയാർന്ന അക്ഷരസേവ ഇനിയും നിർലോപം തുടരുക തന്നെ വേണം.

ഉത്തമരായ എഴുത്തുകാരും വായനക്കാരുമാണ് ദീപനാളത്തിന്റെ കരുത്തുറ്റ സഹകാരികൾ. മതധാർമ്മികമൂല്യങ്ങൾ വിളമ്പുന്ന ഒരുത്തമ കുടുംബവാരിക എന്ന നിലയിൽ നമ്മുടെ കുടുംബങ്ങളിലും, സത്യസനാതനമൂല്യങ്ങൾ പകരുന്ന ഒരുത്തമപ്രസിദ്ധീകരണം എന്ന നിലയിൽ നമ്മുടെ സ്കൂളുകളിലും കോളജുകളിലും ദീപനാളത്തിന് വാതിൽ തുറന്നുകൊടുക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ആദ്യപത്രാധിപരായിരുന്ന റവ. ഡോ. എബ്രാഹം വടക്കേലച്ചനെയും ദേവസ്യാ അഞ്ഞൂറ്റിമംഗലം സാറിനെയും അത്യാദരവോടെ അനുസ്മരിക്കുന്നു. നിലവിലുള്ള പത്രാധിപസമിതിയംഗങ്ങൾക്ക് അനുമോദനങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു.

സുവർണജൂബിലിവർഷം നടത്തിയ സാഹിത്യകാര സൗഹൃദസംഗമവും ദീപനാളം കുടുംബസംഗമവും സാഹിത്യ സംവാദവും ശില്പശാലയും രചനാമത്സരങ്ങളും ഏറെ ശ്രദ്ധിക്കപ്പെടുകയുണ്ടായി. സുവർണജൂബിലി സമാപനപൊതുസമ്മേളനം ഫെബ്രുവരി 17 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ ളാലം സെന്റ് മേരീസ് പാരീഷ് ഹാളിൽവച്ച് നടത്തപ്പെടുന്നു. മതരാഷ്ട്രീയസാംസ്കാരികരംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പ്രസ്തുതസമ്മേളനം ഒരു വൻ വിജയമാക്കിത്തീർക്കുവാൻ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ അറിയിക്കേണ്ടതാണ്.

## സർക്കുലർ - 231

# 2018 കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ച്ഡീക്കൻ തീർത്ഥാടന പള്ളി

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ,

കത്തോലിക്കാസഭ വിവിധ വ്യക്തിസഭകളുടെ കൂട്ടായ്മയാണല്ലോ. ഈ കൂട്ടായ്മയിൽപ്പെട്ട 24 വ്യക്തിസഭകളിൽപ്പെടുന്ന പല സഭകൾക്കും തങ്ങളുടേതായിട്ടുള്ള പദവി വൈദികർക്കും അത്മായർക്കും പള്ളികൾക്കുമൊക്കെ നൽകുന്ന രീതി നിലവിലുണ്ട്. ഉദാഹരണമായി ലത്തീൻ സഭയിലെ പ്രമുഖപള്ളികൾക്ക് ബസലിക്ക പദവി നൽകുക പതിവാണല്ലോ. അതനുസരിച്ചുള്ള നാല് മേജർ ബസലിക്കകൾ റോമിലും റോമിനോട് ചേർന്ന പ്രാന്തപ്രദേശത്തുമായുണ്ട്. മറ്റ് സ്ഥലങ്ങളിൽ മൈനർ ബസലിക്ക പദവികളും നൽകി വരുന്നുണ്ട്. കുറവിലങ്ങാട് പള്ളിക്കും ഒരു സ്വയാധികാര സഭയായ സീറോ മലബാർ സഭയുടെ അംഗീകാരം ലഭിക്കുവാനുള്ള താൽപര്യമാണ് നമുക്കുണ്ടായിരുന്നത്. അതനുസരിച്ചുള്ള അപേക്ഷ സിനഡിന് സമർപ്പിക്കുകയും ചെയ്തിരുന്നു.

സീറോ മലബാർ സഭയുടെ ഈ ജനുവരി 8 മുതൽ 11 വരെ സമ്മേളിച്ച സിനഡ് കുറവിലങ്ങാട് ഇടവകയുടെ ആവശ്യം വിശദമായി ചർച്ചചെയ്യുകയും സഭ ഒരു പള്ളിക്ക് നൽകുന്ന പരമോന്നത പദവിയായ മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാനം ഈ പള്ളിക്ക് നൽകാൻ തീരുമാനിക്കുകയും

ചെയ്തു. പള്ളിയുടെ പ്രതിനിധി യോഗവും പൊതുയോഗവും സിനഡ് അതിന്റെ അംഗീകാരത്തിനായി മുൻപോട്ടുവെച്ച നിബന്ധനകൾ ഐക്യകണ്ഠ്യേന അംഗീകരിച്ചതിന്റെ ഫലമായി സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ് മാർ ജോർജ് കാർഡിനൽ ആലഞ്ചേരി ഇക്കഴിഞ്ഞ ജനുവരി 21-ാം തീയതി ഞായറാഴ്ച കുറവിലങ്ങാട്ട് നേരിട്ട് എത്തുകയും വിശുദ്ധ കുർബാന മദ്ധ്യേ ഇക്കാര്യം നേരിട്ട് പ്രഖ്യാപിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച ഇംഗ്ലീഷിലുള്ള ഡിക്രി രൂപതാദ്ധ്യക്ഷനെന്ന നിലയിൽ ഞാനും അതിന്റെ മലയാളം വിവർത്തനം നമ്മുടെ രൂപതാ ചാൻസിലറും വിശുദ്ധ കുർബാന മദ്ധ്യേ പരസ്യമായി വായിക്കുകയും ചെയ്തു. അതിമനോഹരമായി നവീകരിച്ച പള്ളിയും അത്ഭുത ഉറവയും തദവസരത്തിൽ അഭിവന്ദ്യ മേജർ ആർച്ച്ബിഷപ് വെഞ്ചരിക്കുകയുണ്ടായി. വെഞ്ചരിപ്പ് കർമ്മത്തിനെത്തിയ ജനസാഗരം കുറവിലങ്ങാടിന്റെ പ്രധാന്യവും ഗരിമയും വ്യക്തമാക്കുന്നതായിരുന്നു. നമ്മുടെ മുൻ രൂപാതാദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവും ഗ്രേറ്റ് ബ്രിട്ടൺ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ പിതാവും ഞാനും തദവസരത്തിൽ സഹകാർമികരായിരുന്നു.

കുറവിലങ്ങാട് സീറോമലബാർ പാരമ്പര്യത്തിന്റെ ഗർഭഗൃഹമായിട്ടാണ് എനിക്ക് തോന്നുന്നത്. പാരമ്പര്യത്തിന്റെ അമ്മവീടാണത്. ഗർഭഗൃഹമാണ് ഏറ്റവും നല്ല വീട്. മാതാവിന്റെ ഉദരമാണ് നല്ല തറവാട്. വാസ്തവത്തിൽ അതാണ് അമ്മവീട്. കുറവിലങ്ങാടാകുന്ന ട്രഷർ ഹൗസ് നമ്മൾ തുറക്കുമ്പോഴും പഠിക്കുമ്പോഴും മനസിലാക്കുമ്പോഴും അത്ഭുതമുളവാകുകയാണ്. Vicenzo di Maria യെപ്പോലുള്ളവർ കുറവിലങ്ങാടിനെ ഏറ്റവും പഴയ പള്ളിയെന്നും മേരി മേജർ പള്ളിയെന്നുമൊക്കെ നൂറ്റാണ്ടുകൾക്ക് മുമ്പേ വിശേഷിപ്പിച്ചിട്ടുണ്ടല്ലോ. ലോകത്തിലെ തന്നെ ഏറ്റവും പഴക്കം ചെന്ന ദൈവാലയങ്ങളിലൊന്നായ കുറവിലങ്ങാട്, മാതാവിന്റെ നാമത്തിലുള്ള പ്രഥമ ദൈവാലയമായി കണക്കാക്കപ്പെടുന്നു. കുറവിലങ്ങാട്ട് വിശുദ്ധ കുർബാനയർപ്പിച്ച് സംസാരിക്കവേ നമ്മുടെ സഭാ തലവൻ

അഭിവന്ദ്യ ആലഞ്ചേരിൽ ശ്രേഷ്ഠമെത്രാപ്പോലീത്ത ഇപ്രകാരം പറഞ്ഞു:

രക്ഷ ഒന്നാം നൂറ്റാണ്ടുമുതൽ അനുഭവിച്ചുവരുന്ന ഒരു ജനതയുടെ പിൻമുറക്കാരാണ് കുറവിലങ്ങാട്ടുള്ളത്. ഇത് ചിന്തിക്കുമ്പോൾ നമ്മുടെ മഹത്വവും മുന്നോട്ടുപോകാനുള്ള ഉത്തരവാദിത്വവും കൂടുതൽ നമ്മളെ ഓർമ്മപ്പെടുത്തുന്നു. മുൻപ് ഞാൻ പറഞ്ഞിരുന്നു കുറവിലങ്ങാട് സീറോ മലബാർ സഭയുടെ ജറുസേലാമാണെന്ന്. ഇപ്പോൾ ഞാൻ പറയുന്നു, കുറവിലങ്ങാട് മാർത്തോമ്മാ നസ്രാണിമക്കളുടെ ജറുസലേമാണ്. മാർത്തോമ്മാ ശ്ലീഹായിലൂടെ നമ്മുടെ കർത്താവിൽ വിശ്വസിച്ചവരുടെ ആദ്യ ഭവനമാണിത്. ഗർഭഗൃഹമെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് വിശേഷിപ്പിച്ച ഭവനം. നമുക്ക് പിള്ളത്തൊട്ടിൽ ഏഴെണ്ണമുണ്ട്. അവിടെ നിന്നൊക്കെ വളർന്ന ദൈവജനമാണ്, പിന്നീട് ആ ദൈവജനത്തോട് ചേർക്കപ്പെട്ട സമൂഹമാണ് ഇന്നത്തെ സീറോ മലബാർ സഭ. എന്നാൽ മാർത്തോമ്മായുടെ ആദ്യത്തെ വളർന്നുപന്തലിച്ച ഭവനമായിട്ട് ഈ കുറവിലങ്ങാട് തീർന്നു. അതിന്റെ ഭാഗമായി മാർത്തോമ്മാ മക്കളെ മുഴുവൻ ഭരിക്കുന്ന സംവിധാനവും ഇവിടെ ഉണ്ടായി. ലത്തീൻ ഭരണം വന്നപ്പോഴും പറമ്പിൽ ചാണ്ടിമെത്രാനെ വാഴിക്കുവാനായി മാർ സെബസ്ത്യാനി മെത്രാപ്പോലീത്ത ഇവിടെ വന്നു. ഇവിടെ വികാരിയായിരുന്ന ചാണ്ടിയച്ചനെ ചാണ്ടിമെത്രാനാക്കി. അദ്ദേഹം പണിത വിശുദ്ധ സെബസ്ത്യാനോസിന്റെ ദൈവാലയം ഇവിടെയുണ്ട്.

പാലയൂരിലെ പ്രമുഖ കുടുംബങ്ങൾക്ക് മാർത്തോമ്മാ ശ്ലീഹായിൽനിന്ന് നേരിട്ട് മാമ്മോദീസാ സ്വീകരിച്ചതുവഴി ലഭിച്ച വിശ്വാസം ജീവിക്കുവാൻ വിളി ലഭിച്ചത് കുറവിലങ്ങാട്ടായിരുന്നു. മാമ്മോദീസാ സ്വീകരിച്ച് വൈകാതെ പാലയൂരിൽ നിന്ന് കുറവിലങ്ങാട്ടെത്തി താമസം ഉറപ്പിച്ച പകലോമറ്റം, കള്ളി, കാളികാവ്, ശങ്കരപുരി എന്നീ നാല് കുടുംബക്കാർ കുറവിലങ്ങാട് വിശ്വാസി സമൂഹത്തിന്റെ ആരംഭകാലത്തെ ക്രൈസ്തവ സമൂഹത്തിന് ഓജസും തേജസും പകർന്നുനൽകി. മാർ

ത്തോമ്മാശ്ലീഹായുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തതായി റമ്പാൻപാട്ട് സാക്ഷ്യപ്പെടുത്തുന്ന കടപ്പൂർ റമ്പാൻ വിശാല കുറവിലങ്ങാടിന്റെ ധീരപുത്രനായിരുന്നുവല്ലോ. വിശ്വാസികളുടെ ഒരു പ്രവാഹം തന്നെ ഒന്നാംനൂറ്റാണ്ടിന്റെ അവസാനത്തിലും രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി കുറവിലങ്ങാട്ടേയ്ക്കുണ്ടായി എന്ന് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു. ഈ പ്രവാഹത്തിന് കാരണം പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണമാണെന്നാണ് വിലയിരുത്തപ്പെടുന്നത്.

മരിയഭക്തി ശ്ലൈഹികപാരമ്പര്യത്തോട് ചേർന്നുനിൽക്കുന്നതാണ്. തോമാശ്ലീഹായിലൂടെയാണ് നമുക്കത് ലഭ്യമായത്. Transitus Mariae എന്ന നാലാം നൂറ്റാണ്ടിലെ രേഖ വ്യക്തമാക്കുന്നതുപോലെ, പരിശുദ്ധ അമ്മയും തോമാശ്ലീഹായും തമ്മിലുള്ള അഭേദ്യ ബന്ധമാണ് പരിശുദ്ധ അമ്മയുടെ സുനാറ (അരക്കെട്ട്) തോമാശ്ലീഹായ്ക്ക് ലഭിക്കുവാൻ കാരണമായതെന്ന് ന്യായമായും അനുമാനിക്കാം. ഈശോയുടെ ഈ അപ്പസ്തോലൻ പരിശുദ്ധ അമ്മയുടെ പ്രിയശിഷ്യൻ കൂടിയായിരുന്നു. ദിദിമോസ് എന്ന് അറിയപ്പെട്ടിരുന്ന തോമസ് ആ പേര് സൂചിപ്പിക്കുന്നതുപോലെ, ഇരട്ടപിറന്നവൻ ആയി കണക്കാക്കപ്പെട്ടിരുന്നു. ഈശോയ്ക്ക് ഇരട്ടപിറന്നവനാണ് തോമസ് എന്ന് പ്രബലമായ വ്യാഖ്യാനത്തിന് കാരണം മുഖഛായയിൽ ഈശോമിശിഹായെ പ്രതിഫലിപ്പിക്കുന്നവനായിരുന്നു തോമസ് എന്നതാണ്. തോമാശ്ലീഹാ എവിടെയൊക്കെ സുവിശേഷം പ്രസംഗിച്ചുവോ അവിടെയെല്ലാം പരിശുദ്ധ അമ്മയോടുള്ള ഭക്തിയും പ്രഘോഷിക്കപ്പെട്ടിട്ടുണ്ടാകണം. അതിനാൽ തോമാശ്ലീഹാ സ്ഥാപിച്ച സമൂഹങ്ങൾക്ക് പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണം നടന്ന കുറവിലങ്ങാട്ടേക്ക് കുടിയേറുകയെന്നത് മാതൃകരങ്ങളിൽ തങ്ങളെത്തന്നെ കൈയ്യാളിക്കുന്ന ശിശുസഹജമായ സന്തോഷത്തിന്റേയും സുരക്ഷിതത്വത്തിന്റേയും അനുഭവമായിരുന്നു. പരിശുദ്ധ അമ്മയോടുള്ള ഇവിടുത്തെ ദൈവജനത്തിന്റെ ഭക്തിയാകാം പലപ്രാവശ്യം ഇവിടെ പ്രത്യക്ഷപ്പെടുവാൻ പരിശുദ്ധ അമ്മയെ പ്രേരിപ്പിച്ചത്.

## മരിയൻ പ്രത്യക്ഷീകരണങ്ങൾ

മനോഹരമായ ദൈവാലയവും നീധിരിയ്ക്കൽ മാണിക ത്തനാരുടേയും പനംങ്കുഴ വല്യച്ചന്റേയും പറമ്പിൽ ചാണ്ടി മെത്രാന്റേയും പാരമ്പര്യം മാത്രമല്ല നമുക്കുള്ളത്. പരിശുദ്ധ അമ്മയുടെ ആശീർവാദം ഇവിടെയുണ്ട്. ഇനി നമുക്ക് ഏറ്റെ ടുക്കാനുള്ള ദൗത്യം അതാണ്. ഇവിടെ അമ്മ ആദ്യനൂറ്റാണ്ടിന്റെ അവസാനത്തിലോ രണ്ടാംനൂറ്റാണ്ടിന്റെ ആരംഭത്തിലോ തന്നെ പ്രത്യക്ഷപ്പെട്ടുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നിഷ്കള ങ്കരായ കുഞ്ഞുങ്ങൾക്കാണ് ഇവിടേയും അമ്മ പ്രത്യക്ഷപ്പെ ട്ടത്. ആ പ്രത്യക്ഷപ്പെടലിന്റെ ആരംഭം മുതൽ അതിനുശേഷ മുണ്ടായിട്ടുള്ള അത്ഭുതങ്ങളും എല്ലാം ചരിത്രമെഴുതി തീർച്ച യായും ജനമധ്യേ ജനങ്ങൾക്ക് നന്മവിതറുന്ന ദൈവാലയമായി മാറണം. അത്ഭുത സ്ഥലമാക്കി മാറ്റാൻ നമുക്ക് ഉത്തരവാദി ത്വമുണ്ട്. അതേക്കുറിച്ച് ഗവേഷണവും പ്രഘോഷണവും നട ത്തുവാനും ജനമദ്ധ്യത്തിൽ ജ്ഞാനം നൽകാനും നാം കൂടു തൽ ശ്രദ്ധിക്കണം. അനേകായിരങ്ങൾ ഇവിടെ വർഷം തോറും വരുന്നുണ്ട്. അതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് നമ്മുടെ സിനഡ് ഇപ്പോൾ നമ്മൾ ആഗ്രഹിച്ചതുപോലെ ഇവിടെ പുതിയ സന്തോഷം അറിയിക്കുന്നത്. സിനഡ് പിതാക്കന്മാ രെല്ലാവരും കുറവിലങ്ങാടിന്റെ മഹത്വം മനസിലാക്കുന്നുണ്ട്. ഇനി ഇത് കൂടുതൽ മനസിലാകുമെന്നതിന് സംശയ മില്ല. അത്ഭുത ഉറവയെ സംബന്ധിച്ച് സഭാതലവൻ അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ സാക്ഷ്യവും ആഹ്വാനവുമാണ് ഇത്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലോ രണ്ടാംനൂറ്റാണ്ടിന്റെ ആരംഭത്തിലോ പരിശുദ്ധ അമ്മ കുട്ടികൾക്കും തുടർന്ന് അവ രുടെ മാതാപിതാക്കൾക്കും കുറവിലങ്ങാട് പ്രത്യക്ഷപ്പെട്ടത് ലോക ചരിത്രത്തിൽ ഇത്തരത്തിൽ പ്രതിപാദിക്കപ്പെടുന്ന ആദ്യ സംഭവമാണ്. തുടർന്ന് പല നൂറ്റാണ്ടുകളിലും മരിയൻ പ്രത്യ ക്ഷീകരണത്തിന് കുറവിലങ്ങാട് വേദിയായിട്ടുണ്ട്. ആദ്യത്തെ പ്രത്യക്ഷീകരണത്തിൽ വിശന്നും ദാഹിച്ചും വലഞ്ഞ കുട്ടി കൾക്ക് കല്ലുകൾ അപ്പമാക്കി കൊടുത്തും കൈ കൊണ്ട്

നീരുറവ തെളിച്ച് നൽകിയും ശക്തിപ്പെടുത്തി. കുട്ടികൾ സാക്ഷ്യപ്പെടുത്തിയതറിഞ്ഞ് എത്തിയ മാതാപിതാക്കന്മാരെ ദൈവാലയം പണിയേണ്ട സ്ഥലം ചൂണ്ടിക്കാണിച്ചു. പള്ളിമുറ്റത്തിന് വെറും രണ്ടരയടി മാത്രം താഴ്ചയുള്ള ഈ നീരുറവ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇന്നും ഒരു മഹാത്ഭുതമാണ്. ആരോഗ്യം, ജോലി, ജീവിതവിജയം, വിവാഹം, സന്താനഭാഗ്യം തുടങ്ങി നിരവധി അനുഗ്രഹങ്ങൾ ഈ അത്ഭുത ഉറവയിലെ ജലം വഴി ലഭിക്കുന്നതായുള്ള സാക്ഷ്യങ്ങൾ നിരവധിയാണ്. പള്ളി മുറ്റത്തിന് കൂടുതൽ സൗകര്യം ഉറപ്പാക്കിയും അത്ഭുത ഉറവയ്ക്ക് കൂടുതൽ സ്വഭാവികത നൽകിയും ഇപ്പോൾ ദൃശ്യവൽക്കരച്ചിട്ടുണ്ട്.

## അർക്കദിയാക്കോന്മാർ കുറവിലങ്ങാടിന്റെ മക്കൾ

നാലാം നൂറ്റാണ്ട്മുതൽ പതിനാറാം നൂറ്റാണ്ടുവരെ അവിഭക്ത നസ്രാണി സമൂഹത്തെ നയിച്ച ആചാര്യശ്രേഷ്ഠന്മാരായിരുന്നല്ലോ അർക്കദിയാക്കോന്മാർ (ആർച്ച് ഡീക്കന്മാർ) അഥവാ ജാതിക്ക് കർത്തവ്യർ. ഇവരെല്ലാവരും പകലോമറ്റം കുടുംബത്തിൽ നിന്നായിരുന്നുവെന്നത് ശ്രദ്ധേയമാണ്. ഇന്ത്യ മുഴുവന്റേയും ആർച്ച്ഡീക്കൻ ആയിരുന്ന അദ്ദേഹം വൈദികരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ആളായിരുന്നു. ഒരു ലക്ഷത്തോളം വരുന്ന സൈന്യബലവും അദ്ദേഹത്തിനുണ്ടായിരുന്നുവെത്രെ. അതുകൊണ്ടുതന്നെ പല പ്രാദേശിക ഭരണകൂടങ്ങളും അദ്ദേഹത്തെ ആശ്രയിച്ചിരുന്നു. നസ്രാണി സമൂഹത്തിന്റെ ഐക്യം വിളക്കിച്ചേർത്തിരുന്നതും അഭിമാനം ഉണർത്തിയിരുന്നതുമായ ദൗത്യമാണ് അർക്കദിയാക്കോനുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ സുശക്തവും ഏകീകൃതവുമായ നേതൃത്വത്തിൽ നസ്രാണികൾ അഭിമാനംകൊണ്ടിരുന്നു. ഇന്ന് നസ്രാണികത്തോലിക്കരായ സീറോ മലബാർ, സീറോ മലങ്കര സഭാംഗങ്ങളെപ്പോലെ തന്നെ ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ, ശൂറായ സഭകളിൽപ്പെട്ടവർ പകലോമറ്റം തറവാട് പള്ളി സന്ദർശിക്കുന്നത് അർക്കദിയാക്കോന്മാരുടെ കബ

റിടം സ്ഥിതി ചെയ്യുന്ന പള്ളിയെന്ന നിലയിലും കുറവില ങ്ങാട് പള്ളിയിലെത്തുന്നത് അർക്കദിയാക്കോന്മാരുടെ പ്രവ ർത്തന കേന്ദ്രം എന്ന നിലയിലും പരിശുദ്ധ അമ്മയുടെ പേരി ലുള്ള ആദ്യ ദൈവാലയം എന്ന നിലയിലുമാണ്. പൗരസ്ത്യ സുറിയാനി സഭയിൽനിന്നും വന്നിരുന്ന മെത്രാന്മാർ ആ ദ്ധ്യാത്മിക നേതൃത്വത്തിൽ മാത്രമായി ശ്രദ്ധ കേന്ദ്രീകരിച്ച പ്പോൾ പള്ളിയോഗം ഉൾപ്പെടെയുള്ള ഭരണസംവിധാനങ്ങളുടെ നേർച്ചുമതലക്കാരൻ അർക്കദിയാക്കോന്മാർ തന്നെയായിരുന്നു. ഈ പ്രാധാന്യം ഉൾക്കൊണ്ടതിനാലാകാം അങ്കമാലിയിൽ നട ന്ന സമ്മേളനത്തിലേയ്ക്ക് അർക്കദിയാക്കോന്റെ അഭാവത്തിൽ സമ്മേളന അദ്ധ്യക്ഷനായി കുറവിലങ്ങാട് വികാരി ക്ഷണിക്ക പ്പെട്ടത്.

## ധീരത്രയവും തീർത്ഥാടന ത്രയവും

ആദ്യ ഏതദ്ദേശിയ മെത്രാനായ പറമ്പിൽ ചാണ്ടി മെത്രാനും 474 വർഷം തുടർച്ചയായി ശ്രാദ്ധം നടത്തപ്പെട്ടു വരുന്ന പുണ്യശ്ലോകൻ പനങ്കുഴയ്ക്കൽ വല്യച്ചനും നവ നസ്രാണി സമൂഹത്തിന്റെ പ്രമുഖ ശില്പികളിൽ ഒരാളായ നിധീരിക്കൽ മാണിക്കത്തനാരും കുറവിലങ്ങാടിന്റെ സ്വന്തം മക്കളാണ്. പറമ്പിൽ ചാണ്ടി മെത്രാനെ വാഴിച്ച മരിയ സെബ സ്ത്യാനി മെത്രാൻ അവസാന നാലുമാസക്കാലം തന്റെ പ്രവർ ത്തന കേന്ദ്രമാക്കിയതും പറമ്പിൽ ചാണ്ടിമെത്രാൻ വികാരി യെന്ന നിലയിലും മെത്രാനെന്ന നിലയിലും പ്രവർത്തിച്ചതും കുറവിലങ്ങാട് കേന്ദ്രമാക്കിയാണ്. കോട്ടയം വികാരിയാത്തിന്റെ പൊന്തിഫിക്കൽ അധികാരങ്ങളൊടുകൂടിയ വികാരി ജനറാളാ യിരുന്ന നിധീരിക്കൽ മാണിക്കത്തനാർ കുറവിലങ്ങാടിന്റെ കരു ത്തുറ്റ വികാരിയായിരുന്നപ്പോൾ കോട്ടയം വികാരിയാത്തിന്റെ ആസ്ഥാനമാകുമെന്ന ചിന്തയിൽ കുറവിലങ്ങാട്ട് പണിതീർത്ത വൈദിക മന്ദിരം ഇന്ന് ഒരു നൂറ്റാണ്ടിന് ശേഷം പതിറ്റാണ്ടുകൂടി പിന്നിട്ടിട്ടും ഒളിമങ്ങാതെ നിൽക്കുന്നു. ഈ മൂന്നു പേരും കുറ വിലങ്ങാടിന്റെ ധീരത്രയം പേരിനും അർഹരാണ്.

അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ വാക്കുകളിൽ പറഞ്ഞാൽ പറമ്പിൽ ചാണ്ടിമെത്രാൻ, നീധിരിയ്ക്കൽ മാണിക്കത്തനാർ, പനംങ്കുഴയ്ക്കൽ വല്യച്ചൻ എന്നിവരെ പ്രത്യേകം സ്മരിക്കുന്നു. നമ്മുടെ സമൂഹത്തെ ഒന്നിപ്പിക്കുന്നതിനായി ഭിന്നതകൾ ഉള്ളിടത്തെല്ലാം ഐക്യത്തിന് വേണ്ടി നിലകൊള്ളുകയും ചെയ്ത ഒരു വലിയ ദീർഘവീക്ഷണമുള്ള സഭാശുശ്രൂഷകനായിരുന്നു മാണിക്കത്തനാർ .

മർത്ത്മറിയം ഇടവക ദൈവാലയവും വിശുദ്ധ സെബസ്ത്യാനോസിന്റെ പേരിലുള്ള ദൈവാലയവും പകലോമറ്റം തറവാട് പള്ളിയും ദിവസേന ആയിരക്കണക്കിന് തീർത്ഥാടകരെ ആകർഷിക്കുന്ന, ഇടവകയുടെ പൊതുപൈതൃകങ്ങളാണ്. ഈ തീർത്ഥാടന ത്രയം പലകാരണങ്ങൾക്കൊണ്ട് ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞു.

## കുറവിലങ്ങാട് ഇടവകയും മർത്ത്മറിയം ദൈവാലയവും

കുറവിലങ്ങാട്ട് എഡി 105ൽതന്നെ ക്രൈസ്തവസമൂഹമായി രൂപപ്പെട്ടു. കാലാകാലങ്ങളിൽ അതത് കാലത്തിന് ചേരുന്ന രീതിയിൽ ദൈവാലയം പണിതിരുന്ന പൂർവികരോടുള്ള കടപ്പാട് പൂർത്തീകരിക്കത്തക്ക രീതിയിൽ കല്ലും തടിയും ഉപയോഗിച്ചുള്ള ദൈവാലയം പണിയുവാൻ 1600കളുടെ ആരംഭത്തിൽതന്നെ ഇവിടുത്തെ ദൈവജനം ശ്രദ്ധിച്ചു. ഉദയംപേരൂർ സൂനഹദോസിനോടനുബന്ധിച്ച് 1599 ജൂണിനും നവംബറിനുമിടയിൽ കുറവിലങ്ങാട്ടെത്തിയ ഗോവൻ ആർച്ച് ബിഷപ് ഡോം അലക്സിസ് മേനേസിസ് അപ്രകാരമുള്ള ഒരു പള്ളിക്ക് തറക്കല്ലിട്ടതായി രേഖകൾ പറയുന്നു. പറമ്പിൽ ചാണ്ടിമെത്രാൻ വികാരിയായിരുന്ന കാലത്ത് പള്ളി പണി പൂർത്തീകരിക്കപ്പെട്ടു. തെക്കെ സങ്കീർത്തി എന്ന് അറിയപ്പെടുന്നതും പരിശുദ്ധ ദൈവമാതാവിന്റെ (കുറവിലങ്ങാട് മുത്തിയമ്മ) ഒറ്റക്കൽ രൂപം സ്ഥാപിതമായിരിക്കുന്നതുമായ അൾത്താര ഉൾപ്പെടുന്ന ഭാഗം നവീകരണത്തിന് വിധേയമായിക്കൊണ്ടിരുന്ന പള്ളിയുടെ ഒരു കാലഘട്ടത്തെ സൂചിപ്പിക്കുന്നു. വികാരിയായിരുന്ന ഫാ.

തോമസ് മണക്കാട്ടിന്റെ നേതൃത്വത്തിൽ 1960ൽ നിലവിലുള്ള പള്ളിയുടെ ഹൈക്കല പുനർനിർമ്മിക്കപ്പെട്ടപ്പോൾ അതിനു മുൻപുണ്ടായിരുന്ന മദ്ബഹയും ഇടത്തും വലത്തുമുള്ള സങ്കീർത്തികളും മുകളിലുള്ള മുറികളും അതേ രീതിയിൽ സംരക്ഷിക്കപ്പെട്ടു. അഞ്ചര പതിറ്റാണ്ടുകൾക്ക് ശേഷം ഇതേ പള്ളിയുടെ ഉൾവശം പൂർണ്ണമായി നവീകരക്കപ്പെടുകയും രണ്ട് വശങ്ങളിലും പൗരാണികത്വം നിറഞ്ഞ് നിൽക്കുന്ന രീതിയിൽ കൽമണ്ഡപങ്ങൾ നിർമ്മിക്കപ്പെടുകയും ചെയ്തപ്പോൾ ഈ പള്ളിയുടെ ചരിത്രത്തോട് ഒരു പുതിയ അദ്ധ്യായം എഴുതി ചേർക്കപ്പെട്ടു.

പതിനാറര കിലോമീറ്റർ ചുറ്റളവിൽ 3104 കത്തോലിക്കാ കുടുംബങ്ങൾ സ്വന്തമായുണ്ട് കുറവിലങ്ങാട് ഇടവകയ്ക്ക്. നാല് സന്യാസഭവനങ്ങളും ഒൻപത് സന്യാസിനി ഭവനങ്ങളും ആദ്ധ്യാത്മിക ശക്തിയുടെ കേന്ദ്രങ്ങളായി ഇടവകയിൽ പ്രവർത്തിക്കുന്നുണ്ട്. കുറവിലങ്ങാടിന്റെ പാരമ്പര്യമായിരുന്ന മല്പാനേറ്റിന് പകരമായിട്ടാവാം പല സന്യാസ, സന്യാസിനി ഭവനങ്ങളും അർത്ഥികളുടെ പരിശീലന കേന്ദ്രങ്ങൾക്കൂടിയാണ്.

## ദേവമാതായും സെന്റ് മേരീസും

മദ്ധ്യതിരുവതാംകൂറിലെ പ്രമുഖ വിദ്യാഭ്യാസ കേന്ദ്രങ്ങളിലൊന്നായി തലയുയർത്തി നിൽക്കുവാൻ കുറവിലങ്ങാടിനെ സഹായിക്കുന്നത് നാക് അക്രഡിറ്റേഷനിൽ എ ഗ്രേഡുള്ള ദേവമാതാ കോളജും ഉന്നതനിലവാരം പുലർത്തുന്ന സെന്റ് മേരീസ് ഹയർസെക്കന്ററി, ബോയ്സ് ഹൈസ്കൂൾ, ഗേൾസ് ഹൈസ്കൂൾ, ബോയ്സ് എൽപി, ഗേൾസ് എൽപി എന്നിവയെല്ലാം ചേർന്നുള്ള വിദ്യാഭ്യാസ സമുച്ചയമാണ്. നല്ല വിജയനിലവാരവും അച്ചടക്കവും പുലർത്തുന്ന ദേവമാതാ കോളജ് മലബാർ മേഖലയിൽ നിന്നടക്കമുള്ള വിദ്യാർത്ഥികളുടെ പ്രതീക്ഷയാണ്. സ്കൂളുകളിൽ സെന്റ് മേരീസ് ഹയർസെക്കന്ററി സ്കൂൾ അതിന്റെ ശതോത്തര രജതജൂബിലിയിലേയ്ക്കും

ഗേൾസ് എൽപി സ്കൂൾ ശതാബ്ദിയിലേക്കും പ്രവേശിച്ചിരിക്കുന്നു.

## മൂന്നുനോമ്പും കപ്പൽ പ്രദക്ഷിണവും

മൂന്നുനോമ്പ്, പത്താംതിയതി തിരുനാൾ, എട്ടുനോമ്പ് എന്നീ മൂന്ന് പ്രമുഖ തിരുനാളുകളിൽ കുറവിലങ്ങാടിന്റെ മുഖമുദ്രയായി അറിയപ്പെടുന്നത് ചൊവ്വാഴ്ചകളിലെ കപ്പൽ പ്രദക്ഷിണത്തോടുകൂടിയ മൂന്നുനോമ്പ് തന്നെയാണ്.

## കാരുണ്യം കുറവിലങ്ങാട്

കരുണയുടെ തലസ്ഥാനം എന്ന് വിശേഷിപ്പിക്കപ്പെടുമാറ് കാരുണ്യപ്രവർത്തനങ്ങളുടെ വലിയൊരു നിരതന്നെ കുറവിലങ്ങാട് ഇടവകയ്ക്ക് സ്വന്തമായുണ്ട്. ഇത് സവിശേഷമായ രീതിയിൽ പ്രകടമാക്കുന്നതായിരുന്നു കാരുണ്യവർഷത്തിലെ പ്രവർത്തനങ്ങൾ. കാരുണ്യവർഷത്തിലെ ഓരോ ദിനവും വീടൊന്നിന് അരലക്ഷം രൂപ ക്രമത്തിൽ നൽകിയാണ് ഇടവക നാനാജാതി മതസ്ഥരായവർക്ക് കൈത്താങ്ങായത്. 200 വീടുകൾക്ക് 20,000 രൂപ വീതം പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നൽകുകയുണ്ടായി. പള്ളിയുടെ കെട്ടിടങ്ങളിൽ വ്യാപാരം നടത്തുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ഡസനോളം വ്യാപാരികൾക്ക് വാടക ഇളവും കാരുണ്യവർഷത്തിന്റെ ഭാഗമായി നൽകി. കൂടാതെ ഇടവകാംഗങ്ങളെ സഹകരിപ്പിച്ച് സ്വന്തമായി സ്ഥലമില്ലാതിരുന്ന പതിനഞ്ച് കുടുംബങ്ങൾക്ക് വീട് വെയ്ക്കുവാൻ മൂന്ന് സെന്റിൽ കുറയാത്ത രീതിയിൽ സ്ഥലവും നൽകുകയുണ്ടായി. വിവാഹം, വിദ്യാഭ്യാസം, ചികിത്സ, ഭവനനിർമ്മാണം എന്നീ തലങ്ങളിൽ കുറവിലങ്ങാടിന്റെ കാരുണ്യപദ്ധതി കാരുണ്യം കുറവിലങ്ങാട് എന്ന പേരുതന്നെ മുഖമുദ്രയായി സ്വീകരിച്ച് വർധിതമായ രീതിയിൽ മുൻപോട്ട് പോകുകയാണ്.

## നവീകരണത്തിലെ സവിശേഷതകൾ

ദൈവാലയത്തിൽ എത്തുന്ന പരമാവധിയാളുകളെ അതിൽ ഉൾക്കൊള്ളുന്നതിന് വേണ്ടി ഇരുവശങ്ങളിലും പൗരാണികത്വം

ചോർന്നുപോകാതെ കൂടുതൽ സ്ഥലലഭ്യത ഉറപ്പാക്കുന്ന നിർമ്മാണവും അകത്ത് പ്രവേശിക്കുന്നവർക്ക് ദൈവഭവനത്തിലേക്കാണ് തങ്ങൾ എത്തിയിരിക്കുന്നതെന്ന അനുഭവം സ്വഭാവികമായി ഉണ്ടാകുന്ന സാഹചര്യവുമാണ് നവീകരണത്തിലൂടെ ഇടവക ലക്ഷ്യമാക്കിയത്. ഈ ലക്ഷ്യങ്ങൾ ആഗ്രഹിച്ചതിലും ഒട്ടുംകുറയാതെ സാക്ഷാത്കരിക്കാൻ സാധിച്ചുവെന്നത് അഭിമാനമുണർത്തുന്നു.

അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ വാക്കുകളിൽ ഇവിടെ എത്തുമ്പോൾ ദൈവാലയത്തിന്റെ മദ്ബഹയുടെ മാഹാത്മ്യം വളരെയേറെ ത്രസിപ്പിക്കുമായിരുന്നു. ഹൈക്കലയ്ക്ക് എന്തോ കുറവുണ്ടെന്ന് തോന്നിയിരുന്നു. ഇപ്പോൾ മദ്ബഹ സ്വർഗസമാനമായിരിക്കുന്നു. നാം ഈ ദേവാലയത്തിലെത്തിയാൽ അറിയാതെ മദ്ബഹയിലേക്ക് നോക്കും. ഹൈക്കലയും മനോഹരമായിരിക്കുന്നു.

പരമാവധി കുറഞ്ഞ സമയംകൊണ്ട് കുറയ്ക്കാവന്നിടത്തോളം കുറഞ്ഞ ചെലവിൽ ഏറ്റവും ഭംഗിയയായി ദൈവാലയം നവീകരണം പൂർത്തിയാക്കാനായി. പൗരാണികത്വവും തനിമയും നഷ്ടപ്പെടാതെ നിർമ്മിച്ച ഇരുവശങ്ങളിലുമായി നിർമ്മിച്ച കൽമണ്ഡപങ്ങളിൽ ദൃശ്യമാകുന്ന 22 കൽത്തൂണുകൾ ബൈബിൾ ഭാഗങ്ങളും പാരമ്പര്യവും കമനീയമായി പ്രകടമാക്കുന്നു. കൊത്തുരൂപങ്ങളോട് ചേർന്നുള്ള സുറിയാനി ലിഖിതങ്ങൾ പണ്ഡിതന്മാർക്ക് പഠനവിഷയങ്ങളാണ്. അതുപോലെ ദൈവാലയത്തിനുചുറ്റും കരിങ്കൽ പടികൾ പഴമ വിളിച്ചോതുന്നു. ദൈവാലയത്തിനകത്തുള്ള നവീകരണ പ്രവർത്തനങ്ങൾ നിരവധിയാണ്. ഇവയെല്ലാം ദൈവാനുഭവം എന്ന ഒരേ ലക്ഷ്യം മുൻനിറുത്തിയാണ്. മദ്ബഹയിലെ കലാരൂപങ്ങൾ വ്യക്തമാകത്തക്ക രീതിയിലുള്ള പെയിന്റിംഗ് വളരെ ഉപകാരപ്രദമാണ്. മദ്ബഹയുടെ ഇടത്തുംവലത്തുമുള്ള ഭിത്തിയിലെ ചിത്രങ്ങൾ ഈശോയുടെ ദൈവാലയത്തിലെ സമർപ്പണത്തിന്റേയും ജ്ഞാനസ്നാനത്തിന്റേയും രംഗങ്ങളാണ്.

ബേമ്മയുടെ മുകളിലെ ഭിത്തിയിലുള്ള പരിശുദ്ധ അമ്മയുടെ കിരീടധാരണം ഗ്ലാസ് മൊസൈക്കിൽ തീർത്തതാണ്. ബേമ്മയുടെ രണ്ട് വശങ്ങളിലുമുള്ള സൈഡ് അൾത്താരകൾ തേക്കിൻ തടിയിൽ തീർത്തവയും നിലവിലുണ്ടായിരുന്ന ഗ്രാനൈറ്റ് അൾത്താരകൾക്ക് പകരമുള്ളവയുമാണ്. പള്ളിക്ക് സ്വന്തമായുള്ള വിശുദ്ധ കുരിശിന്റെ തിരുശേഷിപ്പ് സൈഡ് അൾത്താരയിലെ പേടകത്തിലും വിശുദ്ധരുടെ തിരുശേഷിപ്പുകൾ ബെദ്സഹദയിലും സൂക്ഷിക്കപ്പെടുന്നു. ബെദ്സഹദയുടെ മുകളിലായി ലൂക്കാ സുവിശേഷകൻ വരച്ച ദൈവമാതാവിന്റെ ചിത്രത്തിന്റെ തനി പകർപ്പാണ് പ്രതിഷ്ഠിച്ചിരിക്കുന്നു. ദൈവാലയത്തിൽ പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം ഉൾക്കൊള്ളുന്ന തെക്കേസങ്കീർത്തിയും കവാടവും കമനീയമാക്കിയിട്ടുണ്ട്. ഹൈക്കലയുടെ പ്രധാന നവീകരണം തറയിലും സീലിംഗിലും തൂണുകൾ തമ്മിലുള്ള ആർച്ചിലുമാണ്. തറ തേക്കിൻ കാതൽ ഉപയോഗിച്ചാണ് തീർത്തിട്ടുള്ളത്. സീസണിംഗിനും ട്രീറ്റ്മെന്റിനും വിധേയമാക്കിയശേഷമാണ് ഈ തടി തറയിൽ പാകിയിട്ടുള്ളത്. പള്ളിയുടെ നടുവിലുള്ള സീലിംഗ് ഷെറാബോർഡ് ഉപയോഗിച്ചാണ് നടത്തിയിട്ടുള്ളത്. ഈ സീലീംഗിൽ പരിശുദ്ധ അമ്മ കുറവിലങ്ങാട്ട് പ്രത്യക്ഷപ്പെട്ട് ദൈവാലയം നിർമ്മിയ്ക്കുന്നതിനായി സ്ഥലം നിർദേശിക്കുന്ന ദൃശ്യം ചിത്രീകരിച്ചിരിക്കുന്നു. ക്യാൻവാസിലുള്ള ഈ ചിത്രം ദൈവാലയത്തിനുള്ളിലെത്തുന്ന ഏതൊരാളുടേയും മാതൃഭക്തിയെ വർധിപ്പിക്കാൻ പര്യാപ്തമാണ്. സെൻട്രൽ സീലീംഗിലെ രണ്ട് ഹൈമാസ്റ്റ് ഫാനുകൾ ദൈവാലയത്തിലെ തിങ്ങിനിറഞ്ഞ വിശ്വാസികളുടെ സമൂഹത്തിന് ഉണർവ് നൽകുവാൻ സഹായകമാണ്. ദൈവാലയത്തിന്റെ വശങ്ങളിലെ തടികൊണ്ടുള്ള സീലിംഗ് 262 വ്യത്യസ്ത തരത്തിലുള്ള പൂക്കളുടെ കൊത്തുപണികളാൽ ആകർഷകമായിട്ടുണ്ട്. വാതിലുകളുടേയും ജനാലകളുടേയും കട്ലകളും പാളികളും പെയിന്റ് നീക്കി കമനീയമാക്കി. ഇവയ്ക്ക് തേക്കുകൊണ്ടുള്ള പടികളും ജനലഴികളും ആകർഷണീയത നൽകുന്നു.

മുകളിലും താഴെയുമുള്ള വെന്റിലേഷനുകളുടെ ഗ്ലാസുകളെല്ലാം മാറ്റിസ്ഥാപിച്ച് കമനീയമാക്കി. തൂണുകളുടെ മുകളും ചുവടും അവ തമ്മിൽ ബന്ധിപ്പിക്കുന്ന ആർച്ചുകളും ഗ്രൂവ് വർക്കുകളാൽ അലംകൃതമാക്കി. മുകളിലേക്കുള്ള തൂണും വശങ്ങളിലെ ഭിത്തികളോട് ചേർന്നുള്ള തൂണുകളും കലാവൈദഗ്ധ്യം വിളിച്ചോതുന്നവയാണ്. മുകളിലെ വെന്റിലേഷനോട് ചേർന്നുള്ള ഗ്രൂവ് വർക്ക് മാലാഖാമാരാൽ അലംകൃതമാണ്.

## വലിയ ഉത്തരവാദിത്വം

കുറവിലങ്ങാടിന് ലഭിച്ച വലിയ അംഗീകാരം വലിയ ഉത്തരവാദിത്വംകൂടി ഉൾക്കൊള്ളുന്നതാണ്. വിശ്വാസ പാരമ്പര്യം വലിയ അഭിമാനമാണ് നൽകുക. സഭാ തലവൻ പറയുന്നു: പാരമ്പര്യം കുടികൊള്ളുന്ന കുറവിലങ്ങാട്ടെത്തുമ്പോൾ ഞാൻ വളരെയേറെ സന്തോഷവാനാണെന്നു മാത്രമല്ല, ഈ വിശ്വാസത്തിന്റെ പാരമ്പര്യത്തിൽ നിങ്ങളൊടൊപ്പം അഭിമാനം കൊള്ളുകയും ചെയ്യുന്നു. മാതൃക നൽകിക്കൊണ്ട് ഈ പാരമ്പര്യത്തിന്റെ കാവൽക്കാരാകുന്നതിനൊടൊപ്പം മറ്റുള്ളവരെ ആളും അർത്ഥവും നൽകി സഹായിക്കുന്നതിനും വലിയ ഉത്തരവാദിത്വമാണ് കുറവിലങ്ങാടിനെ ഭരമേൽപ്പിച്ചിരിക്കുന്നത്. സ്വഭാവത്താലെ പ്രേഷിതയായ പാലായുടെ പ്രേഷിത സ്വഭാവം ഇവിടെയുമുണ്ട്. ലോകത്തിലെ മാർത്തോമ്മാ മക്കളുടെ തറവാടാണിത്. സഭാ കുടുംബത്തിന് മാതൃകയായി നിലകൊള്ളാനുള്ള ഉത്തരവാദിത്വം കുറവിലങ്ങാടിനുണ്ട്. മേജർ ആർച്ച്ബിഷപ്പുമായും, പാത്രീയാർക്കീസുമായും അഭേദ്യമായ ബന്ധം ഇവിടെ രൂപപ്പെടുകയാണ്. നിങ്ങളുടെ രൂപതാധ്യക്ഷന്റെ അനുവാദത്തോടെ ഇവിടെ എത്തി വിശുദ്ധ കുർബാനയർപ്പിക്കുവാനും തിരുകർമ്മങ്ങളിൽ പങ്കുചേരുവാനും ഏതൊരു മേജർ ആർച്ച്ബിഷപ്പിനും അവസരം ഉണ്ടായിരിക്കുകയാണ്. വിശ്വാസത്തിന്റെ ഗാംഭീര്യമാണ് ഇവിടെ.

വർഷങ്ങളായിട്ട് കുറവിലങ്ങാട്ടെ ബഹു. വികാരിയച്ചന്മാർ നടത്തിയ ശുശ്രൂഷകളുടെ ഫലമാണ് ഇപ്പോൾ നമ്മൾ

കൈവരിച്ചിരിക്കുന്ന ഈ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ പദവി. വികാരിമാരായിരുന്ന മോൺ. ഈനാസ് ഒറ്റത്തെങ്ങുങ്കൽ, ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. തോമസ് മൂലയിൽ, ഫാ. ജോസ് മലേപ്പറമ്പിൽ, ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ, ഫാ. ജോസഫ് തടത്തിൽ എന്നിവരെ വിശേഷവിധിയായി ഓർമ്മിക്കുന്നു. ഇപ്പോൾ വികാരിയായിരിക്കുന്ന ജോസഫ് തട ത്തിലച്ചന്റെ ദീർഘവീക്ഷണത്തിന്റെയും കഠിനാദ്ധ്വാനത്തി ന്റെയും സഭാത്മക സമീപനത്തിന്റെയും നിശ്ചയ ദാർഢ്യത്തി ന്റെയും അംഗീകാര മുദ്രയാണ് കുറവിലങ്ങാട്ടിനു ലഭിച്ച ഈ വലിയ അനുഗ്രഹ പദവി. കുറവിലങ്ങാട്ടെ വിശുദ്ധ പാരമ്പര്യ ങ്ങൾ ജനകീയമാക്കുന്നതിൽ റവ. ഡോ. കൂനമ്മാക്കൽ തോമ്മാ ത്തനാർ വലിയ ഒരു പങ്കു വഹിച്ചിട്ടുണ്ട്. ബഹു. അസ്തേന്തി അച്ചന്മാരും പള്ളി കമ്മറ്റിയും ഇടവക പൊതുയോഗവും ഒറ്റ ക്കെട്ടായി ബഹു. വികാരിയച്ചനോട് ചേർന്ന് നിന്നു പ്രവർത്തി ച്ചതിന്റെ ഫലവും കൂടിയാണിത്. സാധിക്കുന്നവരെല്ലാം കുറ വിലങ്ങാട് പള്ളി സന്ദർശിക്കുകയും ദൈവത്തിനു നന്ദി പറ യുകയും ചെയ്യുമല്ലോ.

+ Jos Kallarangatt

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലറിന്റെ പ്രസക്തഭാഗങ്ങൾ ദൈവാലയത്തിൽ അറിയി ക്കുകയോ വിശ്വാസ പരിശീലന ക്ലാസുകളിലും കുടുംബകൂട്ടായ്മക ളിലും യുവജനസമ്മേളനങ്ങളിലും ഭക്തസംഘടനകളിലും സൗകര്യ പ്രദമായ രീതിയിൽ വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3062/K-5/KCBC/OL/DS 17.1.2018

# 2018 ഫെബ്രുവരി 11 തിരുബാലസഖ്യദിനം

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരരേ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഇന്നേ ദിനം (11.02.2018) ആണ്. ഈശോയുടെ ബാല്യം അനുസ്മരിച്ചുകൊണ്ട് നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി പരമോന്നതനായ ദൈവത്തിന്റെ ഉപരി മഹത്വത്തിനായി വളർത്തി വലുതാക്കുകയാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യ കൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ദൈവത്തിന്റെ ദാനമാണ് മക്കൾ. അവരെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തണം എന്നതാണ് ദൈവത്തിന്റെ പദ്ധതി. മാതാപിതാക്കൾ ഒരുമിച്ച് നടപ്പിലാക്കേണ്ട പദ്ധതിയാണിത്. എന്നാൽ ഇന്ന് പല കാരണങ്ങളാൽ കുട്ടികളിൽനിന്നും അകന്നുജീവിക്കുന്ന മാതാപിതാക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നു. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ക്ഷേമത്തിനും വേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന മാതാപിതാക്കൾക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെ. എന്നാൽ അതോടൊപ്പം പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടു

ക്കേണ്ടിവരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കാത്തവരും ഉണ്ട്.

ചിലപ്പോഴെങ്കിലും ഒരേ ഭവനത്തിൽ ജീവിക്കുന്നവർ പരസ്പരം മറന്ന് ജീവിക്കുന്നുവെന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച്, ടിവിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സാങ്കേതികതലത്തിൽ ഇവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വാർത്ഥലോകത്തേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യതലങ്ങൾ രൂപപ്പെടേണ്ടിടത്ത് അമ്മയ്ക്കു പകരം വിവര സാങ്കേതികത നിന്നാൽ ശിഥിലമാവുന്നത് കുടുംബങ്ങളായിരിക്കും. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

ഇന്നിന്റെ സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തിന്റെയും പിന്നിൽ ഒത്തിരി തിന്മകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാനിരക്കുകളും വിവാഹമോചനങ്ങളും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്.

അതോടൊപ്പം സ്നേഹത്തിന്റെയും വിനയത്തിന്റെയും വഴികളിൽ കുഞ്ഞുമക്കളെ വളർത്തുവാൻ മാതാപിതാക്കൾ പഠിക്കണം. കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം

മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെത്തന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുകന്മാർ നമ്മുടെ ചുറ്റും ഉണ്ടെന്നു തിരിച്ചറിയുന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ജീവിതത്തിന്റെ യഥാർത്ഥ മൂല്യമറിയുകയും അതിനു ചേർന്ന പരിശീലനം കുഞ്ഞുതലമുറയ്ക്കു നല്കുകയും ചെയ്യും.

കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ (266, 267 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെ ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തുനിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് പുണ്യം. സുരക്ഷിതത്വത്തിലേക്കായാലും സമ്പത്തിലേക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളേ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ നാം സൂക്ഷിക്കേണ്ട ചില മേഖലകളാണ് ഇവിടെ സൂചിപ്പിച്ചത്. കൂടുതൽ കൂടുതൽ അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടത് അത്യാവശ്യമായ കാര്യമാണ്. കുട്ടികൾ വളരുന്ന സംസ്കാരം വളരെ കൃത്യതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കുവാനും സഹവർത്തിത്തത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നിപ്പറയുന്നതുപോലെ നല്ലശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതി കവിദ്യകളുടെകൂടെ ശരിയായ മനഃസാക്ഷിയും കൂടി രൂപപ്പെ ടുത്തിക്കൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തന ങ്ങളെ കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025

NB: 2018 ഫെബ്രുവരി 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

# മദ്യവിരുദ്ധ ഞായർ, 18 ഫെബ്രുവരി 2018

## കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കേരള കത്തോലിക്കാസഭ 2018 ഫെബ്രുവരി 18-ാംതീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. വലിയ നോമ്പിന്റെ മൂന്നാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു പോരുന്നത്. വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും നവീകരണത്തിന്റെയും കാലഘട്ടമാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്. വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും നശിപ്പിക്കുന്ന തിന്മകളിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും അകന്നു നിൽക്കണമെന്ന് ഓരോ നോമ്പുകാലവും നമ്മെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന തിന്മയാണ് മദ്യത്തിന്റെയും ലഹരിയുടെയും ഉപയോഗം. മദ്യാസക്തി ദുർമോഹങ്ങളിലേക്ക് നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു (റോമ 13: 13-14). മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊറി. 6-10) എന്ന പൗലോസ് ശ്ലീഹായുടെ പ്രഖ്യാപനംതന്നെ മദ്യാസക്തി എന്ന തിന്മയുടെ ഗൗരവം നമ്മെ ബോധ്യപ്പെടുത്തുന്നതാണ്. "പകലിന് യോജിച്ചവിധം പെരുമാറാം. സുഖലോലുപതയിലോ, മദ്യലഹരിയിലോ, അവിഹിത വേഴ്ചകളിലോ, വിഷയാസക്തിയിലോ, കലഹങ്ങളിലോ, അസൂയയിലോ വ്യാപരിക്കരുത്" (റോമ 13:13). ജീവിത ബല

ഹീനതകളിൽ നിന്ന് അകന്ന് പ്രകാശത്തിന്റെ മക്കളാകുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം മദ്യമെന്ന തിന്മയ്ക്കെതിരെയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസര മാക്കി മാറ്റാം.

കെസിബിസി മദ്യവിരുദ്ധ സമിതി കേരളസഭയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ട് ഇത് 20-ാം വർഷമാണ്. "മദ്യ വിമുക്ത സഭയും സമൂഹവും" എന്നതാണ് സമിതിയുടെ മുദ്രാ വാക്യം. മദ്യവിരുദ്ധ സമിതി സ്വപ്നം കാണുന്ന മദ്യവി മുക്തമായ സഭയും സമൂഹവും എന്ന സ്വപ്നം സാക്ഷാത്ക്ക രിക്കാൻ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. മദ്യ ത്തിനും മയക്കുമരുന്നിനുമെതിരെ പ്രതികരിക്കുന്നതും സാധ്യ മായ വിധത്തിലെല്ലാം ഈ തിന്മകൾക്കെതിരെ നിലകൊള്ളു ന്നതും ഈ കാലഘട്ടത്തിലെ ഏറ്റവും ശ്രേഷ്ഠമായ സാമൂഹ്യ പ്രവർത്തനമാണ്. "സ്വന്തം ബോധ്യത്തിൽ അടിയുറച്ച് വിശ്വ സിക്കുന്ന ഒരുസംഘം ആളുകൾ ഉണ്ടെങ്കിൽ സമൂഹത്തിൽ മാറ്റം വരുത്താനാകും" എന്ന മഹാത്മാഗാന്ധിയുടെ വാക്കു കൾ മദ്യവിരുദ്ധ പ്രവർത്തകർക്ക് കരുത്തേകേണ്ടതാണ്.

സാക്ഷരത, കുടുംബക്ഷേമം, ആരോഗ്യം എന്നീ തലങ്ങ ളിൽ ലോകത്തിനു തന്നെ മാതൃകയായിത്തീർന്ന സാംസ്കാ രിക കേരളം മദ്യപാനത്തിലും ആത്മഹത്യയിലും ഒന്നാം നിര യിലാണെന്ന ലജ്ജാകരമായ സത്യം നമ്മുടെ കണ്ണു തുറപ്പി ക്കേണ്ടതാണ്. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും അത്ഭുതാവഹമായ നേട്ടങ്ങളും സംഭാവനകളും കേരളത്തിന്റേ തായിട്ടുണ്ട്. എന്നാൽ കേരളസമൂഹം നേടിയെടുത്ത സൽപ്പേ രിന്റെയും സൽമാതൃകകളുടെയും മേൽ കരിനിഴൽ വീഴ്ത്തി മദ്യ-ലഹരി സംസ്ക്കാരം ഇന്ന് ദൈവത്തിന്റെ സ്വന്തം നാടിന് അപമാനം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ലഹരിയുടെ വർദ്ധിച്ചുവരുന്ന ഉപയോഗം നാടിന്റെ പ്രതീക്ഷകളിൽ ഇരുൾ പരത്തുന്നു. ലക്ഷക്കണക്കിന് കുടുംബങ്ങളാണ് മദ്യത്തിന്റെ കെണിയിൽപ്പെട്ട് ദിനംപ്രതി നശിക്കുന്നത്. പട്ടണത്തിലാ

യാലും ഗ്രാമത്തിലായാലും കുടുംബങ്ങൾ അക്ഷരാർത്ഥത്തിൽ മദ്യംമൂലം നരകയാതന അനുഭവിക്കുകയാണ്. ഈ മദ്യ പിശാചിന്റെ ശാപവും ദുർവിധിയും പേറുന്നത് സ്ത്രീകളും കുട്ടികളുമാണ്. മദ്യസംസ്കാരത്തിന്റെ പൈശാചിക രൂപഭാവങ്ങളും അവ കുടുംബ-സാമൂഹ്യ-സാംസ്കാരിക-ധാർമ്മിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ സൃഷ്ടിക്കുന്ന ഭീകരാവസ്ഥയും കണ്ടിട്ടും കണ്ടില്ലായെന്ന് നടിക്കുന്നവർ ചെയ്യുന്നത് പാപമാണ്.

മനുഷ്യനന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ എന്നും സഭയുടെ മുഖമുദ്രയാണ്. കേരള സമൂഹത്തിന്റെ വിദ്യാഭ്യാസ -ആരോഗ്യ-നവോത്ഥാന രംഗങ്ങളിൽ മാറ്റത്തിന്റെ ചാലക ശക്തിയാകാൻ കേരള സഭയ്ക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. നാടിന്റെ വികസന പ്രക്രിയയിൽ കാലത്തിനൊപ്പം നടക്കാൻ സഭ എന്നും പ്രതിജ്ഞാബദ്ധയാണ്. മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കുമെതിരെയുള്ള സന്ധിയില്ലാ സമരം സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള സഭയുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. വരും തലമുറയ്ക്കുവേണ്ടിയുള്ള സഭയുടെ ഏറ്റവും മഹത്തായ ഒരു കരുതൽ നടപടിയാണ് മദ്യത്തിനും മറ്റ് ലഹരിവസ്തുക്കൾക്കുമെതിരെയുള്ള സാമൂഹ്യ ഇടപെടൽ.

മദ്യത്തിനെതിരായ പോരാട്ടത്തിൽ സർക്കാർ ഒപ്പമുണ്ടാകും എന്ന പ്രതീക്ഷയ്ക്ക് മങ്ങൽ ഏറ്റുകഴിഞ്ഞു. സർക്കാരിന്റെ മദ്യനയം മദ്യ ലഭ്യത കുറയ്ക്കുകയല്ല മറിച്ച് വർദ്ധിപ്പിക്കുകയാണെന്ന് ഓണം-ക്രിസ്തുമസ്സ്ക്കാല റിക്കാർഡ് മദ്യവിൽപ്ന നമ്മെ ബോധ്യപ്പെടുത്തിക്കഴിഞ്ഞു. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ, 'മദ്യം കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹ്യവിപത്തായി മാറിയിട്ടുണ്ടെന്നും അതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകമായ നയമായിരിക്കും സ്വീകരിക്കുകയെന്നും' വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതിന് കടകവിരുദ്ധമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദ്യംചെയ്തത് പ്രതിവർഷം 10 ശതമാനം വീതം ബീവറേജ് ഔട്ട്ലെറ്റുകൾ പൂട്ടുവാനുള്ള മുൻതീരുമാനം റദ്ദ് ചെയ്യലായിരുന്നു. തുടർന്ന് ഒരു പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ജനത്തിന് അധികാരം നല്കുന്ന പഞ്ചായത്ത്രാജ്-നഗരപാലികാ ബില്ലിലെ 232, 447 എന്നീ വകുപ്പുകൾ റദ്ദ് ചെയ്യുകയുണ്ടായി. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള ആസൂത്രിത നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ജനത്തിന്റെ ഈ അധികാരം എടുത്തുകളഞ്ഞത്. മുമ്പ് മദ്യനയത്തിന്റെ ഭാഗമായി പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളും നിരോധിച്ചിരുന്നു. എന്നാൽ ഈ സർക്കാർ ത്രീ സ്റ്റാറും അതിനുമുകളിലും ഉള്ള ഹോട്ടലുകൾക്കെല്ലാം ബാർ അനുവദിച്ചുകൊടുത്തു. ബീവറേജിന്റെയും കൺസ്യൂമർഫെഡിന്റെയും മദ്യക്കടകൾ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റി മദ്യം സുലഭമാക്കുകയാണ് സർക്കാർ ചെയ്യുന്നത്. കൂടാതെ മദ്യം സുലഭമാക്കാനുള്ള വിവിധ നടപടികൾ വിവിധ മേഖലകളിൽ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

ആശങ്ക ഉണർത്തുന്ന മറ്റൊരു കാര്യമാണ് ബ്രിട്ടീഷ്കാരുടെ കാലം മുതൽ ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും 200 മീറ്റർ ചുറ്റളവിൽ മദ്യവില്പന പാടില്ലെന്ന നിയമം ഈ സർക്കാർ എടുത്തുകളഞ്ഞത്. ഇവിടെയുള്ള ദൂരപരിധി 50 മീറ്ററാക്കി ചുരുക്കുകയുണ്ടായി. വിദ്യാലയങ്ങളും ആരാധനാലയങ്ങളും നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിന്റെയും ധാർമ്മികതയുടെയും അടയാളങ്ങളാണ്. ഒരു രാജ്യത്തിന്റെ ധാർമ്മിക നിലവാരം കാത്തു സൂക്ഷിക്കുവാനുള്ള ബാധ്യത പ്രധാനമായും സർക്കാരിനാണ്. മദ്യക്കച്ചവടക്കാർക്ക്വേണ്ടി അതു അടിയറ വച്ചത് ഖേദകരമാണെന്ന് പറയേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങളെയും ദൈവാലയങ്ങളെയുംക്കാൾ മദ്യ

വില്പനയ്ക്ക് മുൻതൂക്കം കൊടുക്കുന്നത് ധാർമ്മിക അപച യമാണെന്ന് പറയാതെ വയ്യാ. ജനങ്ങളുടെ താത്പര്യമല്ല, മറിച്ച് മദ്യ മുതലാളിമാരുടെ താത്പര്യമാണ് ഇവിടെ സംരക്ഷിക്ക പ്പെടുന്നതെന്ന യാഥാർത്ഥ്യവും കൂടുതൽ വ്യക്തമാകുന്നു.

മദ്യനിരോധനം, മദ്യവർജ്ജനം എന്നീ സമീപനങ്ങളെക്കു റിച്ച് ഏറെ നാളുകളായി നമ്മൾ കേൾക്കുന്നതാണ്. മദ്യവർജ്ജ നമെന്നത് ഒരുവ്യക്തി സ്വമേധയാ വ്യക്തിജീവിതത്തിൽ എടു ക്കേണ്ട നിലപാടാണ്. അതേസമയം, മദ്യത്തിന്റെ ഉല്പാദനം, സൂക്ഷിപ്പ്, വിതരണം എന്നിവ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രണമോ നിരോധനമോ ഏർപ്പെടു ത്താനും ഉള്ള അധികാരവും കടമയും ഉത്തരവാദിത്വവും സർക്കാരിന് മാത്രമാണ്. ഇക്കാര്യത്തിൽ വ്യക്തമായ നയം സർക്കാരിന് ഉണ്ടായിരിക്കണം. മദ്യലഭ്യതകുറച്ചുകൊണ്ടുവ രാൻ മദ്യനിയന്ത്രണം ആവശ്യമാണ്. അതിന് മദ്യവർജ്ജന നയംപോരാ. മദ്യാസക്തമായ ഒരു സമൂഹത്തിൽ മദ്യത്തിന്റെ ലഭ്യതയിലും ഉപഭോഗത്തിലും സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് മദ്യവർജ്ജനത്തിലേയ്ക്കുള്ള ഒരു സുപ്രധാന കാൽവെയ്പ്. മദ്യനിയന്ത്രണത്തിലൂടെയും ബോധവത്ക്കരണ കർമ്മപരിപാടികളിലൂടെയും സമൂഹത്തിലെ ഓരോ വ്യക്തിയും മദ്യവർജ്ജനമെന്ന നന്മയിലേക്ക് എത്തിച്ചേരണം. അതാണ് ഫലപ്രദവും പ്രായോഗികവുമായ മദ്യനയം. മദ്യം സുലഭമാ ക്കിയിട്ട് മദ്യവർജ്ജനം ഉപദേശിക്കുന്നത് മേശപ്പുറത്ത് മിഠായി ഭരണി തുറന്നുവച്ചിട്ട് അത് കഴിക്കരുതെന്ന് കുട്ടികളെ ഉപദേ ശിക്കുന്നതുപോലെ വ്യർത്ഥമാണെന്ന് ഗാന്ധിജി പറഞ്ഞുവ ച്ചതും നമുക്കോർക്കാം.

ജനാധിപത്യസംവിധാനത്തിൽ ഒരു രാജ്യത്തെ ജനത യുടെ ക്ഷേമത്തിനാണ് ഭരണാധികാരികൾ പ്രാധാന്യം കൊടു ക്കേണ്ടത്. പാവപ്പെട്ടവന്റെ ജീവിതനിലവാരം ഉയർത്തുകയും വളർത്തുകയും ചെയ്യുന്നതിനാവശ്യമായ നയങ്ങളാണ്

സർക്കാർ ആവിഷ്ക്കരിക്കേണ്ടത്. മദ്യനയം പരിശോധിക്കുമ്പോൾ ദരിദ്രനെ കൂടുതൽ ദരിദ്രനാക്കി മാറ്റുന്ന നയമാണ് സർക്കാർ അവലംബിക്കുന്നതെന്ന് കാണാം. ഒരു തൊഴിലാളി മദ്യംകൊണ്ട് ഉപജീവനംനടത്തുമ്പോൾ ആയിരം തൊഴിലാളികൾ മദ്യം കുടിച്ച് നശിക്കുകയാണ്. മദ്യശാലയ്ക്ക് മുന്നിൽ ഒരാൾ ക്യൂ നിൽക്കുമ്പോൾ അവന്റെ കുടുംബത്തിൽ അസ്വസ്ഥമായ മനസ്സോടെ അഞ്ചുപേർ ഇരിക്കുന്നുണ്ട്. അവരുടെ ദുരിതജീവിതം സർക്കാർ കാണുന്നില്ല, മനസ്സിലാക്കുന്നില്ല. സമൂഹത്തിലെ പാവപ്പെട്ടവരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സമാധാനവും സുസ്ഥിതിയും ഉറപ്പാക്കാൻ സർക്കാരിന് പ്രത്യേക കടമയും ബാധ്യതയുമുണ്ട്. മദ്യവില്പനയിൽ നിന്ന് ലഭിക്കുന്ന ലാഭത്തെക്കാൾ കൂടുതൽ തുക സർക്കാരിന് മദ്യം വിതയ്ക്കുന്ന പ്രത്യാഘാതങ്ങളെ നേരിടാൻ ചിലവാക്കേണ്ടിവരുന്നുണ്ട്. മദ്യം മൂലമുണ്ടാകുന്ന ഗാർഹിക -സ്ത്രീ പീഡനങ്ങൾ, ആക്രമണങ്ങൾ, ഗുണ്ടാ-ക്വട്ടേഷൻ സംഘങ്ങളുടെ വിളയാട്ടങ്ങൾ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ, കൊലപാതകങ്ങൾ, വിവാഹമോചനങ്ങൾ, രോഗങ്ങൾ തുടങ്ങിയവയ്ക്ക് മദ്യം വിൽക്കുന്ന അധികാരികൾ ഉത്തരവാദികളാണ് എന്നതും എടുത്തുപറയേണ്ടതാണ്. ലഹരിക്കെതിരെ നിലവിലെ സർക്കാർ കേരളത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ബോധവത്ക്കരണ പരിപാടികളെ സ്വാഗതം ചെയ്യുമ്പോഴും ഈ മദ്യനയം ഒരു ജനാധിപത്യ സർക്കാരിന് ചേരുന്ന പ്രവർത്തനശൈലിയാണോയെന്ന് ഗൗരവതരമായ പരിശോധനയ്ക്ക് വിഷയമാക്കണം.

മദ്യത്തോട് സന്ധിയില്ലാ സമരം ചെയ്യുമ്പോഴും പുതിയ തലമുറ മദ്യത്തിൽനിന്നും ഇതര ലഹരി വസ്തുക്കളിലേക്ക് നീങ്ങുന്ന ദുരവസ്ഥ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത് നമ്മുടെ സവിശേഷ ശ്രദ്ധപതിയേണ്ട സാഹചര്യമാണ്. ധാരാളം യുവജനങ്ങൾ ഇന്ന് ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി വിവിധ ഏജൻസികളുടെ പഠന

റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. മയക്കുമരുന്നു വ്യാപനത്തി നെതിരെ ജാഗ്രത പുലർത്താനും കർശനമായ നിയമനടപടി കളിലൂടെ അതിനെ നേരിടുവാനും കേരള സമൂഹം അടിയ ന്തിര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

മദ്യനിരോധന പ്രവർത്തനങ്ങളുടെ ചാലകശക്തിയായി വർത്തിച്ചുകൊണ്ട് നിർണ്ണായകഘട്ടങ്ങളിൽ ആവശ്യമായ നട പടികൾ സ്വീകരിക്കാൻ കെസിബിസി മദ്യ വിരുദ്ധ സമിതിക്ക് സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. 2017 നവംബർ 15 മുതൽ ഡിസംബർ 2 വരെ മദ്യ നയത്തിനും മദ്യവിപത്തിനു മെതിരെ കെസിബിസി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വ ത്തിൽ തിരുവനന്തപുരം മുതൽ കാസർകോഡ് വരെ നടത്തിയ 'വിമോചനയാത്ര' പ്രത്യേക പ്രശംസ പിടിച്ചുപറ്റിയിരുന്നു. കൂടു തൽ ഫലപ്രദവും ദൂരവ്യാപക മാറ്റങ്ങൾക്ക് വഴിതുറക്കുന്നതു മായ പ്രവർത്തനങ്ങൾ ഇടവക-ഫൊറോന-രൂപതാ തലങ്ങളിൽ ഇനിയും കൂടുതൽ സജീവമാക്കേണ്ടതുണ്ട്. നമ്മുടെ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ഞായറിന് മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം സമുചിതമായി ആചരി ക്കുകയും ചെയ്യണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. എല്ലാ ഇടവകകളിലും കെസിബിസി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ ആരംഭിച്ച് മദ്യവിരുദ്ധ പ്രവർത്തനം കാര്യക്ഷമ മാക്കണം. നമ്മുടെ ആഘോഷങ്ങളിൽ മദ്യം ഉണ്ടാവില്ല എന്ന പ്രതിജ്ഞ ഉത്തരവാദിത്തബോധത്തോടെ എടുക്കണം. മദ്യ വിരുദ്ധ ഞായറാഴ്ച്ച ആചരിക്കുന്ന ഫെബ്രുവരി 18-ാം തീയതി ദൈവാലയങ്ങളിൽ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രങ്ങളിൽ എത്തിക്കുകയും മദ്യവിരുദ്ധ പ്രവർത്തന ങ്ങൾക്കായി ഓരോ രൂപതയിലെയും കെസിബിസി മദ്യവിരു ദ്ധസമിതിക്ക് നല്കുകയും ചെയ്യുമല്ലോ.

മദ്യവിമുക്ത സഭയും സമൂഹവും എന്ന ലക്ഷ്യത്തിലേക്ക് പ്രതിബദ്ധതയോടെ നമുക്കൊരുമിച്ച് മുന്നേറാം. മദ്യം തിന്മ യാണെന്ന തിരിച്ചറിവും ഈ തിന്മയ്ക്കെതിരെ പോരാടാനുള്ള

നിശ്ചയദാർഢ്യവും മദ്യവിമുക്ത സമൂഹത്തിനായുള്ള പ്രതി ബദ്ധതയും നമുക്ക് വളർത്തിയെടുക്കാം. നല്ല നാളേയ്ക്കു വേണ്ടിയുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയോടു ചേർന്ന് പ്രവർത്തിക്കുവാൻ എല്ലാവരെയും ആഹ്വാനം ചെയ്തുകൊണ്ട്,

സ്നേഹപൂർവം,

**ബിഷപ് മാർ റെമജിയൂസ് ഇഞ്ചനാനിയിൽ**
ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ക്രിസ്തുദാസ് ആർ**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

NB : 2018 ഫെബ്രുവരി 18-ാം തിയ്യതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ-മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3063/K-5/KCBC/OL/DS 30.1.2018

# 2018 – ലെ നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് മാർപാപ്പാ

*"അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും" (മത്താ 24:12)*

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവിന്റെ പെസഹാ ഒരിക്കൽക്കൂടി അടുത്തു വരുന്നു. ഈസ്റ്ററിനുവേണ്ടിയുള്ള "നമ്മുടെ തയ്യാറെടുപ്പിൽ ഓരോ വർഷവും മാനസാന്തരത്തിനുള്ള കൗദാശിക അടയാള"മെന്ന നിലയിൽ നോമ്പുകാലമെന്ന ഒരു കാലഘട്ടം നമുക്ക് ദൈവം തന്റെ പരിപാലനയിൽ നല്കുന്നു. ജീവിതത്തിന്റെ എല്ലാമേഖലയിലും മുഴുഹൃദയത്തോടെ കർത്താവിലേക്കു തിരിച്ചുവരാൻ നോമ്പുകാലം നമ്മെ വിളിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

കൃപാവരത്തിന്റെ ഈ കാലഘട്ടത്തെ സന്തോഷത്തിലും സത്യത്തിലും പുതുതായി അനുഭവിക്കാൻ മുഴുവൻ സഭയെയും ഈ സന്ദേശത്തോടെ വീണ്ടും സഹായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വാക്കുകൾ സൂചനയായി ഞാൻ ഉപയോഗിക്കുന്നു: "അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും" (മത്താ 24:12)

ഈ വാക്കുകൾ ക്രിസ്തുവിന്റെ പ്രഭാഷണത്തിൽ ലോകാവസാനത്തെ സംബന്ധിച്ചുള്ളവയായി തോന്നുന്നു. ജറുസലെമിൽ ഒലിവുമലയിൽവച്ചു പറഞ്ഞതാണ് ആ വാക്കുകൾ. അവിടെ വച്ചാണ് കർത്താവിന്റെ പീഡാസഹനം തുടുങ്ങാനിരുന്നത്. ശിഷ്യന്മാരുടെ ഒരു ചോദ്യത്തിന് ഉത്തരമായിരുന്നു യേശു വിന്റെ വിവരണം. വലിയ ക്ലേശങ്ങളിൽ വ്യാജപ്രവാചകന്മാർ ആളുകളെ ചിതറിക്കും. സുവിശേഷത്തിന്റെ കാതലായ പരസ്നേഹം അനേകരുടെ ഹൃദയങ്ങളിൽ തണുത്തു മരവിച്ചുപോകും.

**വ്യാജപ്രവാചകന്മാർ**

ആ സുവിശേഷഭാഗത്തെ നമുക്ക് ശ്രദ്ധിക്കുകയും അത്തരം വ്യാജപ്രവാചകന്മാർക്ക് സ്വീകരിക്കാൻ കഴിയുന്ന കപടവേഷം മനസ്സിലാക്കുകയും ചെയ്യാം.,

"പാമ്പുപിടിത്തക്കാരെ"പ്പോലെ കാണപ്പെടാൻ അവർക്ക് കഴിയും. മറ്റുള്ളവരെ അടിമകളാക്കാനും തങ്ങൾക്ക് ഇഷ്ടമുള്ളിടത്തേക്ക് അവരെ നയിക്കാനും വേണ്ടി മാനുഷികവികാരങ്ങളെ ദുരുപയോഗിക്കാൻ അവർക്കു കഴിയും. എത്രയോ ദൈവമക്കളാണ് നിമിഷനേരത്തേക്കുള്ള സുഖങ്ങളാൽ വശീകരിക്കപ്പെടുന്നത്! അവ യഥാർഥസുഖങ്ങളാണെന്ന് അവർ തെറ്റിദ്ധരിക്കുന്നു. 'എത്രയോ സ്ത്രീപുരുഷന്മാരാണ് സമ്പത്തിനെക്കുറിച്ചുള്ള സ്വപ്നത്താൽ ആകർഷിക്കപ്പെടുന്നത്! സമ്പത്താകട്ടെ, അവരെ ലാഭത്തിന്റെയും നിസ്സാര താത്പര്യങ്ങളുടെയും അടിമകളാക്കുന്നു. തങ്ങൾ സ്വയംപര്യാപ്തതയുള്ളവരാണെന്നു കരുതി ജീവിക്കുന്ന എത്രയോ ആളുകളുണ്ട്. അവർ ഏകാന്തതയെന്ന കെണിയിൽ പെടുന്നു.'

വ്യാജപ്രവാചകന്മാർക്ക് "മുറിവൈദ്യന്മാരാ"യിരിക്കാനും കഴിയും. അവർ സഹനത്തിന് എളുപ്പമുള്ള താത്കാലിക പരിഹാരം നല്കും. അത് തികച്ചും ഉപയോഗശൂന്യമാണെന്ന് പെട്ടെന്നു തെളിയുകയും ചെയ്യും. ലഹരിവസ്തുക്കളെ സർവരോഗ സംഹാരികളായി കരുതുന്ന എത്രയോ യുവാക്കളുണ്ട്! വലിച്ചെറിയാവുന്ന ബന്ധങ്ങളെയും എളുപ്പമുള്ളതും സത്യസന്ധമല്ലാത്തതുമായ ലാഭങ്ങളെയും അപ്രകാരം കരുതുന്ന എത്രമാത്രം ചെറുപ്പക്കാരുണ്ട്. എത്രയോ പേർ യഥാർഥമല്ലാത്ത അസ്തിത്വത്തിന്റെ കെണിയിൽ പെട്ടിരിക്കുന്നു. അതിൽ ബന്ധങ്ങൾ ക്ഷിപ്രസാധ്യവും ഋജുവുമെന്നു തോന്നും; പക്ഷേ, തികച്ചും അർഥശൂന്യമാണെന്നു തെളിയും. കബളിപ്പിക്കുന്ന നിസ്സാരവസ്തുക്കൾ കച്ചവടം ചെയ്യുന്ന ഇവർ ഏറ്റവും വിലപ്പെട്ട മഹത്ത്വം, സ്വാതന്ത്ര്യം, സ്നേഹിക്കാനുള്ള കഴിവ് എന്നിവ പിടിച്ചു പറിക്കുന്നു. അവർ നമ്മുടെ പൊള്ളയായ സ്വാഭിമാനഭാവത്തെയും ബാഹ്യരൂപത്തിലുള്ള വിശ്വാസത്തെയും ആകർഷിക്കുന്നു. പക്ഷേ, അവസാനം അവ നമ്മെ വിഡ്ഢികളാക്കുകയേ ഉള്ളൂ. ഇതിൽ നമ്മൾ വിസ്മയിക്കേണ്ടതില്ല. എന്തെന്നാൽ "നുണയുടെ പിതാവായ പിശാച്" (യോഹ 8:44) എപ്പോഴും തിന്മയെ നന്മയായും തെറ്റിനെ സത്യമായും കാണിച്ച് മനുഷ്യഹൃദയത്തെ ആശയക്കുഴപ്പത്തിലാ

ക്കുന്നു. അതുകൊണ്ടാണ് ഈ വ്യാജപ്രവാചകരുടെ നുണകൾക്ക് ഇരയാവുന്നുണ്ടോയെന്ന് ഹൃദയം പരിശോധിച്ചറിയാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. നാം അടുത്തുചെന്നു നോക്കണം മുകൾപ്പരപ്പിനടിയിൽ നോക്കണം; നമ്മുടെ ഹൃദയത്തിൽ നല്ലതും സ്ഥിരവുമായ മുദ്ര പതിപ്പിക്കുന്നതിനെ തിരിച്ചറിയണം. അങ്ങനെയുള്ളത് ദൈവത്തിൽനിന്നു വരുന്നതാണ്; യഥാർഥത്തിൽ നമ്മുടെ ഉപകാരത്തിനുവേണ്ടിയുള്ളതുമാണ്.

**തണുത്ത ഹൃദയം**

ദാന്തെ അലിഗേരി എന്ന ഇറ്റാലിയൻ മഹാകവി നരകത്തെ വർണിക്കുമ്പോൾ പിശാചിനെ മഞ്ഞുകട്ടയുടെ സിംഹാസനത്തിൽ തണുത്തുറഞ്ഞ് സ്നേഹമില്ലാത്ത ഏകാന്തതയിൽ ഇരിക്കുന്നതായി ചിത്രീകരിക്കുന്നു. നമ്മിൽ പരസ്നേഹം എങ്ങനെ തണുത്തുറഞ്ഞു പോകുമെന്ന് നമ്മോടുതന്നെ നാം ചോദിക്കണം.നമ്മുടെ സ്നേഹം തണുക്കാൻ തുടങ്ങുന്നുവെന്ന് സൂചിപ്പിക്കുന്ന അടയാളങ്ങൾ ഏവയാണ്?

പരസ്നേഹത്തെ നശിപ്പിക്കുന്നത് എല്ലാറ്റിലും ഉപരിയായി പണത്തിനുവേണ്ടിയുള്ള അത്യാഗ്രഹമാണ്. അത് "എല്ലാ തിന്മയുടെയും വേരാണ്" (1 തിമോ 6:10). അതോടെ ദൈവത്തെയും അവിടത്തെ സമാധാനത്തെയും ഉപേക്ഷിക്കും; അവിടത്തെ വാക്കിലും കൂദാശകളിലും കാണുന്ന ആശ്വാസത്തെക്കാൾ കൂടുതലായി നമ്മുടെ ഒറ്റപ്പെടലിനെ ആഗ്രഹിച്ചുപോകും. നമ്മുടെ "ഉറച്ച തീരുമാനങ്ങൾക്ക്" ഭീഷണി ഉയർത്തുന്ന എന്തിനും എതിരേയുള്ള അക്രമത്തിലേക്ക് ഇതെല്ലാം നയിക്കുന്നു: ജനിക്കാനിരിക്കുന്ന കുട്ടി, വൃദ്ധജനം, രോഗികൾ, കുടിയേറ്റക്കാർ, അപരിചിതർ അല്ലെങ്കിൽ നമ്മുടെ പ്രതീക്ഷയനുസരിച്ചു ജീവിക്കാത്ത അയല്ക്കാർ എന്നിവർക്ക് എതിരേ ഉള്ള അക്രമത്തിലേക്കു തന്നെ.

സൃഷ്ടിതന്നെ പരസ്നേഹത്തിന്റെ തണുത്തുറയ്ക്കലിന്റെ നിശ്ശബ്ദസാക്ഷിയായിത്തീരുന്നു. ശ്രദ്ധയില്ലായ്മകൊണ്ടോ സ്വാർഥതാത്പര്യംകൊണ്ടോ വലിച്ചെറിയുന്നവ ഭൂമിയെ മലിനമാക്കുന്നു; കടലുകൾ മലിനമാക്കുന്നു. നിർബന്ധിച്ചു കുടിയേറ്റപ്പെടുന്നവരുടെ അസംഖ്യം കപ്പൽ അപകടങ്ങളുടെ അവശിഷ്ടങ്ങളെ കടൽ വിഴുങ്ങുന്നു. തന്റെ സ്തുതികൾ പാടാൻവേണ്ടി ദൈവം സൃഷ്ടിച്ച

ആകാശം മരണകരമായ വസ്തുക്കൾ പെയ്യുന്ന യന്ത്രങ്ങൾ വാടകയ്ക്കെടുത്തിരിക്കുകയാണ്.

നമ്മുടെതന്നെ സമൂഹത്തിലും സ്നേഹം തണുത്തു പോകാം. ഈ സ്നേഹമില്ലായ്മയുടെ ഏററവും വ്യക്തമായ അടയാളങ്ങളെ എവാഞ്ചെലീ ഗാവുദിയും (സുവിശേഷത്തിന്റെ സന്തോഷം) എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. സ്വാർത്ഥത, ആധ്യാത്മികമാന്ദ്യം, വന്ധ്യമായ അശുഭാപ്തി വിശ്വാസം, തന്നിൽത്തന്നെ മുഴുകാനുള്ള പ്രലോഭനം, നമ്മുടെയിടയിൽത്തന്നെ നിരന്തരപോരാട്ടം, ബാഹ്യരൂപങ്ങളിൽ മാത്രം താത്പര്യം കാണിക്കുകയും അങ്ങനെ നമ്മുടെ പ്രേഷിതത്വപരമായ ഉത്സാഹത്തെ കുറയ്ക്കുകയും ചെയ്യുന്ന ലൗകിക മനോഭാവം എന്നിവയാണ് ആ അടയാളങ്ങൾ.

**നാം എന്താണു ചെയ്യേണ്ടത്?**

ഞാൻ ഇപ്പോൾ വിവരിച്ച അടയാളങ്ങൾ നമ്മുടെ ഉള്ളിലും നമ്മുടെ ചുറ്റുപാടിലും നാം കാണുന്നുണ്ടായിരിക്കാം. എന്നാൽ നമ്മുടെ അമ്മയും അധ്യാപികയുമായ സഭ മിക്കപ്പോഴും കയ്പുള്ള സത്യമാകുന്ന മരുന്നിനോടൊപ്പം രോഗശമനത്തിനുള്ള മറുമരുന്നും നമുക്കു നല്കുന്നുണ്ട്. പ്രാർത്ഥന, ധർമദാനം, ഉപവാസം എന്നിവയാണ് ആ മറുമരുന്നുകൾ.

**പ്രാർത്ഥന**യ്ക്കായി കൂടുതൽ സമയം ഉപയോഗിക്കുന്നത് നമ്മുടെ രഹസ്യമായ നുണകളെയും ആത്മവഞ്ചനയുടെ രൂപങ്ങളെയും പറിച്ചുകളയാൻ നമ്മുടെ ഹൃദയങ്ങളെ ശക്തിയുള്ളവയാക്കും. അപ്പോൾ ദൈവം തരുന്ന ആശ്വാസം കണ്ടെത്താൻ നമുക്കു കഴിയും. അവിടന്ന് നമ്മുടെ പിതാവാണ്. നാം നന്നായി ജീവിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**ധർമദാനം** അത്യാഗ്രഹത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കും. നമ്മുടെ അയല്ക്കാരെ സഹോദരീസഹോദരന്മാരായി കാണാൻ നമ്മെ സഹായിക്കും. ഞാൻ സ്വന്തമാക്കിയിരിക്കുന്നതൊന്നും എന്റേതു മാത്രമല്ല. ധർമദാനം നമ്മിൽ ഓരോരുത്തരുടെയും യഥാർഥജീവിതശൈലിയാകാൻ ഞാൻ ഏറെ ആഗ്രഹിക്കുന്നു. ക്രൈസ്തവരെന്ന നിലയിൽ നാം അപ്പസ്തോലന്മാരുടെ മാതൃക

പിന്തുടരണം. സഭയിലുള്ള കൂട്ടായ്മയുടെ തൊട്ടുനോക്കാൻ കഴിയുന്ന സാക്ഷ്യമായി നമ്മുടെ സ്വത്തുക്കൾ നാം പങ്കുവയ്ക്കണം. ഞാൻ എത്രയോ ആഗ്രഹിക്കുന്ന കാര്യമാണിത്. ഇക്കാരണത്താൽ വിശുദ്ധ പൗലോസ് ശ്ലീഹാ കൊറീന്ത്യർക്കു നല്കിയ ആഹ്വാനത്തെ പ്രതിധ്വനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജറുസലേമിലെ സഭയ്ക്കുവേണ്ടി സംഭാവന നല്കാനാണ് അദ്ദേഹം ആഹ്വാനംചെയ്തത്. ആ ദാനത്തിൽനിന്ന് അവർക്കു തന്നെ ഉപകാരമുണ്ടാകും (cf 2 കോറി 8:10). ഇത് നോമ്പുകാലത്ത് ഏറെ ഉചിതമായ കാര്യമാണ്. സഭകൾക്കും ആവശ്യത്തിൽ കഴിയുന്നവർക്കുംവേണ്ടി അനേകം ഗ്രൂപ്പുകൾ സംഭാവന ശേഖരിക്കുന്ന കാലയളവാണത്. നമ്മുടെ അനുദിനജീവിതത്തിലും നമ്മുടെ സഹായം യാചിക്കുന്നവരുണ്ട്. അവരുടെ യാചന ദൈവത്തിൽനിന്നു വരുന്നതാണെന്ന് തിരിച്ചറിണം. നാം ധർമം കൊടുക്കുമ്പോൾ ദൈവത്തിന് തന്റെ ഓരോ ശിശുവിനെയും സംബന്ധിച്ചുള്ള പരിപാലനാപരമായ ശ്രദ്ധയിൽ നാം പങ്കുകാരാവുകയാണ്. ദൈവം ഇന്ന് എന്നിലൂടെ ആരെയെങ്കിലും സഹായിച്ചാൽ അവിടന്ന് നാളെ എന്റെ ആവശ്യങ്ങളിൽ സഹായിക്കാതിരിക്കുമോ? എന്തെന്നാൽ ദൈവത്തെക്കാൾ ഉദാരതയുള്ളവനായി ആരുമില്ല.

**ഉപവാസം** ആക്രമിക്കാനുള്ള നമ്മുടെ വാസനയെ ദുർബലപ്പെടുത്തും. അതു നമ്മെ ആയുധമില്ലാത്തവരാക്കും. വളർച്ചയ്ക്കുള്ള സുപ്രധാനമായ ഒരു സന്ദർഭം നല്കും. ഒരു വശത്ത്, അനാഥരും വിശപ്പു സഹിക്കുന്നവരും എന്താണ് അനുഭവിക്കുന്നതെന്ന് അനുഭവിച്ചറിയാൻ അതു നമ്മെ സഹായിക്കും. മറുവശത്ത്, ദൈവത്തിലുള്ള ജീവിതത്തിനായി നമുക്കുള്ള ആധ്യാത്മിക വിശപ്പും ദാഹവും അതു പ്രകടിപ്പിക്കും. ഉപവാസം നമ്മെ തട്ടിയുണർത്തും. ദൈവത്തെയും അയല്ക്കാരനെയും കൂടുതൽ ശ്രദ്ധിക്കാൻ അതു സഹായിക്കും. ദൈവത്തെ അനുസരിക്കാനുള്ള നമ്മുടെ ആഗ്രഹത്തെ അത് പുനരുജ്ജീവിപ്പിക്കും. അവിടന്ന് മാത്രമാണ് നമ്മുടെ വിശപ്പ് മാറ്റാൻ കഴിവുള്ളവൻ.

കത്തോലിക്കാസഭയുടെ അതിരുകൾക്ക് അപ്പുറത്തുള്ളവരെയും ദൈവത്തിന്റെ ശബ്ദം കേൾക്കാൻ മനസ്സുതുറന്നിട്ടുള്ള സന്മനസ്സുള്ള എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു

പക്ഷേ, ഞങ്ങളെപ്പോലെ നിങ്ങളും ലോകത്തിൽ അധർമത്തിന്റെ പെരുപ്പംമൂലം അസ്വസ്ഥതയുള്ളവരാകാം. ഹൃദയങ്ങളെയും പ്രവർത്തനങ്ങളെയും തളർത്തുന്ന തണുപ്പിനെപ്പറ്റി നിങ്ങൾക്കും ഉത്കണ്ഠയുണ്ടാകാം. ഒരേ മനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന ബോധം ദുർബലപ്പെടുന്നതായി നിങ്ങൾ കാണുന്നുണ്ട്. അതുകൊണ്ട്, ദൈവത്തോടു യാചിക്കുന്നതിലും ഉപവസിക്കുന്ന തിലും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാർക്കു വേണ്ടതെല്ലാം നല്കുന്നതിലും ഞങ്ങളോടു സഹകരിക്കുക.

**ഈസ്റ്ററിന്റെ അഗ്നി**

സർവോപരി, ധർമദാനം, ഉപവാസം, പ്രാർത്ഥന എന്നിവയിൽ നിന്നു ശക്തി സ്വീകരിച്ചു നോമ്പുകാലതീർത്ഥാടനങ്ങൾ നടത്തുവാൻ സഭാംഗങ്ങളെ ഞാൻ നിർബന്ധിക്കുന്നു. പരസ്നേഹത്തിന്റെ തീജ്വാല നിങ്ങളുടെ ഹൃദയത്തിൽ ചിലപ്പോൾ കെട്ടുപോകുന്നതായി തോന്നിയാൽ ദൈവത്തിന്റെ ഹൃദയത്തിൽ ഒരിക്കലും അങ്ങനെ സംഭവിക്കുന്നില്ലെന്ന് അറിഞ്ഞിരിക്കുവിൻ! വീണ്ടും സ്നേഹിച്ചു തുടങ്ങാനുള്ള അവസരം അവിടന്ന് നിരന്തരം നല്കുന്നുണ്ട്.

കൃപാവരത്തിന്റെ അത്തരമൊരു നിമിഷമായിരിക്കും ഈ വർഷവും വീണ്ടും നടത്തേണ്ട “24 മണിക്കൂർ കർത്താവിനുവേണ്ടി” എന്ന കർമം. ദിവ്യകാരുണ്യാരാധനയുടെ സാഹചര്യത്തിൽ അനുരഞ്ജന കൂദാശ ആഘോഷിക്കാൻ അത് മുഴുവൻ സഭാസമൂഹത്തെയും ക്ഷണിക്കുന്നു. അത് 2018 മാർച്ച് 9 വെള്ളി മുതൽ മാർച്ച് 10 ശനിവരെ നടക്കും. സങ്കീർത്തനം 130:4-ൽ പറയുന്ന “അങ്ങു പാപം പൊറുക്കുന്നവനാണ്” എന്ന വാക്കുകളാൽ പ്രചോദിപ്പിക്കപ്പെട്ടതാണത്. ഓരോ രൂപതയിലും ഒരു ദേവാലയമെങ്കിലും തുടർച്ചയായി 24 മണുക്കൂറും തുറന്നിട്ടിരിക്കണം - ദിവ്യകാരുണ്യാരാധനയ്ക്കും കൗദാശിക ഏറ്റുപറച്ചിലിനും വേണ്ടിത്തന്നെ.

ഈസ്റ്ററിന്റെ ജാഗരണദിവസം ഈസ്റ്റർ തിരി കത്തിക്കൽ എന്ന വികാരഭരിതമായ കർമം ഒരിക്കൽക്കൂടി നടത്തും. “പുതിയ തീയിൽ” നിന്നെടുത്ത ഈ പ്രകാശം സാവധാനം ഇരുട്ടിനെ കീഴടക്കുകയും ലിറ്റർജിക്കൽ സമ്മേളനത്തെ പ്രകാശിപ്പിക്കുകയും ചെയ്യും. “മഹത്ത്വത്തിൽ ഉയിർക്കുന്ന ക്രിസ്തുവിന്റെ പ്രകാശം നമ്മുടെ ഹൃദയ

ങ്ങളിലെയും മനസ്സുകളിലെയും ഇരുട്ടിനെ നീക്കിക്കളയട്ടെ." എമ്മാവൂസിലേക്കുള്ള വഴിയിൽവച്ച് ശിഷ്യന്മാർക്കുണ്ടായ അനുഭവത്തിൽ വീണ്ടും ജീവിക്കാൻ നമ്മെ എല്ലാവരെയും ശക്തരാക്കുകയും ചെയ്യട്ടെ. ദൈവവചനം കേട്ടുകൊണ്ടും ദിവ്യകാരുണ്യമേശയിൽ നിന്നു പോഷണം സ്വീകരിച്ചുകൊണ്ടും നമ്മുടെ ഹൃദയം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ പൂർവാധികം ജ്വലിക്കട്ടെ.

വാത്സല്യത്തോടും നിങ്ങൾക്ക് എല്ലാവർക്കുംവേണ്ടിയുള്ള എന്റെ പ്രാർത്ഥനകളോടും കൂടി ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ മറക്കരുത്.

വത്തിക്കാനിൽ നിന്ന് 1 നവംബർ 2017
സകല വിശുദ്ധരുടെയും തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 3058/K-5/KCBC/OL/DS 02.01.2018

# ഇരുപത്താറാം ആഗോള രോഗീദിനാചരണ സന്ദേശം – 2018

## ഫ്രാൻസിസ് മാർപാപ്പ

*സഭയുടെ അമ്മ*
*"സ്ത്രീയേ, ഇതാ നിന്റെ മകൻ...ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു. (യോഹ. 19: 26-27)*

പ്രിയ സഹോദരീസഹോദരന്മാരേ,

രോഗികൾക്കുവേണ്ടിയും അവരെ ശുശ്രൂഷിക്കുന്നവർക്കു വേണ്ടിയും സഭ ചെയ്യുന്ന സേവനം നവീകൃതമായ ശക്തിയോടെ തുടരണം. കർത്താവിന്റെ കല്പന അനുസരിച്ചും (cf. ലൂക്കാ 9:2-6; മത്താ 10:1-8; മർക്കോ. 6: 7-13) സഭയുടെ സ്ഥാപകനും ഗുരുവുമായവന്റെ ശക്തമായ മാതൃകയനുസരിച്ചും അങ്ങനെ ചെയ്യണം.

കുരിശിൽക്കിടന്നുകൊണ്ട് ഈശോ തന്റെ അമ്മയായ മറിയത്തോടും യോഹന്നാനോടും പറഞ്ഞ വാക്കുകളിൽനിന്നുള്ളതാണ് ഈ വർഷത്തെ രോഗീദിനത്തിന്റെ പ്രമേയം. "സ്ത്രീയേ, ഇതാ നിന്റെ മകൻ... ഇതാ നിന്റെ അമ്മ. ആ നിമിഷം മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ 19:26-27).

1. കർത്താവിന്റെ വാക്കുകൾ കുരിശിന്റെ രഹസ്യത്തെ വ്യക്തമായി പ്രകാശിപ്പിക്കുന്നുണ്ട്. കുരിശ് പ്രത്യാശ നല്കാത്ത ദുരന്തമല്ല. പിന്നെയോ ഈശോ തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതും അവസാനംവരെയുള്ള സ്നേഹം കാണിക്കുന്നതുമായ ഒന്നാണ്.

ആ സ്നേഹം ക്രൈസ്തവസമൂഹത്തിന്റെയും ഓരോ ശിഷ്യന്റെ ജീവിതത്തിന്റെയും അടിസ്ഥാനവും നിയമവും ആയിത്തീരാനുള്ള താണ്.

യേശുവിന്റെ വാക്കുകൾ, എല്ലാറ്റിനുമുപരി മുഴുവൻ മനുഷ്യ വംശത്തിനുംവേണ്ടിയുള്ള മറിയത്തിന്റെ മാതൃത്വപരമായ വിളിയുടെ ഉറവിടമാണ്. തന്റെ പുത്രന്റെ ശിഷ്യന്മാരെയും അവരുടെ ജീവിത യാത്രയെയും പരിപാലിക്കുന്ന അമ്മയാകാനാണ് മറിയത്തിന്റെ പ്രത്യേക നിയോഗം. തന്റെ പുത്രനോടോ പുത്രിയോടോ ഉള്ള ഒര മ്മയുടെ കരുതൽ അവരുടെ വളർച്ചയുടെ ഭൗതികവും ആത്മീയ വുമായ തലങ്ങൾ ഉൾക്കൊള്ളുന്നതാണല്ലോ.

കുരിശുളവാക്കിയ അവാച്യമായ വേദന മറിയത്തിന്റെ ആത്മാ വിൽ തുളച്ചുകയറിയെങ്കിലും (cf. ലൂക്കാ 2;35) അത് അവളെ തളർത്തിയില്ല. നേരേമറിച്ച്, കർത്താവിന്റെ അമ്മ എന്ന നിലയിൽ ആത്മദാനത്തിന്റെ പുതിയൊരുവഴി അവളുടെ മുമ്പിൽ തുറക്കപ്പെ ട്ടു. യേശു കുരിശിൽവച്ച് സഭയെയും മനുഷ്യവംശം മുഴുവനെയും സംബന്ധിച്ച തന്റെ ശ്രദ്ധ വ്യക്തമാക്കി. അതേ ശ്രദ്ധയിൽ പങ്കുചേ രാൻ മറിയം വിളിക്കപ്പെട്ടു. പെന്തക്കുസ്താദിനത്തിലുണ്ടായ പരി ശുദ്ധാത്മവർഷം പരാമർശിക്കുന്നിടത്ത് അപ്പസ്തോലപ്രവർത്തന ങ്ങൾ വ്യക്തമാക്കുന്നത് മറിയം ഈ ദൗത്യം ആദിമസഭയിൽ നിർവ ഹിക്കാനാരംഭിച്ചു എന്നാണ്. ഒരിക്കലും അസ്തമിക്കാത്ത ഒരു ദൗത്യം!

2. പ്രിയ ശിഷ്യനായ യോഹന്നാൻ മെസയാനിക ജനമാകുന്ന സഭയുടെ പ്രതിരൂപമാണ്. അദ്ദേഹം മറിയത്തെ തന്റെ അമ്മയായി അംഗീകരിക്കണം. അങ്ങനെ ചെയ്തുകൊണ്ട് അവളെ തന്റെ ഭവ നത്തിലേക്കു സ്വീകരിക്കണം; ശിഷ്യത്വത്തിന്റെയെല്ലാം മാതൃക യായി അവളെ കാണണം; യേശു അവൾക്കു നല്കിയ മാതൃത്വ ത്തിന്റെ വിളിയെക്കുറിച്ച് – അതിന്റെ എല്ലാ വിശദീകരണങ്ങളോടു കൂടി-ധ്യാനിക്കണം: യേശു കല്പിക്കുന്നതുപോലെ സ്നേഹിക്കാൻ കഴിവുള്ള കുട്ടികളെ ജനിപ്പിക്കുന്ന സ്നേഹമയിയായ ഒരമ്മ. അതു കൊണ്ടാണ് തന്റെ മക്കളെ സംരക്ഷിക്കാനുള്ള മറിയത്തിന്റെ മാതൃത്വപരമായ വിളി യോഹന്നാനും സഭയ്ക്കുപൊതുവായും ഭര മേല്പിക്കപ്പെട്ടിരിക്കുന്നത്. മറിയത്തിന്റെ മാതൃനിയോഗത്തിൽ ശിഷ്യ സമൂഹം മുഴുവനും ഉൾച്ചേർന്നിരിക്കുന്നു.

3. ശിഷ്യനെന്നനിലയിൽ യോഹന്നാൻ എല്ലാകാര്യങ്ങളും ഈശോയുമായി പങ്കുവച്ചിരുന്നു. അതുകൊണ്ട് പിതാവുമായിട്ടുള്ള കണ്ടുമുട്ടലിലേക്ക് എല്ലാ ജനതകളെയും നയിക്കാൻ തന്റെ ഗുരു ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹത്തിന് അറിയാം. അഹങ്കാരംമൂലമുള്ള ആധ്യാത്മിക രോഗങ്ങളിലും (cf. യോഹ 8:31-39), ശാരീരിക രോഗങ്ങളാലും (cf. യോഹ. 5:6) വലയുന്ന അനേകരെ യേശു കണ്ടുമുട്ടിയിട്ടുണ്ടെന്ന വസ്തുതയ്ക്കു സാക്ഷ്യംവഹിക്കാൻ യോഹന്നാനു സാധിക്കും. ഈശോ എല്ലാവരോടും കരുണ കാണിച്ചു. എല്ലാവരോടും ക്ഷമിച്ചു. ഓരോ കണ്ണീർത്തുള്ളിയും തുടച്ചുമാറ്റപ്പെടുന്ന ദൈവരാജ്യത്തിലെ സമൃദ്ധമായ ജീവന്റെ അടയാളമെന്ന നിലയിൽ രോഗികളെ അവിടന്ന് സുഖപ്പെടുത്തി. മറിയത്തെപ്പോലെ പരസ്പരം കരുതാൻ ശിഷ്യന്മാർ വിളിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല, ഈശോയുടെ ഹൃദയം എല്ലാവരുടെയും മുമ്പിൽ തുറക്കപ്പെട്ടിരിക്കുന്നുവെന്നും ആരെയും അത് ഒഴിവാക്കുന്നില്ലെന്നും ശിഷ്യന്മാർക്ക് അറിയാം. എല്ലാവരും വ്യക്തികളും ദൈവമക്കളുമായതിനാൽ ദൈവരാജ്യത്തിന്റെ സുവിശേഷം എല്ലാവരോടും പ്രഘോഷിക്കപ്പെടണം; ക്രൈസ്തവരുടെ പരസ്നേഹം എല്ലാവരിലേക്കും ചെന്നെത്തണം.

4. പതിതരെയും രോഗികളെയും സംബന്ധിച്ച് സഭയ്ക്കുള്ള മാതൃനിയോഗം അവളുടെ രണ്ടായിരം വർഷത്തിലെങ്ങും മൂർത്തമായി പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. രോഗികൾക്കുവേണ്ടിയുള്ള ശ്രദ്ധേയമായ സംരംഭങ്ങളുടെ പരമ്പരകളിലുടെ പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. സമർപ്പണത്തിന്റെ ഈ ചരിത്രം മറക്കരുത്. ആ ചരിത്രം ഇക്കാലത്തും ലോകമെങ്ങും തുടരുന്നു. പര്യാപ്തമായ ആരോഗ്യപാലന സമ്പ്രദായങ്ങൾ നിലവിലുള്ള രാജ്യങ്ങളിൽ കത്തോലിക്കാ സഭയിലെ സമർപ്പിതസമൂഹങ്ങളുടെയും രൂപതകളുടെയും അവയുടെ ആശുപത്രികളുടെയും ജോലി നല്ല ചികിത്സ നല്കുകയെന്നതു മാത്രമല്ല. പിന്നെയോ സുഖദായക പ്രക്രിയയുടെ കേന്ദ്രത്തിൽ വ്യക്തിയെ പ്രതിഷ്ഠിക്കുകയെന്നതുമാണ്. ജീവനോടും ക്രൈസ്തവ ധാർമ്മിക മൂല്യങ്ങളോടും ആദരവു പുലർത്തിക്കൊണ്ടുള്ള ശാസ്ത്രീയഗവേഷണം നടത്തുകയും ചെയ്യുന്നുണ്ട്. ആരോഗ്യ ശുശ്രൂഷാസമ്പ്രദായങ്ങൾ അപര്യാപ്തമായിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യുന്ന രാജ്യങ്ങളിൽ ആരോഗ്യം വർദ്ധിപ്പിക്കാനും ശിശുമരണം ഒഴിവാക്കാനും സാംക്രമികരോഗങ്ങൾക്കെ

തിരേ പടപൊരുതാനും എന്തു ചെയ്യാനാവുമെന്നു സഭ അന്വേഷിക്കുന്നു. എല്ലായിടത്തും ശുശ്രൂഷനല്കാൻ അവൾ പരിശ്രമിക്കുന്നുണ്ട്. സുഖപ്പെടുത്തലിനു സാധ്യതയില്ലാത്തിടത്തും അങ്ങനെ ചെയ്യുന്നു. സഭയ്ക്ക് "യുദ്ധക്കളത്തിലെ ആശുപത്രി" എന്നൊരു പ്രതിഛായയുണ്ട്. അതു വസ്തുനിഷ്ഠമായ ഒന്നാണ്. ജീവിതത്തിൽ മുറിവേറ്റ എല്ലാവരെയും അതു സ്വാഗതംചെയ്യുന്നു. എന്തെന്നാൽ, ലോകത്തിന്റെ ചിലഭാഗങ്ങളിൽ മിഷണറിമാരുടെ ആശുപത്രികളും രൂപതകളുടെ ആശുപത്രികളും മാത്രമാണ് ജനങ്ങൾക്ക് അത്യാവശ്യമായ ശുശ്രൂഷ നല്കുന്ന സ്ഥാപനങ്ങൾ.

5. രോഗീശുശ്രൂഷയുടെ സുദീർഘമായ ഈ ചരിത്രത്തെക്കുറിച്ചുള്ള ഓർമ ക്രൈസ്തവ സമൂഹത്തിന് സന്തോഷിക്കാനുള്ള ഒരു കാരണമാണ്, പ്രത്യേകിച്ച് ഈ ശുശ്രൂഷയിൽ ഇന്ന് ഏർപ്പെട്ടിരിക്കുന്നവർക്ക്. എന്നാലും നമ്മൾ സർവോപരി ഭൂതകാലത്തേക്കു നോക്കണം, അതു നമ്മെ സമ്പന്നരാക്കാൻവേണ്ടിത്തന്നെ. അതു നമ്മെ പഠിപ്പിക്കുന്ന പാഠം നാം പഠിക്കണം. രോഗികളെ ശുശ്രൂഷിക്കാൻവേണ്ടി സ്ഥാപനങ്ങൾ സ്ഥാപിച്ച അനേകരുടെ ആത്മപരിത്യാഗപരമായ ഔദാര്യത്തെക്കുറിച്ച് അതു പഠിപ്പിക്കുന്നു. നൂറ്റാണ്ടുകളായി സമാരംഭിച്ചതും പരസ്നേഹത്താൽ പ്രചോദിപ്പിക്കപ്പെട്ടതുമായ അനേകം സംരംഭങ്ങളെ ഓർമിക്കണം. രോഗികൾക്ക് നവീനവും ആശ്രയയോഗ്യവുമായ മാർഗങ്ങളെ ശാസ്ത്രീയ ഗവേഷണങ്ങളിലൂടെ കണ്ടെത്താൻ നടത്തിയ പരിശ്രമങ്ങളെ നാം സ്മരിക്കണം. ഭൂതകാലത്തെ ഈ ഇഷ്ടദാനം കുടുതൽ നല്ല ഭാവികെട്ടിപ്പടുക്കുവാൻ നമ്മെ സഹായിക്കും. ഉദാഹരണമായി, ആതുരശുശ്രൂഷയെ ലാഭകരമായ സംരംഭമാക്കാൻ ലോകവ്യാപകമായി പരിശ്രമിക്കുന്ന വ്യവസായിക മനോഭാവത്തിൽനിന്ന് കത്തോലിക്കാ ആശുപത്രികളെ സംരക്ഷിക്കണം. ലാഭമുണ്ടാക്കാനുള്ള സംരംഭം ദരിദ്രരെ അവഗണിക്കുന്നു. രോഗികളുടെ മഹത്ത്വത്തെ ആദരിക്കണമെന്നത് വിവേകപൂർണമായ സംഘാടനവും പരസ്നേഹവും ആവശ്യപ്പെടുന്നു. ചികിത്സയിലെങ്ങും വ്യക്തിമഹത്ത്വത്തോടുള്ള ബഹുമാനം കേന്ദ്രസ്ഥയാഥാർത്ഥ്യമായി സൂക്ഷിക്കണമെന്ന് അത് ആവശ്യപ്പെടുന്നു. പൊതുസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ക്രൈസ്തവർക്കും ഈ സമീപനമുണ്ടായിരിക്കണം. അവരും സേവനത്തിലൂടെ സുവിശേഷത്തിന് സാക്ഷികളാവണം– ഉത്തമബോധ്യം നല്കുന്ന സാക്ഷികളാകണം.

6. ഈശോ സഭയ്ക്കു തന്റെ സൗഖ്യദായക ശക്തിനല്കി. "വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും... അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും. അവർ സുഖംപ്രാപിക്കുകയും ചെയ്യും" (മർക്കോ 16:17-18). വിശുദ്ധ പത്രോസും (cf. അപ്പ 3:4-8) വിശുദ്ധ പൗലോസും (cf. അപ്പ 14:8-11) സൗഖ്യദായക പ്രവൃത്തികൾ ചെയ്തതിന്റെ വിവരണം അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം വായിക്കുന്നുണ്ട്. സഭയുടെ ദൗത്യം ഈശോയുടെ ദാനത്തോടുള്ള പ്രത്യുത്തരമാണ്. എന്തെന്നാൽ രോഗികളിലേക്ക് യേശുവിന്റെതന്നെ നോട്ടം എത്തണമെന്ന് സഭയ്ക്ക് അറിയാം. അവിടത്തെ നോട്ടം വൈകാരികതയും സഹതാപവും നിറഞ്ഞതാണ്. ആരോഗ്യദായകശുശ്രൂഷ എപ്പോഴും അത്യാവശ്യമായിട്ടുള്ളതും മൗലികമായിട്ടുള്ളതുമാണ്; എല്ലാവരും നവീകൃതമായ ആവേശത്തോടെ ചെയ്യേണ്ടതുമാണ്. ഇടവകസമൂഹം മുതൽ ഏറ്റവും വലിയ ആരോഗ്യദായക സ്ഥാപനങ്ങൾവരെ അങ്ങനെ ചെയ്യണം. സ്ഥിരരോഗികളായിട്ടുള്ളവരെ അല്ലെങ്കിൽ ഗൗരവപൂർണമായ രീതിയിൽ അംഗവൈകല്യമുള്ള കുട്ടികളെയും മാതാപിതാക്കളെയും ബന്ധുക്കളെയും അനേകം കുടുംബങ്ങൾ ശുശ്രൂഷിക്കുന്നുണ്ട്. അവരുടെ വാത്സല്യവും സ്ഥിരോത്സാഹവും നമുക്കു മറക്കാനാവുകയില്ല. കുടുംബങ്ങൾക്കുള്ളിൽത്തന്നെ നല്കപ്പെടുന്ന ശുശ്രൂഷ മനുഷ്യവ്യക്തിയോടുള്ള സ്നേഹത്തിന്റെ അസാധാരണമായ സാക്ഷ്യമാണ്. അതു വേണ്ടവിധം അംഗീകരിക്കപ്പെടണം; സമുചിതമായ പോളിസികളാൽ പിന്തുണയ്ക്കപ്പെടുകയുംവേണം. ഡോക്ടർമാരും നേഴ്സുമാരും വൈദികരും സമർപ്പിതരായ സ്ത്രീപുരുഷന്മാരും സന്നദ്ധസേവകരും കുടുംബങ്ങളും രോഗികളെ ശുശ്രൂഷിക്കുന്ന എല്ലാവരും സഭാപരമായ ഈ ദൗത്യത്തിൽ പങ്കുചേരുന്നുണ്ട്. ഇത് പങ്കുവയ്ക്കപ്പെടുന്ന ഒരു ഉത്തരവാദിത്വമാണ്; ഓരോ വ്യക്തിയും ഓരോ ദിവസവുംചെയ്യുന്ന സേവനത്തിന്റെ മൂല്യത്തെ വർദ്ധിപ്പിക്കുന്നതുമാണ്.

7. ശരീരത്തിലും ആത്മാവിലും രോഗികളായിട്ടുള്ള എല്ലാവരെയും വാത്സല്യത്തിന്റെ അമ്മയായ മറിയത്തിനു സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു- അവരെ അവൾ പ്രത്യാശയിൽ നിലനിറുത്താൻ വേണ്ടിത്തന്നെ. രോഗികളായ സഹോദരീസഹോദരന്മാരെ സ്വാഗതംചെയ്യുന്നവരാകാൻ നമ്മെ സഹായിക്കണമേ എന്ന് ഞാൻ അവളോടു പ്രാർഥിക്കുന്നു. രോഗികളെ ശുശ്രൂഷിക്കുകയെന്ന സുവി

ശേഷപരമായ കടമ നിർവഹിച്ചുകൊണ്ടു ജീവിക്കാൻ പ്രത്യേകമായ ദൈവകൃപ തനിക്ക് ആവശ്യമാണെന്ന് സഭയ്ക്ക് അറിയാം. ദൈവ മാതാവിനോടുള്ള നമ്മുടെ പ്രാർഥനയിലെ ഐക്യം നിരന്തരമായ ഒരു യാചനയായിരിക്കട്ടെ; ജീവനെയും ആരോഗ്യത്തെയും സേവി ക്കുവാനുള്ള വിളിയെ സ്നേഹിച്ചുകൊണ്ട് ഓരോ സഭാംഗവും ജീവി ക്കുവാനുള്ള യാചനയായിരിക്കട്ടെ. ഇരുപത്തി ആറാമത്തെ ഈ രോഗീലോകദിനത്തിൽ കന്യകാമറിയം മാധ്യസ്ഥത വഹിക്കട്ടെ. സഹിക്കുന്നവർ തങ്ങളുടെ സഹനത്തെ കർത്താവായ ഈശോയുടെ സഹനത്തോടുചേർത്ത് സഹിക്കുവാൻ അവൾ സഹായിക്കട്ടെ. സഹിക്കുന്നവരെ ശുശ്രൂഷിക്കുന്ന എല്ലാവരെയും അവൾ പിന്താ ങ്ങട്ടെ. രോഗികളും, ശുശ്രൂഷാദായകരും സന്നദ്ധസേവകരുമായ എല്ലാവർക്കും ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽനിന്ന് 26 നവംബർ 2017
പ്രപഞ്ചരാജാവായ ഈശോമിശിഹായുടെ ആഘോഷദിനം

**ഫ്രാൻസിസ് മാർപാപ്പ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

# TRANSFER AND APPOINTMENT
## (December 2017)

Fr. Kuriakose Pangottil,
relieved from Chaplain, Clara Nagar, Thidanad

Fr. Sebastian Mannoor OFM Cap,
Assistant Vicar, Kudayathoor

Fr. Thomas Vettikakayil OFM Cap,
Assistant Vicar, Kalathoor

Fr. Dinny Kuruppassery OFM Cap,
Assistant Vicar, Arunoottimangalam

Fr. Joseph Palliparambil OFM Cap,
Assistant Vicar, Lalam Old

Fr. Paul Puthanpurakkal O. Praem,
Assistant Vicar, Ullanad

Fr. Joseph Madathikunnel,
Spiritual Director, St. Alphonsa Shrine, Bharananganam

Fr. George Edayodiyil,
relieved from Spiritual Director, St. Alphonsa Shrine, Bharananganam & residence at Mar Aprem Priest Home, Pala

# Eparchy of Palai

## GENERAL TRANSFERS & APPOINTMENTS of Very Rev / Rev. Fathers of the Eparchy of Palai with effect from 03 February 2018

### A. PARISHES & INSTITUTIONS

### Very Rev / Rev. Father

| | Name | Parish / Office |
|---|---|---|
| 1. | Ammottukunel Mathew | Relieved, Vicar, Thakady (additional) |
| 2. | Ampazhathumkal George | Vicar, Kurichithanam |
| 3. | Anchanickal Jose | Pastoral Minstry, Syro Malabar Eparchy of Great Britain (Interim residence at Alphonsian Pastoral Insitute, Arunapuram) |
| 4. | Anithanam Kurian | Vicar, Anthiyalam |
| 5. | Aranjani Puthenpura Augustine | Vicar, Koottickal Forane |
| 6. | Attappatt Zacharias | Vicar, Chemmalamattam |
| 7. | Ayallukunnel Thomas | Vicar, Mannar |
| 8. | Chakkalackal Joseph | Vicar, Josegiri |
| 9. | Cherukarakunnel Sebastian | Vicar, Alphonsagiri |
| 10. | Ennackapallil Mathew | UGC Course, (Interim residence at Alphonsian Pastoral Insitute, Arunapuram, Pala) |
| 11. | Erimattathil Abraham | Vicar, Kanjiramattam |
| 12. | Kallarackal Martin | Theology Course at Muringoor. (Interim residence at St. Alphonsa Shrine Church and the Pilgrim Centre, Bharananganam) |
| 13. | Kappil Joseph | Vicar, Chettuthodu |
| 14. | Kattackal James | Retired & Spritual Director, St. Alphonsa Shrine Church and the Pilgrim Centre, Bharananganam |

| | | |
|---|---|---|
| 15. | Kizhakkeparampil Michael | Vicar, Pious Mount |
| 16. | Kollamparambil Devasia | Vicar, Kaduthuruthy Forane |
| 17. | Kulamakkal Abraham | Vicar, Chennad |
| 18. | Kulangara Philip | Vicar, Neeloor |
| 19. | Kunnappally Jose | Vicar, Thuruthipally |
| 20. | Kuppapuzhackal Abraham | Vicar, Mannarappara |
| 21. | Madathiparampil Thomas | Vicar, Kakkoor |
| 22. | Mecheril Joseph | Vicar, Mavady |
| 23. | Modiyil Scaria | Vicar, Keezhoor |
| 24. | Moloparampil Scaria | Vicar, Narianganam |
| 25. | Moolayil Thomas | Vicar, Moonnani |
| 26. | Moolechalil Thomas | Vicar, Neeranthanam |
| 27. | Moolekunnel Alex | Special Confessor, Kizhathadiyoor |
| 28. | Mulangattil George | Retired & Chaplain, Claranagar, Thidanad |
| 29. | Muthanatt Joseph | Rector, GSM Seminary, Karoor |
| 30. | Nadackal George | Vicar, Mallikasserry |
| 31. | Naduvilekoot Ignatius | Vicar, Moozhoor |
| 32. | Narikkatt Michael | Vicar, Thidanad |
| 33. | Narithookil Joseph | Vicar, Piravom |
| 34. | Niravath George | Retired & Special Confessor, Kuravilangad |
| 35. | Ouseparampil Michael | Spiritual Director, St. Alphonsa Shrine Church and the Pilgrim Centre, Bharananganam |
| 36. | Panampuzha Joseph | Vicar, Plassanal |
| 37. | Pandiamackal Joseph (Jr.) | Vicar, Palackattumala |
| 38. | Panthalanickal Christy | Vicar, Kakkomb |
| 39. | Paracka Paul | Vicar, Velanilam |
| 40. | Parackal Thomas | Spiritual Director, GSM Seminary, Karoor |
| 41. | Parakandathil Thomas | Pastoral Ministry, Syro Malabar Eparchy of Great Britain (Interim residence at Alphonsian Pastoral Insitute, Arunapuram |

| | | |
|---|---|---|
| 42. | Parampithadatil George | Warden, St. Paul's Boys' Hostel, Ramapuram |
| 43. | Peedikamalayil Augustine | MTh Studies, Paurastya Vidyapitham, Vadavathoor |
| 44. | Peedikayil Mathew | Vicar, Thodanal |
| 45. | Pinakkatt Mathew(Jr.) | Vicar, Adukkam |
| 46. | Potheettel John | Vicar, Koodalloor |
| 47. | Pullukalayil George | Vicar, Thakidy (Additional) |
| 48. | Puthenpurackal Mathew | Spiritual Director, St. Alphonsa Shrine Church and the Pilgrim Centre, Bharananganam |
| 49. | Puthiyaparampil George | Vicar, Marangoly |
| 50. | Puzhakkara Sebastian | Vicar, Kurinji |
| 51. | Thadathil Kurian | Relieved, Vicar, Moonnani (additional) |
| 52. | Thalodil Joseph | Mary Matha Major Seminary, Thrissur (Interim residence at Alphonsian Pastoral Insitute, Arunapuram) |
| 53. | Thevarkunnel Mathew | Vicar, Kondad |
| 54. | Vadakkekutt Joseph | Director, DCMS |
| 55. | Vadakkel Cyriac | Vicar, Mutholapuram |
| 56. | Vadakkel Jacob | Vicar, Lalam New |
| 57. | Valummel Thomas | Vicar, Velliamattam |
| 58. | Varickamakal Augustine | Vicar, Melukavumattam |
| 59. | Vellamaruthunkal | Pro. Director, Pala Caritas Educational Aid Fund (additional) |
| 60. | Vettathel Joseph | Vicar, Paduva |
| 61. | Vettukallel Sebastian | Vicar, Cathedral |

## B. PARISHES & INSTITUTIONS (ASSISTANTS)

| | | |
|---|---|---|
| 62. | Ambattu Joseph | Asst. Vicar, Kanjiramattam |
| 63. | Ambattupadavil Joseph | Asst. Vicar, Aruvithura |
| 64. | Aranjanyputhenpura Joseph | Lecturer, Department of MCA, & Asst. Warden, St. Thomas Hostel, SJCET, Choondachery |

| | | |
|---|---|---|
| 65. | Cheenothuparambil Joseph | Asst. Vicar, Monippally |
| 66. | Choorakkattu George | Asst. Vicar, Koodalloor |
| 67. | Edettu John | Asst. Vicar, Mutholapuram |
| 68. | Ettuparayil George | Pastoral Ministry, Syro Malabar Eparchy of Great Britain (Interim residence at Alphonsian Pastoral Insitute, Arunapuram) |
| 69. | Inchakuzhiyil Augustine | Asst. Vicar, Kanjirathanam |
| 70. | Kakkaniyil Abraham | Asst. Vicar, Retnagiri |
| 71. | Kandathikudilil Augustine | Asst. Vicar, Kaduthuruthy |
| 72. | Kannanthanam John | Relieved, Assistant Vicar, Kizhathadiyoor & Residence at Cathedral |
| 73. | Keeramthadathil Joseph | Asst. Vicar, Moolamattam |
| 74. | Kochodackal Thomas | Asst. Vicar, Thidanad |
| 75. | Kolath Mathew | Asst. Vicar, Kothanalloor |
| 76. | Kottarathil George | Pastoral Ministry, Palai Mission in Adilabad |
| 77. | Kozhuppankutty Mani | Asst. Vicar, Kuravilangad |
| 78. | Kumbukkal Thomas | Asst. Vicar, Poovarany |
| 79. | Kumbulumkal Mathew | Guest Lecturer, St. Thomas College, Pala & Residence, Philip's Hostel, Arunapuram |
| 80. | Kunnackatt Robert CRM | Asst. Vicar, Yendayar |
| 81. | Kunnackattu Joseph | Pastoral Ministry, Melbourne (Interim residence at Alphonsian Pastoral Insitute, Arunapuram) |
| 82. | Kurumuttath Joseph | Asst. Vicar, Koottickal |
| 83. | Kuttianickal Martin | Pastoral Ministry, Pesaro, Italy (additional) |
| 84. | Kuttikattu Thomas | Asst. Vicar, Kuravilangad |
| 85. | Madickangal James | Asst. Vicar, Cherpunkal |
| 86. | Maprakarottu Sebastian | Asst. Vicar, Paika (Additional) |
| 87. | Mundunadackal Mathew | Asst. Vicar, Kozhuvanal |
| 88. | Muthuplackal Mathew | Asst. Vicar, Muttuchira |
| 89. | Nellickal George | Asst. Vicar, Kuravilangad |

| | | |
|---|---|---|
| 90. | Palackattukunnel Mathew | Asst. Vicar, Arakuam New |
| 91. | Pattery Thomas | Asst. Vicar, Pravithanam |
| 92. | Ponnumvarikkayil George | Asst. Vicar, Peringulam |
| 93. | Thayil Thomas | Asst. Director, Syro Malabar Youth Movement (SMYM) & Director, Syriac Studies, Kummannoor |
| 94. | Thegumpallil Joseph | Asst. Vicar, Maragattupally (additonal) |
| 95. | Theruvil Joseph | Asst. Vicar, Plassanal |
| 96. | Vadakkethakidiyel Kuriakose | Resident Tutor, C.R. Hostel, Arunapuram |
| 97. | Vattamukalel Kuriakose | Asst. Vicar, Teekoy |
| 98. | Vazhayil Antony | Pastoral Ministry, Palai Mission in Adilabad |
| 99. | Vengaloor Mathew | Asst. Vicar, Elanji |
| 100. | Vennayappillil Mathew | Asst. Vicar, Kuravilangad |

## ദളിത് കത്തോലിക്കാ മഹാജനസഭ

**(ഡിസിഎംഎസ്)**

**2018–2021 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

യൂണിറ്റ് (ഇടവകതലത്തിൽ) ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ യോഗംചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുക്കണം. യൂണിറ്റു തെരഞ്ഞെടുപ്പിനും പുതിയ അംഗങ്ങളെ ചേർക്കുന്നതിനുമുള്ള ഫോമുകൾ രൂപതാ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. 2018 ഫെബ്രുവരി 28 വരെ യൂണിറ്റ് തെരഞ്ഞെടുപ്പും ഏപ്രിൽ 30 വരെ രൂപതാതെരഞ്ഞെടുപ്പും മെയ് ആദ്യആഴ്ചയിൽ കാഞ്ഞിരപ്പള്ളിയിൽവച്ച് സംസ്ഥാന തെരഞ്ഞെടുപ്പും നടത്തപ്പെടും. ബഹുമാനപ്പെട്ട വികാരി (ഡയറക്ടർ) യൂണിറ്റുകളിൽ യോഗം വിളിച്ചുചേർത്ത് ഭാരവാഹികളെ തെരഞ്ഞെടുത്തശേഷം ലിസ്റ്റുകൾ രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

**വിശദവിവരങ്ങൾക്ക്:**

**ഡിസിഎംഎസ് ഓഫീസ്, ഷലോം പാസ്റ്ററൽ സെന്റർ, പാലാ. ഫോൺ: 8281961038.**

# List of Very/ Rev Fathers to observe Prayer Day and to Officiate Ramsa at BHARANANGANAM

| | |
|---|---|
| Parakandathil Thomas | February 10 |
| Paraplackal Augustine | February 11 |
| Paraplackal Paul | February 12 |
| Parathotty Mathew | February 13 |
| Paravummel Joseph | February 14 |
| Parekunnel George | February 15 |
| Pariyappanal Johnson | February 16 |
| Paruthiparayil Thomas | February 17 |
| Pathickelputhenpurayil Kuriakose | February 18 |
| Pattery Thomas | February 19 |
| Pazheparampil Sebastian | February 20 |
| Peedikamalayil Augustine | February 21 |
| Peedikayil Mathew | February 22 |
| Periappuram Emmanuel | February 23 |
| Pinakkattu Mathew (Jr) | February 24 |
| Poovathumkal Jose | February 25 |
| Porunnolil James | February 26 |
| Potheettel John | February 27 |
| Pottakulam Jacob | February 28 |
| Pulickaparambil Mathew | March 01 |
| Pulithanathu Kuriakose | March 02 |
| Pullattu Thomas | March 03 |
| Pulleettu Johnson | March 04 |

# വാർത്തകൾ




## വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. തീർത്ഥാടനകേന്ദ്രം സന്ദർശിച്ച വിശിഷ്ട വ്യക്തികൾ**

കൽദായ കത്തോലിക്കാസഭയുടെ പാത്രിയാർക്കീസ് മാർ ലൂയീസ് റാഫേൽ സാക്കോ, കിർക്കുക്ക് അതിരൂപത മെത്രാപ്പോലീത്ത യൂസഫ് തോമസ്, ബാഗ്ദാദ് രൂപത സഹായമെത്രാൻ മാർ ബാസിൽ യെൽദോ, ഗ്രീക്ക് ബിഷപ്പ് എമരിറ്റസ് മാർ ദിമിത്രിയോസ് ബലാക്കസ്, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജോസഫ് സ്രാമ്പിക്കൽ, മാർ ജേക്കബ് അങ്ങാടിയത്ത്, അമേരിക്കയിലെ മർക്കറ്റ് രൂപതാമെത്രാൻ ഡോ. ജോൺ ഡോയേഫ്ളർ, മാർ ജോയി ആലപ്പാട്ട്, ഷിക്കാഗോ, സാഗർ രൂപതയുടെ നിയുക്ത മെത്രാൻ മോൺ. ജെയിംസ് അത്തിക്കളം, ശ്രീലങ്കയിലെ ഗോൽ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് റെയ്മണ്ട്, ആലപ്പുഴ രൂപതയുടെ നിയുക്ത സഹായമെത്രാൻ ജെയിംസ് റാഫേൽ ആനാപറമ്പിൽ, മോൺ. പാസ്ക്കൽ, പാരീസ്.

**2. പാത്രിയാർക്കീസ് മാർ ലൂയീസ് റാഫേൽ സാക്കോയ്ക്ക് സ്വീകരണം**

കൽദായ കത്തോലിക്കാസഭയുടെ പാത്രിയാർക്കീസ് മാർ ലൂയീസ് റാഫേൽ സാക്കോയ്ക്കും അദ്ദേഹത്തോടൊപ്പമെത്തിയ മെത്രാൻ സംഘത്തിനും തീർത്ഥാടനകേന്ദ്രത്തിൽ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജോസഫ് സ്രാമ്പിക്കൽ, മോൺ. ജോസഫ് കുഴിഞ്ഞാലിൽ, മോൺ. ജോസഫ് കൊല്ലംപറമ്പിൽ തുടങ്ങിയവർ സംബന്ധിച്ചു. സുറിയാനിഭാഷയിൽ നടത്തിയ പ്രാർത്ഥനാശുശ്രൂഷയ്ക്ക് പാത്രിയാർക്കീസ് നേതൃത്വംനൽകി.

**3. രോഗീവയോജന ശുശ്രൂഷ**

രണ്ടാം വെള്ളിയാഴ്ചകളിൽ നടന്നുവരുന്ന രോഗീവയോജന ശുശ്രൂഷയ്ക്ക് ഫാ. തോമസ് ഇല്ലിമൂട്ടിൽ നേതൃത്വംനൽകി.

**4. കൊടിമരം വെഞ്ചരിപ്പ്**

വിശുദ്ധ അൽഫോൻസാവഴി ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിസൂചകമായി ശ്രീ അലക്സാണ്ടർ കുന്നുംപുറത്ത്, കടവൂർ കൊല്ലം പണികഴിപ്പിച്ചുതന്ന കൊടിമരത്തിന്റെ വെഞ്ചരിപ്പുകർമ്മം മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു.

**5. ശെമ്മാശന്മാർക്ക് യാത്രാമംഗളങ്ങൾ**

രൂപതയിലെ വിവിധ ഇടവകകളിൽ സഹായിക്കുന്നതിനുവേണ്ടി വട വാതൂർ സെമിനാരിയിൽനിന്ന് ഞായറാഴ്ചകളിൽ എത്തിക്കൊണ്ടിരുന്ന ശെമ്മാശന്മാർക്ക് നന്ദി പ്രകാശിപ്പിക്കുന്നതിനും അവരെ അനുമോദിക്കുന്ന തിനുമായി തീർത്ഥാടനകേന്ദ്രത്തിൽ സമ്മേളനംനടത്തി. മാർ ജോസഫ് കല്ലറ ങ്ങാട്ട്, മോൺ. ജോസഫ് കുഴിഞ്ഞാലിൽ എന്നിവർ പങ്കെടുത്തു.

**6. ജപമാല-മെഴുകുതിരി പ്രദക്ഷിണം**

ശനിയാഴ്ചകളിൽ പരിശുദ്ധ കുർബാനയ്ക്കും ജപമാല-മെഴുകുതിരി പ്രദ ക്ഷിണത്തിനും ഫാ. മാത്യു മുളങ്ങാശ്ശേരിൽ, ഫാ. ജോസഫ് വെട്ടൂണിക്കൽ, ഫാ. ജോസ്ലെറ്റ് ആറ്റുചാലിൽ, ഫാ. കുര്യൻ വരിക്കമാക്കൽ എന്നിവർ നേതൃത്വം നൽകി.

**7. രാത്രി ആരാധന**

മാസാവസാനത്തെ ശനിയാഴ്ചകളിൽ നടന്നുവരുന്ന രാത്രി ആരാധന യിൽ പൊടിമറ്റം ധ്യാനകേന്ദ്രത്തിൽനിന്നുള്ള ബ്ര. സാജൻ നെല്ലിമലമറ്റം വചനപ്രഘോഷണം നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ (റെക്ടർ)**

# വിശ്വാസപരിശീലനകേന്ദ്രം

**1. മികച്ച വിശ്വാസപരിശിലകനുള്ള അവാർഡ്**

2017 -2018 വർഷത്തിലെ മികച്ച വിശ്വാസപരിശീലകനുള്ള ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ അവാർഡിനു കാക്കൂർ സൺഡേസ്കൂൾ അദ്ധ്യാപകനായ ശ്രീ. പി. പി. ഉലഹന്നൻ പുളിന്താനത്ത് അർഹനായി. തികഞ്ഞ കർഷകനും കഠിനാധ്വാനിയുമായ ഉലഹന്നൻസാർ കഴിഞ്ഞ 40 വർഷമായി വിശ്വാസപരി ശീലനരംഗത്ത് പ്രവർത്തിക്കുന്നു. ദൈവശാസ്ത്രത്തിൽ ഡിപ്ലോമ കരസ്ഥ മാക്കിയ ഈ കുടുംബനാഥൻ സഭയോടുള്ള തീക്ഷ്ണമായ സ്നേഹത്തി ന്റെയും ഉത്തമകുടുംബജീവിതത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും മാതൃകയും, ഇടവകയിൽ സേവനം ചെയ്തിട്ടുള്ള വികാരിമാർക്കും ഇടവക സമൂഹത്തിനും ഏറെ പ്രിയപ്പെട്ടവനുമാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണി ച്ചാണ് ശ്രീ. പി.പി. ഉലഹന്നൻ സാറിനെ അവാർഡിനായി തെരഞ്ഞെടു

ത്തത്. ജനു. 26–ാം തീയതി ഉച്ചകഴിഞ്ഞ് നടന്ന രൂപതാ വാർഷികത്തിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അവാർഡ് സമ്മാനിച്ചു. ബഹു. സാറിനും സാറിന്റെ കുടുംബാംഗങ്ങൾക്കും രൂപതവിശ്വാസപരിശിലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

**2. സി. ജൂലിയ SH വിരമിച്ചു**

പതിമൂന്നുവർഷക്കാലം രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ സ്തുത്യർഹ സേവനം അനുഷ്ഠിച്ച സി. ജൂലിയ SH വിരമിച്ചു. ബഹു. സിസ്റ്ററിന്റെ സേവനം രൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിനും രൂപതയിലെ സൺഡേസ്കൂളുകൾക്കും വലിയ മുതൽക്കൂട്ടായിരുന്നുവെന്ന കാര്യം നന്ദിയോടെ അനുസ്മരിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു.

അടിവാരം തിരുഹൃദയമഠത്തിലെ സി. തെരേസ് പിണക്കാട്ട് SH വിശ്വാസ പരിശീലന കേന്ദ്രത്തിലെ പുതിയ സെക്രട്ടറിയായി ചാർജ്ജെടുത്തു. സിസ്റ്ററിനു പ്രാർത്ഥനാശംസകൾ.

**3. റവ. ഡോ. കുര്യൻ മാതോത്തിനെ ആദരിച്ചു**

1973 മുതൽ 15 വർഷക്കാലം രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിനു നേതൃത്വവും ദിശാബോധവും നല്കിയ റവ. ഡോ കുര്യൻ മാതോത്തച്ചനു പൗരോഹിത്യ സുവർണ്ണ ജൂബിലിനിറവിൽ ആദരവർപ്പിച്ചു. ജനു. 26–ാം തീയതി പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്ന പ്രഥമാദ്ധ്യാപകസമ്മേളനത്തിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ബഹു. അച്ചനെ പൊന്നാടയണിയിച്ചാദരിക്കുകയും ഉപഹാരം നൽകുകയും ചെയ്തു.

**4. പ്രഥമാദ്ധ്യാപകസമ്മേളനം**

പ്രഥമാദ്ധ്യാപകസമ്മേളനം ജനു. 26 ാം തീയതി രാവിലെ 9.30 ന് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്നു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് മുഖ്യപ്രഭാഷണം നടത്തി. വെരി. റവ. ഫാ.സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ ക്ലാസ് നയിച്ചു. ചർച്ചകൾക്കും മാർഗനിർദേശങ്ങൾക്കുംശേഷം 12.30 നു യോഗം അവസാനിച്ചു.

**5. ബെസ്റ്റ് സൺഡേസ്കൂൾ**

രൂപതയിലെ ഈ വർഷത്തെ ഏറ്റവും മികച്ച സൺഡേസ്കൂളുകളായി എ, ബി, സി വിഭാഗങ്ങളിൽ താഴെപ്പറയുന്ന സൺഡേസ്കുളുകൾ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

| A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|
| Ist അടിവാരം | Ist അറക്കുളം ന്യൂ | Ist കുറവിലങ്ങാട് |
| 2nd ഗാഗുൽത്താ | 2nd മണ്ണയ്ക്കനാട് | 2nd രാമപുരം |

ജനു. 26–ാം തീയതി നടന്ന വാർഷിക സമ്മേളനത്തിൽവച്ച് ട്രോഫികളും സമ്മാനങ്ങളും രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മാനിച്ചു. ബെസ്റ്റ് സൺഡേസ്കൂളുകളായി തെരഞ്ഞെടുക്കപ്പെട്ട ഇടവകകളിലെ ബഹു. ഡയറക്ടറച്ചന്മാർക്കും പ്രഥമാദ്ധ്യാപകർക്കും വിശ്വാസപരിശീലകർക്കും കുട്ടികൾക്കും രൂപതാവിശ്വാസപരിശിലനകേന്ദ്രത്തിന്റെ ഹൃദയപൂർവ്വമായ അഭിനന്ദനങ്ങൾ.

6. **X, XII ക്ലാസുകളിലെ രജിസ്ട്രേഷൻ**

X, XII ക്ലാസ്സുകളിലെ പരീക്ഷ ഏപ്രിൽ 2 തിങ്കളാഴ്ച നടക്കുന്നതാണ്. പരീക്ഷയുടെ രജിസ്ട്രേഷൻ ഫെബ്രു. 5-ാം തീയതി 4 മണിക്കുമുമ്പു നട ത്തേണ്ടതാണ്.

7. **സ്കൂൾ വിശ്വാസ-സന്മാർഗബോധന സ്കോളർഷിപ്പ് പരീക്ഷ**

സ്കൂളിലെ വിശ്വാസസന്മാർഗബോധന സ്കോളർഷിപ്പ് പരീക്ഷകൾ ജനു. 13-ാം തീയതി വിവിധ കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെട്ടു. അരുവിത്തുറ, മൂലമറ്റം, കുറവിലങ്ങാട്, പാലാ സെന്റ്മേരീസ് എന്നീ കേന്ദ്രങ്ങളിൽവച്ചു നടത്തപ്പെട്ട പരീക്ഷക്ക് ശ്രീ. തോമസ് അടുപ്പുകല്ലുങ്കൽ, ശ്രീ. മാർട്ടിൻ ജോസഫ്, ശ്രീ. ചാൾസ് കാരയ്ക്കാട്ട്, ശ്രീ. റോയി ജെ. കല്ലറങ്ങാട്ട് എന്നിവർ നേതൃത്വം നല്കി.

8. **ജീവിത സെമിനാറുകൾ**

രൂപതയിലെ സ്കൂളുകളിൽ 10,12 ക്ലാസുകളിലെ വിദ്യാർത്ഥിനീ-വിദ്യാർത്ഥി കൾക്കായി രൂപതാ വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ജീവിത ദർശന സെമിനാറുകൾ നടത്തി. ദൈവവിളി ആഭിമുഖ്യം പരിപോഷിപ്പിക്കു ന്നതിനായി വിവിധ സ്കൂളുകളിൽ നടത്തിയ സെമിനാറുകൾക്ക് റവ. ഫാ. ജോൺ കണ്ണന്താനത്ത് റവ. ഫാ. ജോസഫ് മണിയങ്ങാട്ട്, റവ. ഫാ. സെബാസ്റ്റ്യൻ മാപ്രക്കരോട്ട്, റവ. ഫാ. അബ്രാഹം തകടിയേൽ, റവ. ഫാ. മാത്യു കോലത്ത്, റവ.ഫാ. ജേക്കബ് മടിയ്ക്കാങ്കൽ എന്നിവർ നേതൃത്വം നൽകി.

9. **തിരുബാലസഖ്യദിനം**

തിരുബാലസഖ്യദിനം ഫെബ്രു. 11 -ാം തീയതി ആചരിക്കുന്നു. ദേവാല യങ്ങളിൽ നോട്ടീസ് ബോർഡിൽ പതിക്കാനുള്ള പോസ്റ്ററുകൾ വിതരണം ചെയ്തു. അന്നേദിവസം പ്രത്യേക പ്രാർത്ഥന, സമ്മേളനങ്ങൾ എന്നിവ ശാഖ കളിൽ സംഘടിപ്പിക്കേണ്ടതാണ്.

10. **തിരുബാലസഖ്യം ക്വിസ് മത്സരം**

രൂപതാ തലത്തിൽ ജനു. 13-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തിയ ക്വിസ് മത്സരത്തിൽ താഴെപ്പറയുന്നവർ സമ്മാനാർഹരായി.

1st റോസ്മേരി ജെയിംസ് നടുവിലേക്കുറ്റ് - കടനാട്
1st ഡെൽബർട്ട് ബിനോയി ആനക്കുഴിയിൽ - അരുവിത്തുറ
2nd മരിയറ്റ് ജോമോൻ നടുവിലേക്കുറ്റ് - കടനാട്
2nd റിച്ചാർഡ് ജോൺസ് പേഴുംകാട്ടിൽ - അരുവിത്തുറ
3rd ലിയാ സ്റ്റാൻലി നെടിയകാലായിൽ - മാൻവെട്ടം

11. **തിരുബാലസഖ്യം എന്റെ ഡയറി മത്സരം**

രൂപതാതലത്തിൽ കുട്ടികൾക്കായി നടത്തിയ വിശുദ്ധരുടെ ജീവചരിത്രവും ചിത്രങ്ങളും ചേർത്ത് നിർമ്മിക്കുന്ന 'എന്റെ ഡയറി' മത്സരത്തിൽ താഴെപ്പറ യുന്നവർ സമ്മാനാർഹരായി.

1st മരിയ ജോജോ വലിയകണ്ടത്തിൽ - കാഞ്ഞിരത്താനം
2nd വാണിമരിയ ജോസഫ് എമ്പ്രയിൽ - അടുക്കം
3rd ജോർജ് ജോബി ബിജു - തുടങ്ങനാട്

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# മിഷൻലീഗ് വാർത്തകൾ

**1. മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് മാനേജിംഗ് കമ്മിറ്റി 19-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. പ്രസിഡന്റ് തോമസ് അടുപ്പുകല്ലുങ്കലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ 2018 -20 വർഷത്തെ മേഖലാഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തുവാൻ തീരുമാനിച്ചു.

**2. പവർ പോയിന്റ് പ്രസന്റേഷൻ മത്സരം**

മിഷൻലീഗ് സപ്തതിയാഘോഷത്തോടനുബന്ധിച്ച് നടത്തിയ പവർപോയിന്റ് പ്രസന്റേഷൻ മത്സരത്തിൽ താഴെപ്പറയുന്ന ശാഖകൾ വിജയം കരസ്ഥമാക്കി. 1st ഗാഗുൽത്താ 2nd മുത്തോലി 3rd ചേർപ്പുങ്കൽ

പ്രോത്സാഹന സമ്മാനങ്ങൾ - വാഗമൺ, അടിവാരം, മല്ലികശേരി

**3. 2017 കുഞ്ഞുമിഷനറി ക്വിസ്മത്സരം**

കുഞ്ഞുമിഷനറി ക്വിസ്മത്സരം ജനു. 20 ാം തിയതി ഭരണങ്ങാനം മാതൃഭവനിൽവച്ച് നടന്നു. ശ്രീ സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ ക്വിസിന് നേതൃത്വം നൽകി. താഴെപ്പറയുന്ന വ്യക്തികൾ ക്വിസിൽ വിജയം കരസ്ഥമാക്കി.

1st അമലു അഗസ്റ്റ്യൻ ഏരിമറ്റത്തിൽ രാമപുരം

2nd ആൽബിൻ ജോജോ കൊട്ടാരത്തിൽ, രാമപുരം

3rd ജിസ്മി വിൻസെന്റ് മങ്കുഴിച്ചാലിൽ രാമപുരം

4th റോസിൻ മരീറ്റാ റെജി കണ്ടത്തിൽ ളാലം ഓൾഡ്

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 12, 19, 26 തീയതികളിൽ പാലാ കത്തീഡ്രലിൽവച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. റവ. ഫാ. കുര്യൻ മറ്റം, ഫാ. റോയി പുലിയുറുമ്പിൽ, ഫാ. ജോസഫ് മൈലപ്പറമ്പിൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. മദ്ധ്യസ്ഥപ്രാർത്ഥന ഷാലോമിൽ**

ഈ മാസം 1, 2, 3, 4, 8, 9, 10, 11, 15, 16, 17, 18, 22, 23, 24, 25 തീയതികളിൽ ഷാലോമിൽവച്ച് രാവിലെ 10 മണി മുതൽ 3 വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. രൂപതയ്ക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രത്യേകം മാദ്ധ്യസ്ഥംവഹിച്ച് പ്രാർത്ഥിച്ചു.

**3. സെൽപ്രാർത്ഥന ഷാലോമിൽ**

ഈ മാസം 1, 8, 15, 22, 29 തീയതികളിൽ പാലാ ഷാലോമിൽവച്ച് വൈകുന്നേരം 4.30 മുതൽ 6 മണിവരെ സെൽപ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്കിന്റെയും പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. റവ. ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റ്റി.പി. ജോസഫ്, ജയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

ഈ മാസം 17-ാം തീയതി രാവിലെ 9 മണി മുതൽ 1 വരെ രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഷാലോമിൽ ഒരുമിച്ചുകൂടി കഴിഞ്ഞമാസം പ്രവർത്തിച്ച കാര്യങ്ങൾ വിലയിരുത്തുകയും കൺവൻഷനുവേണ്ടി പ്രവർത്തിച്ച കാര്യങ്ങൾ വിലയിരുത്തി ദൈവത്തിന് നന്ദിപറഞ്ഞു പ്രാർത്ഥിച്ചു. ബ്രദർ സണ്ണി പള്ളിവാതുക്കൽ വചനം പങ്കുവച്ചു. ഡയറക്ടർ ഫാ. വിൻസെന്റ് കൺവൻഷനുവേണ്ടി നല്ലതുപോലെ പ്രവർത്തിച്ചതിന് ടീമംഗങ്ങൾക്ക് നന്ദി പറഞ്ഞു. തങ്കച്ചൻ ശ്രാമ്പിക്കൽ, റോസമ്മ പ്രാർത്ഥനാഭവൻ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സോണൽ സേവനസമിതി മീറ്റിംഗ്**

സോണൽ സേവനസമിതിയുടെ മീറ്റിംഗ് ജനുവരി 2-ാം തീയതി ചൊവ്വാഴ്ച 2.00 മണി മുതൽ 5.00 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു. ഫാ. സിറിൾ തയ്യിൽ വചനം പങ്കുവച്ച് സംസാരിച്ചു.

**2. കരിസ്മാറ്റിക് ഡേ**

എല്ലാ മാസാദ്യശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമം ജനുവരി 6-ാം തീയതി ശനിയാഴ്ച 9.30 മുതൽ 1.00 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. സിസ്റ്റർ ആൻ മരിയ എസ്.എച്ച്. വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. സോണൽ സർവ്വീസ് ടീം അംഗങ്ങളും മൂലമറ്റം സബ്സോൺ സർവ്വീസ് ടീം അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**3. വചനദീപ്തി ധ്യാനങ്ങൾ - വാകക്കാട്, മീനച്ചിൽ**

ഒരുക്കധ്യാനത്തിനും ഭവനസന്ദർശനത്തിനുംശേഷം വചനദീപ്തി ധ്യാനങ്ങൾ ജനുവരി 13 മുതൽ 17 വരെ വാകക്കാട് ഇടവകയിലും 15 മുതൽ 18 വരെ മീനച്ചിൽ ഇടവകയിലും നടത്തുകയുണ്ടായി. ടി ധ്യാനങ്ങൾക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. കുര്യൻ മറ്റം, ഫാ. ജോസ് അഞ്ചാനിക്കൽ, ഫാ. തോമസ് മണ്ണൂർ, ഫാ. മാത്യു പുതിയിടം, ഫാ. സിറിൾ തയ്യിൽ,

ഫാ. ദേവസ്യാച്ചൻ വട്ടപ്പലം, ഫാ. ജോസഫ് മൈലപ്പറമ്പിൽ, ശ്രീ. സാബു കോഴിക്കോട്ട്, ശ്രീ. ഔതച്ചൻ കൂടല്ലൂർ, ശ്രീ. സണ്ണി പള്ളിവാതുക്കൽ, ശ്രീ. ജോൺസൺ തടത്തിൽ, ശ്രീ. മാത്തുക്കുട്ടി താന്നിക്കൽ, ശ്രീ. ചാക്കോച്ചൻ ശൗര്യാംകുഴി, ശ്രീ. കെ.പി. ജോസഫ് കളപ്പുര, ശ്രീ. ടോമി ആട്ടപ്പാട്ട് എന്നിവർ നേതൃത്വം നൽകി.

**4. രാത്രി ആരാധന**

കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽവച്ച് നടന്നുവരുന്ന രാത്രി ആരാധന 27-ാം തീയതി രാത്രി 7.00 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് വെളുപ്പിന് നാലു മണിക്കുള്ള വി. കുർബാനയോടുകൂടി അവസാനിച്ചു. ബ്രദർ സാജൻ മാത്യു നെല്ലിമലമറ്റത്തിൽ (പൊടിമറ്റം ധ്യാനകേന്ദ്രം, കാഞ്ഞിരപ്പള്ളി) വചനം പങ്കുവച്ചു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# കുടുംബകൂട്ടായ്മ

**ജനുവരി 2018**

7.1.2018 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് മണിയംകുളം ഇടവകയിലെ 12 കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ കുടുംബകൂട്ടായ്മ എന്ത്? എന്തിന്? എങ്ങനെ? എന്നീ വിഷയങ്ങളിൽ രൂപത റിസോഴ്സ് ടീം ക്ലാസ്സെടുത്തു.

14.1.2018 ഞായറാഴ്ച രാവിലെ 7 മണിക്ക് അയ്യമ്പാറ പള്ളിയിൽ കുടുംബകൂട്ടായ്മ രൂപതാഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വി. കുർബാന അർപ്പിച്ച് കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിച്ചു.

ഉച്ചകഴിഞ്ഞ് 4 മണിക്ക് രൂപത റിസോഴ്സ് ടീം എട്ടു കുടുംബകൂട്ടായ്മ യൂണിറ്റുകളിലും കുടുംബകൂട്ടായ്മ എന്ത്? എന്തിന്? എങ്ങനെ? എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

18.1.2018 വ്യാഴാഴ്ച രാവിലെ 10 മണിക്ക് കുടുംബകൂട്ടായ്മ പാലാ രൂപത കൗൺസിൽ ശാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ നേതൃത്വത്തിൽകൂടി. ജപമാലയ്ക്കുശേഷം 16.12.2017 ൽ നടത്തിയ 21-ാമത് കുടുംബകൂട്ടായ്മ വാർഷികത്തെക്കുറിച്ച് വിലയിരുത്തുകയും തുടർപ്രവർത്തനങ്ങളെക്കുറിച്ച് പ്ലാൻ തയാറാക്കുകയും ചെയ്തു.

21.1.2018 ഞായറാഴ്ച 11 മണിക്ക് ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പാലാ ളാലം സെന്റ് മേരീസ് ഇടവകയിലെ കുടുംബകൂട്ടായ്മാ ഭാരവാഹികൾക്ക് അവരുടെ വിളിയെയും ദൗത്യത്തെയും കുറിച്ച് ക്ലാസ്സെടുത്തു. ബഹുമാനപ്പെട്ട വികാരിയച്ചനും കൊച്ചച്ചന്മാരും സന്നിഹിതരായിരുന്നു.

ഉച്ചകഴിഞ്ഞ് പിറവം ഇടവകയിലെ കുടുംബകൂട്ടായ്മ വാർഷിക ആഘോഷത്തിലും ഇടവകദിനാചരണത്തിലും കുടുംബകൂട്ടായ്മ പാലാ

രൂപത കോഓർഡിനേറ്റർ ശ്രീ. തോമസ് വടക്കേൽ പങ്കെടുക്കുകയും ആശം സകൾ അർപ്പിക്കുകയും ചെയ്തു.

28.1.2018 ഞായറാഴ്ച പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ ഇടവക യിലെ എല്ലാ കുർബാന മദ്ധ്യേയും കുടുംബകൂട്ടായ്മ രൂപതാഡയറക്ടർ ബഹുമാനപ്പെട്ട വിൻസെന്റ് മൂങ്ങാമാക്കലച്ചൻ കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിച്ചു.

ഉച്ചകഴിഞ്ഞ് 4.30 മുതൽ രൂപത റിസോഴ്സ് ടീം അംഗങ്ങൾ 10 കുടുംബ കൂട്ടായ്മ യൂണിറ്റുകളിൽ കുടുംബകൂട്ടായ്മ എന്ത്? എന്തിന്? എങ്ങനെ? എന്തെല്ലാം ചെയ്യണം? എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. ഇടവക യിലെ 31 യൂണിറ്റുകളിൽ ബാക്കിയുള്ള 21 യൂണിറ്റുകളിൽ തുടർന്നുവരുന്ന ഞായറാഴ്ച ക്ലാസ്സുകൾ നടക്കും.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# ഫാമിലി അപ്പോസ്തലേറ്റ്

**1. കുടുംബബോധവത്കരണം**

ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ജനുവരി 7-ാം തീയതി ഞായറാഴ്ച കവീക്കുന്ന് സെന്റ് എപ്രേം പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ച് കുടുംബബോധവത്ക്കരണ സന്ദേശം നല്കി.

**2. ക്ലാസ്സ്- നീലൂർ**

നീലൂർ സെന്റ് ജോസഫ്സ് സ്കൂളിൽ ഗ്രാന്റ് പേരന്റ്സ് & പേരന്റ്സ് ദിനത്തോടനുബന്ധിച്ച് ജനുവരി 20-ാം തീയതി നടന്ന പൊതുസമ്മേളന ത്തിൽ ഫാമിലി ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യ പ്രഭാഷണം നടത്തി.

## A. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ജനുവരി 1-3, 15-17, 29-31** തിയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 425 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഫെബ്രുവരി 13-15, മാർച്ച് 12-14, 26-28** തിയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ തുടരുന്നു. **ഏപ്രിൽ 9-11, 23-25** തീയതി യിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ജനുവരി മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് തടത്തിലും റവ. ഡോ. ജോസഫ് കടുപ്പിലും ക്ലാസ്സെടുത്തു. 492 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## B. പിതൃവേദി

**1. രൂപതാസമിതി**

പിതൃവേദിയുടെ രൂപതാസമിതി ജനുവരി 13-ാം തീയതി ശനിയാഴ്ച ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ നേതൃത്വത്തിൽ ഷലോമിൽ വച്ച് നടത്തപ്പെട്ടു

**2. യൂണിറ്റ് ഉദ്ഘാടനം- പ്ലാശനാൽ**

ജനുവരി 14-ാം തീയതി പ്ലാശനാൽ ഇടവകയിൽ പിതൃവേദി യൂണിറ്റ് ഔദ്യോഗികമായി ഉദ്ഘാടനം രൂപതാഡയറക്ടർ നിർവ്വഹിച്ചു. രൂപതപ്രസിഡന്റ് ശ്രീ ജോസ് ജോൺ കീലത്ത് ആശംസകളർപ്പിച്ച് സംസാരിച്ചു.

**3. അനുശോചനം**

പിതൃവേദി കടനാട് മുൻയൂണിറ്റ് പ്രസിഡന്റ് തോമസ് പുളിക്കലിന്റെ നിര്യാണത്തിൽ പിതൃവേദി രൂപതാസമിതി അനുശോചനം അറിയിക്കുകയും റീത്ത് സമർപ്പിച്ച്, പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തുകയും ചെയ്തു.

**4. ക്ലാസ്സ് - അമ്പാറനിരപ്പേൽ**

ജനുവരി 21-ാം തീയതി അമ്പാറനിരപ്പേൽ ഇടവകയിൽ പിതൃവേദി അംഗങ്ങൾക്കായി രൂപതഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ക്ലാസ്സ് നയിച്ചു.

**5. ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം**

വിവാഹ ഒരുക്ക കോഴ്സിൽ ക്ലാസ്സെടുക്കുകയും കുമ്പസാരം കേൾക്കുകയും ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം ജനുവരി 21-ാം തീയതി ഞായറാഴ്ച വൈകിട്ട് 7.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 30 വൈദികർ പങ്കെടുത്തു.

## C. മാതൃവേദി

**1. ജനറൽ ബോഡി മീറ്റിങ്**

അന്തർദേശീയ സീറോ മലബാർ മാതൃവേദിയുടെ മഹാസംഗമം ജനുവരി 18, 19 തീയതികളിൽ ഇരിങ്ങാലക്കുട പാക്സിൽ വച്ച് നടത്തപ്പെട്ടു. ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. പാലാ രൂപത മാതൃവേദി ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ നേതൃത്വത്തിൽ രൂപതാഭാരവാഹികളെല്ലാവരും ഈ സമ്മേളനത്തിൽ സംബന്ധിച്ചു. കേരളത്തിൽ നിന്നും പുറത്തുനിന്നുമുള്ള 18 രൂപതകളിൽ നിന്നുള്ള മാതൃവേദി ഭാരവാഹികൾ സന്നിഹിതരായിരുന്നു.

**2. ശ്രീമതി സിജി ലൂക്ക്സൺ - ദേശീയ വൈസ് പ്രസിഡന്റ്**

മാതൃവേദി പാലാ രൂപത സെനറ്റ് മെമ്പറും അരുവിത്തുറ ഇടവകാംഗവുമായ ശ്രീമതി സിജി ലൂക്ക്സൺ പടന്നമാക്കൽ സീറോ മലബാർ സഭയുടെ മാതൃവേദി ദേശീയ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീമതി സിജി ലൂക്ക്സണ് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**3. കർമ്മപദ്ധതി തയ്യാറാക്കൽ- പാലാ**

മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരുമിച്ചുകൂടി 2018-19 കാലഘട്ടത്തിലേയ്ക്കുള്ള കർമ്മപദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കി.

**4. ആശംസ**

വിശുദ്ധ സെബസ്ത്യാനോസിന്റെ നാമധാരിയായ ഡയറക്ടർ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വേത്താനത്തച്ചന്റെ നാമഹേതുകതിരുനാൾ മാതൃവേദി അംഗങ്ങൾ പ്രാർത്ഥനകൾ അർപ്പിച്ച് ആശംസകൾ നേർന്നു.

**5. ചികിത്സാസഹായം**

രാമപുരം യൂണിറ്റ് ചികിത്സാസഹായമായി 2500 രൂപ നല്കി. അമ്മമാർ ദേവാലയവും ഊട്ടുമുറിയും ഗസ്റ്റ് റും എന്നിവ ശുചിയാക്കി.

**6. രൂപതാതലപ്രവർത്തനോത്ഘാടനം**

2018-19 വർഷങ്ങളിലെ രൂപതതാതലപ്രവർത്തനോത്ഘാടനം ഫെബ്രുവരി 19-ാം തീയതി തിങ്കളാഴ്ച മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നിർവഹിക്കും.

## D. ഹോംമിഷൻ

**1. ഹോംമിഷൻ - മണ്ണയ്ക്കനാട്**

ജനുവരി 2 മുതൽ 13 വരെ തീയതികളിൽ മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ 18 സിസ്റ്റേഴ്സ് 380 വീടുകൾ സന്ദർശിച്ച് ഹോംമിഷൻ പൂർത്തിയാക്കി.

**2. മീറ്റിംങ് - പാലാ**

ജനുവരി 16 ന് ഷാലോമിൽവച്ച് ഹോംമിഷന്റെ മീറ്റിംങ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 22 സിസ്റ്റേഴ്സ് പങ്കെടുത്തു.

**3. ഹോംമിഷൻ - പൂഞ്ഞാർ**

പൂഞ്ഞാർ ഇടവകയിൽ ഹോംമിഷൻ ആരംഭിക്കുന്നതിന് ഒരുക്കമായി ജനുവരി 28-ാം തീയതി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി. ഫെബ്രുവരി 12 മുതൽ പൂഞ്ഞാർ ഇടവകയിൽ ഹോംമിഷൻ ആരംഭിക്കും.

## E. പ്രോലൈഫ്

**1. മീറ്റീംങ്**

പ്രോലൈഫിന്റെ എക്സിക്യൂട്ടീവ് മീറ്റീങ് ജനുവരി 11-ാം തീയതി ബഹുമാനപ്പെട്ട ഡയറക്ടർ സെബാസ്റ്റ്യൻ വേത്താനത്ത് അച്ചന്റെ നേതൃത്വത്തിൽ ഷലോമിൽ വച്ച് നടത്തപ്പെട്ടു.

## F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഫെബ്രുവരി മാസത്തെ മാഗസിനായിട്ടുള്ള വർക്ക് നടന്നുവരുന്നു.

**3. മൊബൈൽ ആപ്ലിക്കേഷൻ**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണിയുടെ SyroMalabar Matrimony Mobile Application നിലവിൽ വന്നിരിക്കുന്നു.

## H. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ അടുത്ത ബാച്ച് ഹോംസയൻസ് ക്ലാസ്സുകൾ 2018 ജനുവരി 10-ാം തീയതി ആരംഭിച്ചിരിക്കുന്നു. കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ , ക്രോച്ചറ്റ് വർക്കുകൾ , ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ് , കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ –– 9496571321

## I. മംഗല്യനിധി

**1. മംഗല്യനിധി സംഭാവന - 64,000 രൂപ**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **കുടക്കച്ചിറ - 10000, ചേന്നാട് - 8000, ഉദയഗിരി - 8000, ഏന്തയാർ - 10000, പാലാ കത്തീഡ്രൽ - 8000, ചേന്നാട് - 10000, മേലുകാവുമറ്റം - 10000** എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹായമായി **64,000** രൂപാ നൽകി.

**ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് (ഡയറക്ടർ)**

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. അഞ്ചാമത് സംസ്ഥാന കാർഷികമേള സമാപിച്ചു**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡിസംബർ 28 മുതൽ ജനുവരി 1 വരെ പാലായിൽവച്ച് സംഘടിപ്പിച്ച അഞ്ചാമത് സംസ്ഥാന കാർഷികമേള പാലാ നഗരത്തിലെ കാർഷിക ഉത്സവമായി മാറി.

കാർഷികമേളയുടെ ഒന്നാം ദിവസമായ ഡിസംബർ 28 ന് രാവിലെ 10 ന് 28 ഇനം കാർഷികവിളകൾക്കുള്ള മത്സരവും ഫൊറോനാതലത്തിലുള്ള കാർഷികവിളപ്രദർശനം, ഔഷധകൃഷി, പൗരാണിക ഉപകരണങ്ങൾ, ഹരിത ഭവനം എന്നീ നാലു തരത്തിൽപ്പെട്ട സ്റ്റാളുകളുടെ മത്സരം ആരംഭിച്ചു. പ്രസ്തുത മത്സരങ്ങളുടെയും കാർഷിക പവിലിയന്റെയും ഉദ്ഘാടനം

അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ നിർവ്വഹിച്ചു. തുടർന്ന് തെങ്ങോല, പാള എന്നിവകൊണ്ട് തൊപ്പിനിർമ്മാണം, മലയാളി മങ്ക, കേശാലങ്കാരം, സിനിമാറ്റിക് ഡാൻസ് തുടങ്ങിയ മത്സരങ്ങൾ നടന്നു.

ഉച്ചകഴിഞ്ഞ് 4 ന് നടന്ന കാർഷികമേളയുടെ ഔദ്യോഗിക ഉദ്ഘാടനം പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അദ്ധ്യക്ഷതയിൽ മുൻ ധനകാര്യമന്ത്രി കെ.എം. മാണി എം.എൽ.എ. നിർവ്വഹിച്ചു. അഡ്വ. ജോയി എബ്രാഹം എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലി, പാലാ മുനിസിപ്പൽ ചെയർപേഴ്സൺ ഡോ. സെലിൻ റോയി, മോൺ. ജോസഫ് കുഴിഞ്ഞാലിൽ, റബർ ബോർഡ് വൈസ് ചെയർമാൻ അഡ്വ. എസ്. ജയസൂര്യൻ പി.എസ്.ഡബ്ല്യു.എസ്. സെക്രട്ടറി ഫാ. മാത്യു ചന്ദ്രൻകുന്നേൽ തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പി.എസ്. ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ സ്വാഗതവും കാർഷിക മേളയുടെ ജനറൽ കൺവീനർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ നന്ദിയും പറഞ്ഞു. തുടർന്നുനടന്ന കോമഡിഷോയോടെ ഒന്നാം ദിവസത്തെ പരിപാടി സമാപിച്ചു.

കാർഷികമേളയുടെ രണ്ടാം ദിവസം ശാസ്ത്രീയ തേനീച്ചവളർത്തൽ പരിശീലനപരിപാടി നടന്നു. പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കോട്ടയം ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർപേഴ്സൺ ബെറ്റി റോയി സെമിനാർ ഉദ്ഘാടനം ചെയ്തു. കുമരകം കൃഷിവിജ്ഞാനകേന്ദ്രത്തിലെ ടെക്നിക്കൽ ഓഫീസർ ജോളി ജോസഫ് ക്ലാസ്സ് നയിച്ചു. തുടർന്ന് വിവിധ നായ്ക്കളുടെ പ്രദർശനം, കുട്ടികൾക്കായുള്ള പെയിന്റിംഗ് മത്സരം, കരോക്കാ ഗാനപ്രദർശനം, നായ്കളുടെ വിസ്മയപ്രകടനമായ ഡോഗ് ഷോ, കരാട്ടേ പ്രദർശനം എന്നിവ നടന്നു. വൈകുന്നേരം നടന്ന കലയരങ്ങ്, കലാസന്ധ്യയുടെ ഔദ്യോഗിക ഉദ്ഘാടനം മുൻ ജലവിഭവ വകുപ്പു മന്ത്രി ശ്രീ. പി.ജെ. ജോസഫ് എം.എൽ.എ. നിർവ്വഹിച്ചു.

കാർഷികമേളയുടെ മൂന്നാം ദിവസം ഭക്ഷ്യസമൃദ്ധി ദിനമായിരുന്നു. ചക്കയുടെ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ പരിശീലനത്തോടെ ആരംഭിച്ച പരിപാടികൾ മുൻ എം.പി. വക്കച്ചൻ മറ്റത്തിൽ ഉദ്ഘാടനം ചെയ്തു. ചൂലുകുത്ത്, ഓലമെടച്ചിൽ, ചൂണ്ടയിടീൽ തുടങ്ങിയ മത്സരങ്ങൾ നടന്നു. ഉച്ചകഴിഞ്ഞ് നടന്ന വികസനസംവാദം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റ്റി.കെ. ജോസ് ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ മോഡറേറ്ററായിരുന്നു. മുട്ടുചിറ റീജിയൺ അവതരിപ്പിച്ച കലാസന്ധ്യയോടെ മൂന്നാം ദിവസത്തെ പരിപാടികൾ സമാപിച്ചു.

ജലസുരക്ഷാദിനമായ നാലാം ദിവസത്തെ പരിപാടിയിൽ മുൻ ഗവ. ചീഫ് വിപ്പ് പി.സി. ജോർജ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഫാ. ജേക്കബ് പുതിയാപറമ്പിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. ജലനിധി സ്റ്റേറ്റ് കോർഡിനേറ്റർ ജിജോ ജോസഫ്, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ മെമ്പർ റോയി ഫ്രാൻസിസ്, മീനച്ചിൽ നദീസംരക്ഷണസമിതി ചെയർമാൻ എബി

പൂഞ്ഞിക്കുളം, പാലാ മുനിസിപ്പൽ കൗൺസിലർ റോയി ഫ്രാൻസിസ് തുടങ്ങിയവർ പ്രസംഗിച്ചു. നെല്ലുകുത്ത്, അരിപൊടിക്കൽ, കപ്പ അരിയൽ, നാടൻപാട്ട് തുടങ്ങിയ മത്സരങ്ങളും മീനച്ചിൽ ആറ്റിൽ കൊതുമ്പുവള്ളങ്ങളുടെ വള്ളംകളി മത്സരവും നടന്നു. അരുവിത്തുറ റീജിയൻ സംഘടിപ്പിച്ച കലാസന്ധ്യയോടെ നാലാം ദിവസത്തെ പരിപാടികൾ സമാപിച്ചു.

കാർഷികമേളയുടെ സമാപനദിവസമായ അഞ്ചാം ദിവസം സംരംഭകത്വ ദിനമായി ആചരിച്ചു. പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗം മുൻ പാലാ മുനിസിപ്പൽ ചെയർപേഴ്സൺ ലീനാ സണ്ണി ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന വ്യവസായ വികസന സെമിനാറിൽ ശ്രീ. ലോറൻസ് മാത്യു ക്ലാസ്സ് നയിച്ചു. കാർഷിക ക്വിസ്, കേശാലങ്കാരം തുടങ്ങിയ മത്സരങ്ങൾ നടന്നു.

പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ നടന്ന സമാപനസമ്മേളനം പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. മോൺ എബ്രാഹം കൊല്ലിത്താനത്തുമലയിൽ, ദേശീയ ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ ഫാ. ജോർജ് വെട്ടുകാട്ടിൽ, കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യൻ, പാലാ മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ കുര്യാക്കോസ് പടവൻ തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

**2. കാർഷികമേള സമ്മാനാർഹർ**

കാർഷികവിള പ്രദർശനസ്റ്റാളിന് തീക്കോയി, രാമപുരം, കുറവിലങ്ങാട് സോണുകളും, ഹരിതഭവനം സ്റ്റാളിന് അരുവിത്തുറ, മുട്ടുചിറ, കടനാട് സോണുകളും പൗരാണിക ഉപകരണസ്റ്റാളിന് ഭരണങ്ങാനം, ചേർപ്പുങ്കൽ, കടുത്തുരുത്തി സോണുകളും ഔഷധകൃഷിക്ക് ഇലഞ്ഞി, പൂഞ്ഞാർ, പ്രവിത്താനം സോണുകളും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി.

റീജിയണൽ തലത്തിൽ നടന്ന കലാസന്ധ്യയിൽ അരുവിത്തുറ, പാലാ, മുട്ടുചിറ റീജിയണുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി.

**3. മന്ന അവാർഡ്**

കാർഷികമേളയോടനുബന്ധിച്ച് പള്ളികളിൽ കാർഷികപ്രവർത്തനങ്ങൾ വൈദികരുടെ നേതൃത്വത്തിൽ നടത്തുന്ന ഇടവകകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന മന്നാ അവാർഡിന് കടപ്ലാമറ്റം, ഫാത്തിമാപുരം, കൊഴുവനാൽ എന്നീ ഇടവകകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**4. എസ്.എച്ച്.ജി. ഡിജിറ്റലൈസേഷൻ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള എല്ലാ സ്വയംസഹായസംഘങ്ങളും കർഷകദളങ്ങളും ഡിജിറ്റലൈസേഷൻ നടത്തുന്നു. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കായ നബാർഡിന്റെ കീഴിലാണ് പദ്ധതി നടപ്പിലാക്കുക. പ്രസ്തുത പദ്ധതിയെക്കുറിച്ച് ബോധവത്കരിക്കുന്നതിനായി അരുവിത്തുറ, പാലാ, മുട്ടു

ചിറ എന്നീ സ്ഥലങ്ങളിൽ ബോധവത്കരണ സെമിനാറുകൾ നടത്തി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ, പ്രൊജക്ട് ഓഫീസർ പി.വി. ജോർജ് തുടങ്ങിയവർ നേതൃത്വം നൽകി.

**5. വാട്ടർ ടാങ്ക് ഇൻസ്റ്റാൾമെന്റ് പദ്ധതി**

പി.എസ്.ഡബ്ല്യു.എസ്. സിഗ്മാ വാട്ടർ ടാങ്കുകൾ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ വിതരണം ചെയ്തുവരുന്നു.

**6. നിയമസാക്ഷരതാ സെമിനാർ**

സൊസൈറ്റി നടപ്പിലാക്കിവരുന്ന ഭിന്നശേഷി ക്ഷേമപദ്ധതിയുടെ ഭാഗമായി നിയമസാക്ഷരതാസെമിനാർ സംഘടിപ്പിച്ചു. ഭിന്നശേഷിക്കാരായ ആളുകൾക്ക് ലഭിക്കാവുന്ന സർക്കാർ-അർദ്ധസർക്കാർ സഹായങ്ങളെക്കുറിച്ചും വിവിധ പദ്ധതികളെക്കുറിച്ചും മറ്റു സാമ്പത്തികനിയമസംഗതികളെക്കുറിച്ചും നടന്ന സെമിനാറിന് അഡ്വ. ഫെബി ലിയോ ക്ലാസ്സ് നയിച്ചു.

**7. പലിശരഹിത വായ്പ നൽകി**

സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിധവകൾക്കായി നടപ്പിലാക്കിവരുന്ന പലിശരഹിത വായ്പാപദ്ധതിപ്രകാരം 16 പേർക്ക് പതിനായിരം രൂപാ വീതം പലിശരഹിത വായ്പ വിതരണം ചെയ്തു.

**8. കർഷകദള ഫെഡറേഷൻ സ്വാശ്രയസംഘം**

കർഷകദള ഫെഡറേഷൻ സ്വാശ്രയസംഘം വാർഷികങ്ങൾ കാഞ്ഞിരമറ്റം, അടുക്കം, ഇലപ്പള്ളി എന്നീ യൂണിറ്റുകളുടെ വാർഷികങ്ങൾ നടന്നു.

**9. കുടുംബോദ്ധാരണ പദ്ധതി**

പി.എസ്.ഡബ്ല്യു.എസ്. കുടുംബോദ്ധാരണ പദ്ധതി പ്രകാരം ഡിസംബർ മാസം 27 കുടുംബങ്ങൾക്കായി 2,93,866 രൂപയുടെ ധനസഹായം വിതരണം ചെയ്തു.

## എ.കെ.സി.സി.

**1. റബർ വിലത്തകർച്ച- പ്രധാനന്ത്രിക്ക് നിവേദനം**

രൂക്ഷമായ വിലത്തകർച്ചക്ക് അടിയന്തരനടപടി സ്വീകരിക്കണമെന്നു കപ്പലംബ് റബർ ഇറക്കുമതി ചെയ്യാനുള്ള നീക്കം പിൻബലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് പ്രധാനമന്ത്രിക്ക് നിവേദനം നൽകി. സീറോ മലബാർ സഭാധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് നിവേദനസമർപ്പണം ഉദ്ഘാടനം ചെയ്തു. റബറിന് 200 രൂപ. ഇറക്കുമതി വിലനിശ്ചയിക്കുക, കപ്പലംബ് റബർ ഇറക്കുമതി നീക്കം ഉപേക്ഷിക്കുക, റബർ കർഷകരെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾക്കൊള്ളിക്കുക, ദേശീയ റബർ നയം പ്രഖ്യാപിക്കുക, റബർ ബോർഡിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് നിവേദനം.

**2. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനൊപ്പം രൂപതാ നേതൃത്വയോഗം**

2018 ജനുവരി 21 ന് കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളി ഹാളിൽവച്ച് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ നേതൃത്വസമ്മേളനം നടത്തപ്പെട്ടു. മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ശതാബ്ദി ആഘോഷിക്കുന്ന കത്തോലിക്കാ കോൺഗ്രസിന്റെ രൂപതാതലപ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ അഭിവന്ദ്യപിതാവ് നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് സന്ദേശംനൽകിയ യോഗത്തിൽ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജോസഫ് സ്രാമ്പിക്കൽ എന്നിവർ സന്നിഹിതരായിരുന്നു. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറകുന്നേൽ, സാജു അലക്സ്, ഇമ്മാനുവൽ നിധീരി എന്നിവർ സംസാരിച്ചു.

**3. നവവൈദികർക്ക് സ്വീകരണം**

പാലാ രൂപതയിൽ നവാഭിഷിക്തരായ വൈദികർക്ക് കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. ജനുവരി 21 ന് ഉച്ചകഴിഞ്ഞ് 2.30 ന് കോതനല്ലൂർ പാരീഷ് ഹാളിൽവച്ച് നടത്തപ്പെട്ട സമ്മേളനത്തിൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറകുന്നേൽ നവവൈദികർക്ക് ഉപഹാരങ്ങൾ നൽകി. ഫാ. ജോസഫ് മേച്ചേരി നവവൈദികരെ പരിചയപ്പെടുത്തി സംസാരിച്ച യോഗത്തിൽ സാജു അലക്സ്, റ്റോമി കണ്ണീറ്റുമ്യാലിൽ , ജോസ് വട്ടുകുളം എന്നിവർ പ്രസംഗിച്ചു.

**4. രൂപതാ നേതൃത്വക്യാമ്പ് ഭരണങ്ങാനത്ത്**

കത്തോലിക്കാകോൺഗ്രസ് ശതാബ്ദി ആഘോഷ പരിപാടികൾക്കും സംഘടനാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുവാൻ നേതൃനിരയെ സജ്ജമാക്കുവാൻ രൂപതാ, ഫൊറോന ഭാരവാഹികളുടെ പരിശീലനക്യാമ്പ് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു. രൂപതാ വികാരി ജനറാൾ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡോ. ജോസുകുട്ടി ഒഴുകയിൽ, ഡോ. റ്റി.സി. തങ്കച്ചൻ, ശ്രീ അനിൽ മാനുവൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സംഘടനാ ചർച്ച, കർമ്മ പദ്ധതി രൂപീകരിക്കാൻ യൂണിറ്റ്, ഫോറോന, രൂപതാ ശതാബ്ദിയാഘോഷ പരിപാടികൾ എന്നിവയെ ആസ്പദമാക്കിയുള്ള ചർച്ചകൾ നടത്തപ്പെട്ടു.

**5. കുറവിലങ്ങാട് ഫൊറോന ശതാബ്ദിയാഘോഷങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് കുറവിലങ്ങാട് ഫൊറോനതല ശതാബ്ദിയാഘോഷപരിപാടികൾ 2018 ജനുവരി 26 ന് മരങ്ങാട്ടുപള്ളി സെന്റ് ഫ്രാൻസിസ് അസീസി പള്ളി പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ ശതാബ്ദിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് റോബിൻ ജോൺസിന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ ഫൊറോന വികാരി ഫാ. ജോസഫ് തടത്തിൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. രൂപതാ

ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, വികാരി ഫാ. ജോർജ് വഞ്ചിപ്പുര എന്നിവർ അനുഗ്രഹപ്രഭാഷണങ്ങൾ നിർവ്വഹിച്ച യോഗത്തിൽ ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് സാജു അലക്സ് നിധീരിക്കൽ മാണിക്കത്തനാർ അനുസ്മരണം നടത്തി. ഇമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, അൻസമ്മ സാബു, റെജി പടിഞ്ഞാറേട്ട്, മെജോ നിക്കോളാസ് എന്നിവർ പ്രസംഗിച്ചു.

**6. കോനനല്ലൂർ ഫൊറോനാസമ്മേളനം**

കോതനല്ലൂർ ഫൊറോനാസമ്മേളനവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. പുതിയ ഫൊറോന ഭാരവാഹികളായി സി.എം. ജോർജ് മാൻവെട്ടം (പ്രസിഡന്റ്), തങ്കച്ചൻ ചീനോത്തുവയലിൽ കോതനല്ലൂർ (സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.

**7. ശതാബ്ദി ഭവനനിർമ്മാണം ചേന്നാട്ടിൽ**

ശതാബ്ദിയാഘോഷങ്ങളോടനുബന്ധിച്ച് ഇടവകയിലെ നിർദ്ധനകുടുംബത്തിന് ചേന്നാട് യൂണിറ്റ് നിർമ്മിച്ചുനൽകിയ വീടിന്റെ വെഞ്ചരിപ്പ്കർമ്മം ജനുവരി 31 ന് നടക്കുന്നു. വികാരി ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുന്നു. രൂപതാ ഫൊറോന ഭാരവാഹികൾ പങ്കെടുക്കുന്നു.

**8. ശതാബ്ദിയാഘോഷവും മുതിർന്നവരെ ആദരിക്കലും മേവിടയിൽ**

മേവിട യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ വിവാഹസുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരെയും 70 വയസ് കഴിഞ്ഞവരെയും ആദരിക്കുന്നു. 2018 ഫെബ്രുവരി 3–ാം തീയതി കത്തോലിക്കാകോൺഗ്രസ് ശതാബ്ദിയാഘോഷങ്ങളോടനുബന്ധിച്ചാണ് നടത്തപ്പെടുന്നത്. ഡയറക്ടർ ഫാ. തോമസ് പനയ്ക്കകുഴി ആദരിക്കൽ നടത്തുന്നതും ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് സാജു അലക്സ് മുഖ്യപ്രഭാഷണം നിർവ്വഹിക്കുന്നതുമാണ്.

**ഫാ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ (ഡയറക്ടർ)**

---

# ഡി.സി.എം.എസ്

---

**1. ലീഡേഴ്സ് ക്യാമ്പ്**

മാതാപിതാക്കൾക്കായി നടത്തുന്ന ട്രെയിനിംഗ് പ്രോഗ്രാം 2017 ഡിസംബർ 30, 31 തീയതികളിൽ മുണ്ടുപാലം കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ക്യാമ്പിന് നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറം, സിജു സെബാസ്റ്റ്യൻ കൈമനാൽ, സുജിത്ത് തോമസ്, ബിപിൻ ബേബി, ലൈജി ബേബി എന്നിവർ ക്യാമ്പ് നയിച്ചു

**2. റിസോഴ്സ് ടീം ക്യാമ്പ്**

യുവജനങ്ങൾക്കായി നടത്തുന്ന ട്രെയിനിംഗ് പ്രോഗ്രാം 2018 ജനുവരി 12, 13, 14 തീയതികളിൽ മുണ്ടുപാലം കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്ത

പ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ക്യാമ്പിന് നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുപുറം, ശ്രീ സിജു സെബാസ്റ്റ്യൻ കൈമനാൽ, സുജിത്ത് തോമസ് ഉപ്പുമാക്കൽ, ബിപിൻ ബേബി, സാവിയോ സണ്ണി, സീനാ ഐസക്ക്, ലൈജി ബേബി എന്നിവർ ക്യാമ്പ് നയിച്ചു.

**3. ഭവന നിർമ്മാണമീറ്റിംഗ്**

2018 ജനുവരി 17 -ാം തീയതി 3. pm ന് SC, ST, BC കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ വച്ച് പാലാ രൂപതാ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സഹകരണത്തോടെ നിർമ്മിക്കുന്ന ഭവനനിർമ്മാണ പദ്ധതിയുടെ വിലയിരുത്തൽ യോഗം കൂടി. ഡിസിഎംഎസ് രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, വിൻസെന്റ് ഡി പോൾ രൂപതാ പ്രസിഡന്റ് പ്രൊഫ. ഡോ. കെ.കെ. ജോസ്, ഡിസിഎംഎസ് രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറം, വിൻസെന്റ് ഡി പോൾ രൂപതാ ഭാരവാഹികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**4. മാൻവെട്ടം കുടുംബസംഗമവും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിക്ക് സ്വീകരണവും**

2018 ജനുവരി 13-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5 pm ന് മാൻവെട്ടം സെന്റ് ജോർജ് ചർച്ച് പാരീഷ് ഹാളിൽ വച്ച് ബഹുമാനപ്പെട്ട വികാരി റവ. ഫാ. നരിവേലിൽ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കുടുംബസംഗമം നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് ശ്രീ ഫ്രാൻസിസ് ജോസഫ് യോഗത്തിന് സ്വാഗതം പറഞ്ഞു. ഡിസിഎംഎസ് ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ യോഗം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറം മുഖ്യപ്രഭാഷണം നടത്തി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ സിജു സെബാസ്റ്റ്യനെ ഇടവക വികാരി പൊന്നാടയണിയിച്ചു സ്വീകരിക്കുകയും മെമെന്റോ നൽകി ആദരിക്കുകയും ചെയ്തു. ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സി.എം ജോർജ്, കെ. അലോഷ്യസ്, ജോസഫ് മൈക്കിൾ, എൻ.ഡി. സെലിൻ, മധു സെബാസ്റ്റ്യൻ എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു.

**5. രൂപതാ കമ്മറ്റി**

2018 ജനുവരി 21-ാം തിയതി ഞായറാഴ്ച 12.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ രൂപതാകമ്മറ്റി നടത്തപ്പെട്ടു രൂപതാഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സന്ദേശം നൽകി.

**6. രൂപതാ കൗൺസിൽ**

2018 ജനുവരി 21-ാം തിയതി ഞായറാഴ്ച 2 pm ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സന്ദേശം നൽകി. 2018-2021 കാലഘട്ടത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനെക്കുറിച്ച് സംസാരിച്ചു. കെ. അലോഷ്യസ് യോഗത്തിന് സ്വാഗതം പറഞ്ഞു.

**7. ഭവന നിർമ്മാണ മീറ്റിംഗ്**

പാലാ രൂപതയിലെ ഭവനനിർമ്മാണപദ്ധതിയുടെ ഭാഗമായി 2018 ജനുവരി 23 ാം തീയതി 2 pm ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ഡിസിഎംഎസ് രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സ്വാഗതം ആശംസിച്ചു. രൂപതാ വികാരി ജനറാൾമാരായ വെരി. റവ. ജോസഫ് കുഴിഞ്ഞാലിൽ, വെരി. റവ. ജോസഫ് മലേപ്പറമ്പിൽ എന്നിവർ പങ്കെടുത്തു. പാലാ രൂപത വിൻസെന്റ് ഡി പോൾ സൊസൈറ്റി സി സി ടീം, സിഎംഐ കളമശേരി പ്രൊവിൻഷ്യൽ ടീം, എഫ്സിസി പാലാ പ്രൊവിൻഷ്യൽ ടീം, എഫ്സിസി ഭരണങ്ങാനം പ്രൊവിൻസ് സംസ്ഥാന ഡയറക്ടർ ഫാ. ഷാജ്കുമാർ, ഗുണഭോക്താക്കൾ, അവരുടെ വികാരിയച്ചമാർ, വിൻസെന്റ് ഡി പോൾ രൂപതാ പ്രസിഡന്റ് പ്രൊഫ. ഡോ. കെ.കെ. ജോസ്, രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറം, രൂപതാ ഭാരവാഹികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. മേൽപ്പറഞ്ഞവരുടെ സഹകരണത്തോടെ നമ്മുടെ രൂപതയിൽ 38 വീടുകൾ പണി പൂർത്തിയാക്കും.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഡയറക്ടർ)**

# എസ്എംവൈഎം

**1. ഗ്ലോറിയ 2K17**

എസ്എംവൈഎം 2017 പ്രവർത്തനവർഷസമാപനവും അവാർഡ്ദാനച്ചടങ്ങും 2017 ഡിസംബർ 31-ാം തീയതി അൽഫോൻസാ കോളേജിൽ വച്ച്നടത്തപ്പെട്ടു. പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ പ്രസിഡന്റ് ഡാനി പാറയിൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ ആമുഖപ്രഭാഷണം നടത്തുകയും വികാരിജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ ആശംസകൾ അർപ്പിച്ചു സംസാരിക്കുകയും ചെയ്തു. മികച്ച യൂണിറ്റുകൾക്കും കലാമത്സരങ്ങളിൽ വിജയികളായവർക്കും അഭിവന്ദ്യ പിതാവ് ട്രോഫികളും അവാർഡുകളും കൈമാറി.

**2. എസ്എംവൈഎം 2018 – പുതിയ ഭാരവാഹികൾ**

2017 ഡിസംബർ 31 നു അൽഫോൻസാ കോളേജിൽ വച്ചുനടന്ന രൂപത എസ്എംവൈഎം എക്സിക്യൂട്ടീവ് ഇലക്ഷനിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ആൽവിൻ ഞായർകുളം (പ്രസിഡന്റ്), ബിബിൻ ബെന്നി (ജനറൽ സെക്രട്ടറി), ശീതൾ ടോം (വൈസ് പ്രസിഡന്റ്) , രാജീവ് രാജു (ഡെപ്യൂട്ടി പ്രസിഡന്റ്), പ്രിൻസ് ചാർളി (സെക്രട്ടറി), റിയ തെരേസ് ജോർജ് (ജോയിന്റ് സെക്രട്ടറി), ജിതിൻ കുന്നപ്പള്ളിൽ (ട്രഷറർ), സെബാസ്റ്റ്യൻ തോമസ്, റീത്തു ജോർജ് (കൗൺസിലർമാർ), ടെൽമ ജോബി (SMYM നാഷണൽ കൗൺസിലർ). രൂപതാ ഡയറക്ടർ പുതിയ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

**3. പ്രഥമ രൂപതാഎക്സിക്യൂട്ടീവ്**

2018 എസ്എംവൈഎം രൂപതാ എക്സിക്യൂട്ടീവ് പ്രഥമയോഗം രൂപതാകാര്യാലയത്തിൽ വച്ച് ജനുവരി 7-ാം തീയതി രൂപതാഡയറക്ടറുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. തദവസരത്തിൽ 2018 യുവജനവർഷം രൂപതാഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ സംഘടനയുടെ സ്വർഗ്ഗീയമധ്യസ്ഥൻ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ഛായചിത്രത്തിനു മുമ്പിൽ തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. യുവജനവർഷ ഉദ്ഘാടനത്തോടനുബന്ധിച്ചു പഠനശിബിരവും പ്രബന്ധാവതരണവും ചർച്ചയും നടത്തപ്പെട്ടു.

**4. YATP എട്ടാംസെഷൻ**

YATP സിൽവർജൂബിലി ബാച്ചിന്റെ എട്ടാമത്തേതും അവസാനത്തേതുമായ സെഷൻ ജനുവരി 12, 13 തീയതികളിൽ അൽഫോൻസാ കോളേജിൽവച്ച് നടത്തപ്പെട്ടു. ശ്രീ സുരേഷ് സാർ ക്ലാസുകൾക്ക് നേതൃത്വം നൽകി. റവ. ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ അധ്യക്ഷതവഹിച്ച സമാപന സമ്മേളനത്തിൽ കഴിഞ്ഞ എട്ടുസെഷൻ ക്ലാസ്സുകളെയും വിലയിരുത്തുകയും കൂടുതൽ ഊർജ്ജസ്വലതയോടും കാര്യക്ഷമമായും യുവജനപരിശീലനം നടത്താൻ വേണ്ട നിർദേശങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**5. യൂണിറ്റ് രൂപീകരണവും ഉദ്ഘാടനവും**

ജനുവരി 21-ാംതീയതി മണിയംകുന്ന് ഇടവകയിൽ എസ്എംവൈഎം യൂണിറ്റ് രൂപീകരണവും ഉദ്ഘാടനവും രൂപതാഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ യൂണിറ്റ് ഡയറക്ടർ ഫാ. സിറിയക്ക് കൊച്ചുകൈപട്ടിയേലിന്റെ സാന്നിദ്ധ്യത്തിൽ നിർവഹിച്ചു.

**6. മേഖലപ്രവർത്തനവർഷ ഉദ്ഘാടനം**

a) എസ്എംവൈഎം കുറവിലങ്ങാട് മേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനം ജനുവരി 13-ാം തീയതി മണ്ണയ്ക്കനാട് ഇടവകയിൽ വെച്ച് ഫൊറോനാ വികാരി റവ. ഫാ. ജോസഫ് തടത്തിൽ നിർവഹിച്ചു. രൂപതാഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, മേഖലാഡയറക്ടർ ഫാ. മാത്യു വെങ്ങാലൂർ, യൂണിറ്റ് ഡയറക്ടർ ഫാ തോമസ് കിഴക്കേൽ, രൂപതാ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ സന്നിഹിതരായിരുന്നു. മുൻവർഷ മേഖലാ ഭാരവാഹികൾക്ക് മെമെന്റോ നൽകി ആദരിച്ചു.

b) എസ്എംവൈഎം പാലാ മേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനം ജനുവരി 14-ാം തീയതി പൈങ്ങളം യൂണിറ്റിൽവെച്ചു ഫൊറോനാവികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ നിർവഹിച്ചു. മേഖലാ ഡയറക്ടർ ഫാ. ഗർവാസിസ് ആനിത്തോട്ടത്തിൽ, യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് ഇല്ലിമൂട്ടിൽ, ശ്രീ. സാജു അലക്സ്, എസ്എംവൈഎം രൂപതാപ്രസിഡന്റ് ആൽവിൻ ഞായറുകുളം എന്നിവർ സന്നിഹിതരായിരുന്നു.

c) എസ്എംവൈഎം കോതനല്ലൂർ മേഖലയുടെ 2017 പ്രവർത്തനവർഷ സമാപനവും യാത്രയയപ്പ് സമ്മേളനവും ജനുവരി 28-ാം തീയതി കോതനല്ലൂർ ഫൊറോനാപള്ളിയിൽവെച്ച് ഫൊറോനാവികാരി റവ. ഫാ. ജോർജ്

വർഗ്ഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ അധ്യക്ഷതവഹിച്ച ചടങ്ങിൽ എസ്എം വൈഎം ഗ്ലോബൽ ഡയറക്ടർ റവ ഫാ ജോസഫ് ആലഞ്ചേരിൽ അനുഗ്രഹപ്രഭാഷണം നടത്തി. മേഖലാഡയറക്ടർ ജോസഫ് മേച്ചേരിൽ അച്ചന് യാത്രയയപ്പ് നൽകി. എസ്എംവൈഎം ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ജോസഫ് ആലഞ്ചേരിയെയും കെസിവൈഎം 2008 ജനറൽ സെക്രട്ടറി ഫാ. ജോസഫ് ചീനോത്തുപറമ്പിലിനെയും എസ്എംവൈഎം 2017 ദാനിയേൽ അവാർഡ് ജേതാവ് ശ്രീ ജോബി കുപ്പത്താനത്തെയും പ്രസ്തുത ചടങ്ങിൽ ആദരിച്ചു.

**7. യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം**

a) എസ്എംവൈഎം കാളികാവ് യൂണിറ്റിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം ജനുവരി 14-ാം തീയതി യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ മറ്റം നിർവ്വഹിച്ചു. രൂപതാപ്രസിഡന്റ് ആൽവിൻ ഞായറുകുളം സന്നിഹിതനായിരുന്നു.

b) എസ്എംവൈഎം കൈപ്പള്ളി യൂണിറ്റിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം ജനുവരി 14-ാം തീയതി യൂണിറ്റ് ഡയറക്ടർ ഫാ. സ്കറിയ മലമാക്കൽ നിർവ്വഹിച്ചു. രൂപതാപ്രസിഡന്റ് ആൽവിൻ ഞായറുകുളം സന്നിഹിത നായിരുന്നു.

c) ജനുവരി 19-ാം തീയതി എസ്എംവൈഎം കുറവിലങ്ങാട് യൂണിറ്റിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം ഫൊറോനാവികാരി റവ. ഫാ. ജോസഫ് തടത്തിൽ നിർവഹിച്ചു. രൂപതാഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിലും യൂണിറ്റ്ഡയറക്ടർ ഫാ. മാത്യു വെങ്ങാലൂരും സന്നിഹിതരായിരുന്നു. മുൻവർഷയൂണിറ്റ് ഭാരവാഹികൾക്ക് മെമെന്റോനൽകി ആദരിച്ചു. യൂണിറ്റ് കലണ്ടർപ്രകാശനം രൂപതാ ഡെപ്യൂട്ടിപ്രസിഡന്റ് രാജീവ് രാജു നിർവഹിച്ചു. അന്നേദിവസംതന്നെ സംഘടിപ്പിച്ച നൈറ്റ്ക്യാമ്പിനു ഇടുക്കി മിഷൻലീഗ് രൂപതാഡയറക്ടർ ഫാ. കുര്യാക്കോസ് കൊല്ലപ്പള്ളിലും സിസ്റ്റർ സുധിയും ശ്രീ. ബേബിസാറും നേതൃത്വംനൽകി.

d) എസ്എംവൈഎം കാട്ടാമ്പാക്ക് യൂണിറ്റിന്റെ പ്രവർത്തനവർഷഉദ്ഘാടനം ജനുവരി 21-ാം തീയതി രൂപതാഡയറക്ടർ റവ. ഫാ കുര്യാക്കോസ് കാപ്പിലിപറമ്പിൽ യൂണിറ്റ് ഡയറക്ടർ ഫാ. ചെറിയാൻ കുന്നക്കാട്ടിന്റെ സാന്നിധ്യത്തിൽ നിർവഹിച്ചു.

**8. സംസ്ഥാനസെനറ്റ്**

കെസിവൈഎം സംസ്ഥാനസെനറ്റും തിരഞ്ഞെടുപ്പും ജനുവരി 19, 20, 21 തീയതികളിൽ മാവേലിക്കര, എറണാകുളം എന്നിവിടങ്ങളിൽവെച്ച് നടത്തപ്പെട്ടു. പാലാ രൂപതയെ പ്രതിനിധീകരിച്ച് എസ്എംവൈഎം ജോയിന്റ് ഡയറക്ടർ സിസ്റ്റർ ഷൈനി ഡിഎസ്റ്റി യും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. തദവസരത്തിൽ എസ്എംവൈഎം പാലാ രൂപതയുടെ വാർഷികറിപ്പോർട്ട് അവതരണവും നടന്നു.

**9. സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ സിൽവർജൂബിലി**

എറണാകുളം കാക്കനാട് മൗണ്ട് സെന്റ് തോമസിൽവെച്ച് ജനുവരി 13 ന് നടത്തപ്പെട്ട സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ സിൽവർ

ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനത്തിൽ എസ്എംവൈഎം പാലാ രൂപതയെ പ്രതിനിധീകരിച്ച് രൂപതാപ്രസിഡന്റ് ആൽവിൻ ഞായറുകുളവും വൈസ്പ്രസിഡന്റ് ശീതൾ വെട്ടത്തും ജനറൽ സെക്രട്ടറി ബിബിൻ ചാമക്കാലായിലും പങ്കെടുത്തു.

**10. നാഷണൽ മിഷൻ കോൺഫറൻസ്**

പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽവെച്ച് ജനുവരി 26, 27, 28 തീയതികളിൽ നടത്തപ്പെട്ട നാഷണൽ മിഷൻ കോൺഫെറൻസിൽ എസ്എംവൈഎം പാലാരൂപതയെ പ്രതിനിധീകരിച്ച് രൂപതാസെക്രട്ടറി പ്രിൻസ് കുന്നക്കാട്ടും രൂപതാ കൗൺസിലർ സെബാസ്റ്റ്യൻ തോട്ടത്തിലും പങ്കെടുത്തു.

**ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ (ഡയറക്ടർ)**

# അഡാർട്ട്

**1. ബോധവത്ക്കരണ ക്ലാസുകൾ**

തലപ്പലം പഞ്ചായത്ത് ബാലസഭ (ഡിസംബർ 1), കുന്നന്താനം, ചങ്ങനാശ്ശേരി (ഡിസംബർ 2), ചേർപ്പുങ്കൽ (ഡിസംബർ 10) സെന്റ് മേരിസ് എച്ച് എസ്, പാലാ (ഡിസംബർ 11) സെന്റ് ആന്റണീസ് എച്ച്എസ്, പ്ലാശനാൽ (ഡിസംബർ 11), മുണ്ടാങ്കൽ (ഡിസംബർ 12), കുഞ്ഞച്ചൻ മിഷൻ ഹോം, രാമപുരം (ഡിസംബർ 15) ഗവ. ടെക്നിക്കൽ എച്ച്എസ്, മുത്തോലി (ഡിസംബർ 15), മംഗളഗിരി (ഡിസംബർ 24), കുന്നന്താനം, ചങ്ങനാശ്ശേരി (ജനുവരി 1), സെന്റ് ആൻസ് എച്ച്എസ്, കുര്യനാട് (ജനുവരി 5), സെന്റ് മേരീസ് എച്ച് എസ്, തീക്കോയി (ജനുവരി 12), വാകക്കാട് (ജനുവരി 14), കുഞ്ഞച്ചൻ മിഷൻ ഹോം, രാമപുരം (ജനുവരി 20), മുണ്ടുപാലം കുരിശുപള്ളി (ജനുവരി 24) എസ്എച്ച് പ്രൊവിൻഷ്യൽ ഹൗസ്, പാലാ (ജനുവരി 25).

**2. ഗാന്ധിദർശൻ ക്വിസ് മത്സരം**

രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ദർശനങ്ങൾ സ്കൂൾ കുട്ടികളിൽ എത്തിക്കുന്നതിനായി അഡാർട്ട് കോട്ടയം ജില്ലാ സർവ്വോദയ മണ്ഡലവും സംയുക്തമായി സ്കൂളുകളിൽവച്ച് നടത്തിയ ക്വിസ് മത്സരത്തിൽ 2000 ത്തോളം കുട്ടികൾ പങ്കെടുത്തു. ആദ്യ റൗണ്ട് മത്സരത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി ജനുവരി 5-ാം തീയതി അഡാർട്ടിൽ വച്ച് ഫൈനൽ മത്സരം നടത്തി.

**താഴെ പറയുന്ന കുട്ടികൾ സമ്മാനാർഹരായി**

**യുപി വിഭാഗം:** 1st – ശ്രുതി നന്ദന, സെന്റ് ജോസഫ്സ് യുപിഎസ് വെള്ളിലാപ്പള്ളി, 2nd – എമി റോസ് തങ്കച്ചൻ, സെന്റ് മേരീസ് യുപിഎസ് കുറവിലങ്ങാട്, 3rd – ലിയോ സ്റ്റീഫൻ മാനുവൽ, ഹോളിക്രോസ് യുഎസ്പി ചേർപ്പുങ്കൽ. **എച്ച്എസ് വിഭാഗം:** 1st – എബൽ മരിയ തങ്കച്ചൻ, സെന്റ് മേരീസ് ജിഎച്ച്എസ് കുറവിലങ്ങാട്, 2nd – തേജസ് ജോസഫ്, സെന്റ് ജോസഫ്സ് എച്ച്എസ് മാനത്തൂർ, 3rd – അലീന ബെന്നി, സെന്റ് മേരീസ് ജിഎച്ച്എസ്

പാലാ. **എച്ച്എസ്എസ് വിഭാഗം:** 1st – കാർത്തിക പി. നായർ, ഹോളിക്രോസ് എച്ച്എസ്എസ്, 2nd – സോനാ സിബി, സെന്റ് മേരീസ് എച്ച്എസ്എസ് അറക്കുളം, 3rd – ലിയോൺസ് ജോർജ്, സെന്റ് ആന്റണീസ് എച്ച്എസ്എസ് പ്ലാശനാൽ.

അഡാർട്ടിന്റെ അഡ്മിനിസ്ട്രേറ്ററായി 32 വർഷം സേവനം അനുഷ്ഠിച്ച സിസ്റ്റർ സ്റ്റാൻസി എഫ്സിസി യുടെ സ്മരണയ്ക്കായി അഡാർട്ടും എഫ്സിസി പ്രൊവിൻഷ്യൽ ഹൗസും ചേർന്ന് സമ്മാനാർഹരായ കുട്ടികൾക്കും യഥാക്രമം 2000, 1500, 1000 രൂപ എന്നീ ക്രമത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി.

### 3. പ്രസംഗമത്സരം

ലഹരി വിരുദ്ധമനോഭാവം കുട്ടികളിൽ വളർത്തുക എന്ന ലക്ഷ്യത്തോടെ അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ ജനുവരി 20–ാം തീയതി യുപി, എച്ച്എസ്, എച്ച്എസ്എസ് വിഭാഗം കുട്ടികൾക്കായി അഡാർട്ടിൽ വച്ച് പ്രസംഗമത്സരം നടത്തി.

**യുപി വിഭാഗം:** *ബോബി പോൾ വള്ളോപ്പള്ളി മെമ്മോറിയൽ മത്സരം* – 1st – മെർളിൻ റെൻജൻ, സെന്റ് മേരീസ് യുപിഎസ് കുറവിലങ്ങാട്, 2nd – ജോൺസ് വിൻസെന്റ്, നിർമ്മല പബ്ലിക് സ്കൂൾ പിഴക്, 3rd – ജീനാമോൾ റ്റോമി, സെന്റ് അൽഫോൻസാ യുപിഎസ് വാകക്കാട്. **എച്ച്എസ് വിഭാഗം:** *ഫിലിപ്പ് മേരി ഫിലിപ്പ് കോലടി മെമ്മോറിയൽ മത്സരം* – 1st – മരിയ ജോസ് അൽഫോൻസാ ജിഎച്ച്എസ് വാകക്കാട്, 2nd – ജോസ്‌വിൻ ജോൺ, സെന്റ് ജോൺസ് എച്ച്എസ് മുത്തോലപുരം, 3rd – ഡിയോൺ റോയി, നിർമ്മൽ ജ്യോതി പബ്ലിക് സ്കൂൾ, പാലാക്കാട്. **എച്ച്എസ്എസ് വിഭാഗം:** *തോമസ് സെബാസ്റ്റ്യൻ തയ്യിൽ, കടനാട് മെമ്മോറിയൽ മത്സരം* – 1st – ജോസ് പി. ജോബി, സെന്റ് മേരീസ് എച്ച്എസ്എസ് ഭരണങ്ങാനം, 2nd – സോനാ സിബി, സെന്റ് മേരീസ് എച്ച്എസ്എസ് അറക്കുളം, 3rd – അജയ് കെ. ജോസഫ്, സെന്റ് ജോൺ നെപുംസ്യാൻസ് എച്ച്എസ്എസ് കൊഴുവനാൽ.

വിജയികൾക്ക് യഥാക്രമം 1000, 750, 500 രൂപ ക്രമത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും സമ്മാനിച്ചു.

### 4. വേളാങ്കണ്ണി തീർത്ഥാടനം

അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ എ എ, അൽ അനോൺ, അൽ അറ്റീൻ അംഗങ്ങൾക്കുവേണ്ടി ജനുവരി 25, 26, 27 തീയതികളിൽ വേളാങ്കണ്ണി തീർത്ഥയാത്ര നടത്തി. 100 പേർ പങ്കെടുത്തു.

### 5. വി. സെബസ്ത്യാനോസിന്റെ പ്രദക്ഷിണം

പാലാ ളാലം സെന്റ് മേരീസ് ദൈവാലയത്തിൽനിന്നും വിശുദ്ധ സെബസ്ത്യാനോസിന്റെ പ്രദക്ഷിണം ജനുവരി 27–ാം തീയതി അഡാർട്ടിലേയ്ക്കു നടത്തുകയുണ്ടായി.

### 6. ഫാ. സെബാസ്റ്റ്യൻ പാട്ടത്തിൽ അനുസ്മരണം

അഡാർട്ടിന്റെ പ്രഥമ ഡയറക്ടറായിരുന്ന ഫാ. സെബാസ്റ്റ്യൻ പാട്ടത്തിലിന്റെ ആകസ്മിക നിര്യാണത്തിൽ ജനുവരി 14–ാം തീയതി അഡാർട്ടിൽ

വച്ച് അനുസ്മരണയോഗം നടത്തി. ഫാ. മാത്യു പുതിയിടത്ത്, ഡിജോ ദാസ്, പാപ്പച്ചൻ മുത്തോലി എന്നിവർ അനുസ്മരണപ്രസംഗങ്ങൾ നടത്തി.

**7. സാരഥി**

നവംബർ 25-ാം തീയതി 10 മണിക്ക് ഡ്രൈവർമാരുടെ സംഘടയായ സാരഥി പാലാ രൂപതാതല സംഗമം അഡാർട്ടിൽ വച്ച് നടത്തി. മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. പാലാ ജോയിന്റ് ആർടിഒ ടോജോ തോമസ് ആശംസാപ്രസംഗം നടത്തി. സാരഥി സംസ്ഥാന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് ക്ലാസുകൾ നയിച്ചു. സാരഥി അംഗങ്ങളും ആനിമേറ്റർമാരും അനുഭവങ്ങൾ പങ്കുവച്ചു. സാരഥി രൂപതാഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് നേതൃത്വം വഹിച്ച പ്രോഗ്രാമിൽ വിവിധ യൂണിറ്റുകളിൽ നിന്നായി 51 പ്രതിനിധികളും 20 സിസ്റ്റേഴ്സും പങ്കെടുത്തു. സ്നേഹവിരുന്നോടെ പര്യവസാനിച്ചു.

ക്രിസ്തുമസിനോടനുബന്ധിച്ച് പ്രവിത്താനം സാരഥി യൂണിറ്റ് നടത്തിയ കേക്ക്മേളയുടെ സ്റ്റാൾ ഫാ. മാത്യു പുതിയിടത്ത് സന്ദർശിച്ചു. ഡിസംബർ 26 ന് സാരഥി അരുണാപുരം യുണിറ്റിന്റെ വാർഷികവും കുടുംബസമ്മേളനവും ഫാ. മാത്യു പുതിയിടത്ത് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് ക്ലാസുകൾ നയിച്ചു.

**ജീസസ് ഫ്രട്ടേണിറ്റി**

ജീസസ് ഫ്രട്ടേണിറ്റി പാലാ രൂപതാ യൂണിറ്റിന്റെ 17-ാമത് വാർഷികം ഡിസംബർ 2-ാം തീയതി രൂപതാ വികാരി ജനറാൾ റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. പാലാ സബ് ജയിൽ വെൽഫെയർ ഓഫീസർ ശ്രീ. ഷാജി വി. ആശംസാപ്രസംഗം നടത്തി. റവ. ഡോ. ജോമി മയ്യാറ്റിൽ (പിഒസി) ക്ലാസ്സെടുത്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് അദ്ധ്യക്ഷത വഹിച്ചു. ശ്രീ. തങ്കച്ചൻ ശ്രാമ്പിക്കൽ, ബേബി ഉപ്പുഡിപ്പാറ എന്നിവർ നേതൃത്വം വഹിച്ചു.

ഡിസംബർ 9-ാം തീയതി പാലാ സബ് ജയിലിൽ പ്രാർത്ഥനാശുശ്രൂഷ നടത്തി. അഡാർട്ടിലെ കൗൺസിലർ പ്രൊഫ. ഗ്രേസി ജോയി സന്ദേശം നൽകി. വാകക്കാട് സ്കൂളിലെ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഡിസംബർ 18ന് ജയിൽ ക്ഷേമദിനത്തോടനുബന്ധിച്ച് പാലാ സബ് ജയിലിൽ ജീസസ് ഫ്രട്ടേണിറ്റിയുടെ ആഭിമുഖ്യത്തിൽ സെമിനാർ സംഘടിപ്പിച്ചു. ജയിൽ ക്ഷേമ വാരാചരണത്തോടനുബന്ധിച്ച് താഴെപ്പറയുന്ന പ്രോഗ്രാമുകൾ പാലാ രൂപത ജീസസ് ഫ്രട്ടേണിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തി.

ഡിസംബർ 14 - ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ് (എൻ.എം. സെബാസ്റ്റ്യൻ, അഡാർട്ട്), ഡിസംബർ 15 - വ്യക്തിത്വ വികസനക്ലാസ് (ഷാജി കച്ചിറമറ്റം, കൗൺസിലർ, അഡാർട്ട്), ഡിസംബർ 16 - ജയിൽ വിമോചിതരുടെ പുനരധിവാസം (ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ സിഎംഎഫ്), ഡിസംബർ 18 - ജയിൽ ക്ഷേമദിന പൊതുസമ്മേളനം, ആശംസാപ്രസംഗം: ഫാ. മാത്യു പുതിയിടത്ത്, ഡിസംബർ 25 - മാർ ജേക്കബ് മുരിക്കൻ പാലാ

സബ് ജെയിൽ സന്ദർശിച്ച് ക്രിസ്തുമസ് സന്ദേശം നൽകി. ഫാ. മാത്യു പുതിയിടത്ത് വി. കുർബാന അർപ്പിച്ചു. 40 വോളണ്ടിയേഴ്സ് പങ്കെടുത്തു. സബ് ജയിലിൽ ക്രിസ്തുമസ് സദ്യ നൽകി, ജനുവരി 14 – പാലാ സബ് ജയിലിൽ ജീസസ് ഫ്രട്ടേണിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രാർത്ഥനാശുശ്രൂഷ നടത്തി. ഫാ. മാത്യു പുതിയിടത്ത് സന്ദേശം നൽകി. മുത്തോലി, വാകക്കാട്, സ്കൂളുകളിലെ കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു.

**ഫാ. മാത്യു പുതിയിടത്ത് (ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**1. സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം**

2017 ലെ മികച്ച പ്രവർത്തനത്തിനുള്ള കെസിഎസ്എൽ സംസ്ഥാനസമിതിയുടെ തിരഞ്ഞെടുപ്പിൽ പാലാ രൂപത മൂന്നാം സ്ഥാനം കരസ്ഥമാക്കി. രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, പ്രസിഡന്റ് സാലി കെ.ജെ., ബ്രദർ ജോണറ്റ് തുടങ്ങിയവർ സംസ്ഥാന ഡയറക്ടർ ഫാ. തോംസൺ പഴയചിറ പീടികയിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങി.

**2. ട്രോഫികൾ വിതരണം ചെയ്തു**

കെസിഎസ്എൽ രൂപതാകലോത്സവത്തിൽ യുപി വിഭാഗം ഫസ്റ്റ് ഓവറോളും സാഹിത്യോത്സവത്തിൽ സെക്കന്റ് ഓവറോളും നേടിയ മൂലമറ്റം സെന്റ് ജോർജ് യുപി സ്കൂളിന് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ ട്രോഫി വിതരണം ചെയ്തു.

**3. എക്സിക്യൂട്ടീവ് മീറ്റിംഗ്**

കെസിഎസ്എൽ രൂപതാ എക്സിക്യൂട്ടീവ് ജനുവരി 5–ാം തീയതി ഉച്ച കഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ ഫാ. കുര്യൻ തടത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു. ജനുവരി 12,13 തീയതികളിൽ കൊല്ലത്തുവച്ച് നടക്കുന്ന സ്റ്റേറ്റ് കലോത്സവം മുഖ്യചർച്ചാവിഷയമായിരുന്നു.

**4. കെസിഎസ്എൽ സ്റ്റേറ്റ് കലോത്സവം**

കെസിഎസ്എൽ സ്റ്റേറ്റ് കലോത്സവം ജനുവരി 12,13 തീയതികളിലായി കൊല്ലത്ത് സെന്റ് അലോഷ്യസ് ഹയർസെക്കൻഡറി സ്കൂളിൽവച്ച് നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്ന് നൂറോളം കുട്ടികൾ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുകയും നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തു.

**5. മികച്ച കൈയെഴുത്തുമാസിക**

2017 വർഷത്തെ മികച്ച കൈയെഴുത്തുമാസികയ്ക്കുള്ള സംസ്ഥാനതല തിരഞ്ഞെടുപ്പിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ പാലാ രൂപത ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**6. കെസിഎസ്എൽ രൂപതാവാർഷികവും എൽപി വിഭാഗം പ്രവർത്തനോദ്ഘാടനവും**

2017-18 വർഷത്തെ കെസിഎസ്എൽ രൂപതാവാർഷികം ഫെബ്രുവരി മാസം 7-ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് ളാലം സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നു.

പാലാ രൂപത കെസിഎസ്എൽ വാർഷികാഘോഷവും പൊതുസമ്മേളനവും ഫെബ്രുവരി 7-ാം തീയതി ബുധനാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ ളാലം സെന്റ് മേരീസ് പാരീഷ് ഹാളിൽവച്ച് നടത്തപ്പെടുന്നു. കെസിഎസ് എൽ രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം പാലാ രൂപത മുൻ അദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നതാണ്. കെസിഎസ്എൽ സ്റ്റേറ്റ് ജനറൽ ഓർഗനൈസർ ശ്രീ സിറിയക് മാത്യു മുഖ്യ പ്രഭാഷണം നടത്തും. രൂപത പ്രസിഡന്റ് ശ്രീമതി സാലി കെ.ജെ., രൂപത ജനറൽ ഓർഗനൈസർ ശ്രീ സോജൻ കെ.ജെ., രൂപത ചെയർ പേഴ്സൺ ബെല്ലാ സണ്ണി, സ്റ്റേറ്റ് എക്സിക്യൂട്ടീവംഗം ശ്രീമതി ആഷ്‌ലി ടെസ് ജോൺ തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിക്കും.

2017-18 പ്രവർത്തനവർഷം നടത്തിയ വിവിധ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്യും. വിവിധ സ്കൂളുകളിൽ നിന്നുള്ള പ്രതിഭകളായ കുട്ടികളുടെ കലാവിരുന്ന് സമ്മേളനത്തെ മോടിപിടിപ്പിക്കും.

കെസിഎസ്എൽ, എൽപി വിഭാഗത്തിന്റെ പ്രവർത്തനോദ്ഘാടനം പ്രസ്തുത സമ്മേളനത്തിൽവച്ച് അഭിവന്ദ്യ പിതാവ് നിർവഹിക്കും.

യോഗാനന്തരം ആലപ്പുഴ കൃപാസനം പൗരാണിക രംഗകലാപീഠം അവതരിപ്പിക്കുന്ന നൃത്തസംഗീതചരിത്രചവിട്ടുനാടകം 'കാറൽസ്മാൻ' ഉണ്ടായിരിക്കും.

**6. പാലാ സെന്റ് മേരീസിന് ഓവറോൾ**

കെസിഎസ്എൽ ഹൈസ്കൂൾ വിഭാഗം പാലാ രൂപതാതല കലോത്സവത്തിന് രണ്ടാം സ്ഥാനവും സാഹിത്യോത്സവത്തിന് ഒന്നാം സ്ഥാനവും ഹയർ സെക്കൻഡറി വിഭാഗം കലോത്സവത്തിന് മൂന്നാം സ്ഥാനവും സാഹിത്യോത്സവത്തിന് രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെത്തി രൂപതാഡയറക്ടർ ഫാ. കുര്യൻ തടത്തിൽ കെസിഎസ്എൽ അംഗങ്ങളെ അനുമോദിക്കുകയും ട്രോഫികളും മറ്റ് പാരിതോഷികങ്ങളും സമ്മാനിക്കുകയും ചെയ്തു.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. ഏകദിന പ്രോഗ്രാം - സെമിനാർ**

മൂലമറ്റം, തുടങ്ങനാട് ഫൊറോനകളിലെ ഇടവകകളിൽനിന്നുള്ള 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായി ജനുവരി 2 ന് Elixir എന്ന പേരിൽ ഒരു ഏകദിന സെമിനാർ അറക്കുളം സെന്റ് മേരീസ് പുത്തൻപള്ളിയിൽ നടത്ത

പ്പെട്ടു. പോൾസൺ-എൽസാ ദമ്പതികളും ജോർജുകുട്ടി പൂഞ്ഞാറും ശുശ്രൂഷകൾ നയിച്ചു. 120 ലധികം വിദ്യാർത്ഥികൾ പങ്കെടുത്ത പ്രോഗ്രാമിന് ഫാ. ജോർജ് വെട്ടുകല്ലേൽ, സജി അറക്കുളം, നിഖിൽ മൂലമറ്റം, സി. ഫ്രാൻസിൻ എഫ്.സി.സി. എന്നിവർ നേതൃത്വം നൽകി.

**2. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിലുള്ള രാത്രി ആരാധന ജനുവരി 5 ന് വൈകിട്ട് 7 ന് ആരംഭിച്ച് ആറാം തീയതി രാവിലെ 5 ന് വി. കുർബാനയോടെ സമാപിച്ചു. ഫാ. ജോസഫ് കുറ്റിയാങ്കൽ വിശുദ്ധ കുർബാനയെക്കുറിച്ച് തിരുവചനം പങ്കുവച്ചു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ആൽബിൻ സ്കറിയാ, പ്രണോയി, സച്ചിൻ, റോയി ജോസഫ്, ബിജീഷ് എന്നിവർ നേതൃത്വം നൽകി.

**3. പാരിഷ് ടീം സമ്മേളനം**

ഇടവകകളിൽ ജീസസ് യൂത്ത് ശക്തമാക്കാൻവേണ്ടി പാരിഷ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ജനുവരി 7 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ സമ്മേളനം ചേർന്നു. ഫാ. കുര്യൻ മറ്റം ആമുഖപ്രസംഗം നടത്തി. സച്ചിൻ മാത്യു തോമസ്, എമിലിൻ മാത്യു, ജോമോൻ ജോൺ, ദിയാ പയസ്, അലൻ ബേബി, നിരൺ ജോർജ്, സുബിൻ ലൂക്കോസ് എന്നിവർ നേതൃത്വം നൽകി.

**4. രണ്ടാം ശനിയാഴ്ച കൂട്ടായ്മ**

ജീസസ് യൂത്തിന്റെ രണ്ടാം ഞായറാഴ്ചത്തെ കൂട്ടായ്മ പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ജനുവരി 13 ന് ചേർന്നു. സുവിശേഷവത്കരണത്തെക്കുറിച്ച് ഇംഗ്ലണ്ടിലെ സെഹിയോൻ ശുശ്രൂഷയിൽ നിന്നുള്ള ജോസ് കുര്യാക്കോസ് മഠത്തിൽ ക്ലാസ്സെടുത്തു. ഫാ. സിറിൽ തയ്യിൽ, യൂ ക്യാറ്റ് പഠനം അവതരിപ്പിച്ചു. ഫാ. കുര്യൻ മറ്റം ആമുഖപ്രസംഗം നടത്തി. യുവജനവർഷാചരണത്തിന്റെ കർമ്മപദ്ധതികൾ ചർച്ചചെയ്തു. ദിവ്യകാരുണ്യ ആരാധനയോടെ ഏകദിനശുശ്രൂഷ സമാപിച്ചു. ആൽവിൻ സ്കറിയ, ക്രിജോ കണിയാംപടി, സ്റ്റാനി, രേഷ്മ എന്നിവർ ശുശ്രൂഷകൾക്ക് വഴിയൊരുക്കി.

**5. ഫോർമേഷൻ പ്രോഗ്രാം**

ജീസസ് യൂത്തിന്റെ തുടർരൂപീകരണപദ്ധതിയായ പോൾ കോഴ്സിന്റെ പരിശീലനപ്രോഗ്രാം ജനുവരി 21 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. റെജി കുന്നേൽ, ജെറിൻ പൂഞ്ഞാർ എന്നിവർ നേതൃത്വം നൽകി.

**6. കോളജ് വിദ്യാർത്ഥികളുടെ കൂട്ടായ്മ**

സംസ്ഥാനതലത്തിൽ അവസാനവർഷ ഡിഗ്രി വിദ്യാർത്ഥികളുടെ ത്രിദിന സമ്മേളനം ആലുവ 'നിവേദിത' സെന്ററിൽ ജനുവരി 25, 26, 27 തീയതികളിൽ നടന്നു. പാലാ രൂപതയിലെ കോളജുകളിൽനിന്നുള്ള പ്രതിനിധികൾ സംബന്ധിച്ചു.

**7. ഹൗസ്ഹോൾഡ് സമ്മേളനം – അരുവിത്തുറ**

അരുവിത്തുറ മേഖലയിലെ ജീസസ് യൂത്ത് കൂട്ടായ്മയും വചനം പങ്കുവയ്ക്കലും പ്രാർത്ഥനയും അരുവിത്തുറ പള്ളിയുടെ മിനി ഓഡിറ്റോറിയത്തിൽ

ജനുവരി 14 ന് നടന്നു. ഈ ഹൗസ്ഹോൾഡ് കൂട്ടായ്മയിൽ മാതാപിതാക്കളും ഒരുമിച്ചുപങ്കെടുക്കുന്നു എന്നതാണ് സവിശേഷത. ഹൗസ്ഹോൾഡ് കൂട്ടായ്മയ്ക്ക് സേവ്യർ, ജെറിൻ പൂഞ്ഞാർ, റെജി കുന്നേൽ, ജോസ് മാത്യു എന്നിവർ നേതൃത്വം നൽകി.

**8. കാമ്പസ് മീറ്റ് – പ്രതിനിധി സമ്മേളനം**

പാലാ രൂപതയിലെ കോളജുകളിൽനിന്നുള്ള പ്രതിനിധികളുടെ സമ്മേളനം ജനുവരി 14 ന് ഷാലോം സെന്ററിൽ ചേർന്നു. ഫാ. കുര്യൻ മറ്റം ഓറിയന്റേഷൻ ക്ലാസ് എടുത്തു. ആൽവിൻ സ്കറിയ, പ്രണോയി, ജോയ്സി തോമസ്, രേഷ്മ രാജു തുടങ്ങിയവർ നേതൃത്വം നൽകി.

**9. തറവാട് – യുവജനസംഗമം**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ റോമിൽ നടക്കുന്ന സിനഡിന്റെയും കെ.സി.ബി.സി. യുവജനവർഷപ്രഖ്യാപനത്തിന്റെയും പശ്ചാത്തലത്തിൽ 'തറവാട്' എന്ന പേരിൽ ഒരു യുവജനസംഗമം ഫെബ്രുവരി 24 ന് അരുണാപുരം പള്ളി ഓഡിറ്റോറിയത്തിൽ രാവിലെ 9.30 മുതൽ വൈകിട്ട് 4 വരെ ചേരുന്നതാണ്. ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവ്വഹിക്കും. ഡോ. എഡ്വേർഡ് എടേഴത്ത്, ഷാജി വൈക്കത്തുപറമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിക്കും.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ (ഡിറക്ടേഴ്സ്)**

# കെയർ ഹോംസ്

**1. ഫൊറോനാ സമ്മേളനം**

കെയർ ഹോംസ് അരുവിത്തുറ, ഭരണങ്ങാനം, കൂട്ടിക്കൽ, പൂഞ്ഞാർ, തീക്കോയി എന്നീ ഫൊറോനാകളിലെ ജീവകാരുണ്യസ്ഥാപനങ്ങളുടെ സംഗമവും സമ്മേളനവും അരുവിത്തുറ പാരിഷ് ഹാളിൽ വച്ച് നടത്തി. സിബി ചെരുവിൽ, പുരയിടം അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി റവ. ഫാ. തോമസ് വെടിക്കുന്നേൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, സിസ്റ്റർ ആൻസി വള്ളിയാംതടം, സിസ്റ്റർ സ്മിത മീമ്പുഴയ്ക്കൽ, സിസ്റ്റർ ക്രിസ്റ്റലീന കുന്നുംപുറം തുടങ്ങിയവർ പ്രസംഗിച്ചു. ജീവകാരുണ്യസ്ഥാപനങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. മത്സരവിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**2. ബാലഭവൻ അധികാരികളുടെ നേതൃസംഗമം**

പാലാ രൂപതയിലെ ബാലഭവൻ അധികാരികളുടെ നേതൃസംഗമം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. മോൺ ജോസഫ് കുഴിഞ്ഞാലിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാൻ റവ. ഫാ. റോയി മാത്യു വടക്കേൽ ക്ലാസ് നയിച്ചു. ഫാ. ഫിലിപ്പ് ഞരളക്കാട്ട്, ഫാ. സ്കറിയ വേകത്താനം, സന്തോഷ് മരിയസദനം തുടങ്ങിയവർ പ്രസംഗിച്ചു. ബാലഭവനിലെ ജൂവനൈൽ ജസ്റ്റീസ് ആക്ടിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു.

**3. കെയർ ഹോംസ് സമ്മേളനം എറണാകുളത്ത്**

കെസിബിസി യുടെ ആഭിമുഖ്യത്തിൽ ബാലഭവൻ സ്പെഷ്യൽ സ്കൂൾ അധികാരികളുടെ സമ്മേളനം എറണാകുളം പിഒസിയിൽ വച്ച് നടത്തി. റവ. ഫാ. റോയി മാത്യു വടക്കേൽ ജൂവനൈൽ ജസ്റ്റിസ് ആക്ട് എന്ന വിഷയ ത്തെക്കുറിച്ച് ക്ലാസ്സെടുത്തു. പാലാ രൂപതയിൽനിന്ന് 40 ഓളം പ്രതിനിധി കൾ മീറ്റിംഗിൽ പങ്കെടുത്തു.

**4. പാലാ ഡിസിഎംആർ സ്കൂളിന്റെ വാർഷികം**

പുലിയന്നൂർ ഷലോം ഡിസിഎംആറിലെ ക്രിസ്തുമസ് ആഘോഷവും വാർഷികസമ്മേളനവും സ്കൂൾ ഓഡിറ്റേറിയത്തിൽ വച്ച് നടത്തി. സിസ്റ്റർ ലൂസി സേവ്യർ വേങ്ങത്താനം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം സമ്മേളനം ഉദ്ഘാടനം ചെയ്തു. കുട്ടികൾ വിവിധ കലാപരി പാടികൾ അവതരിപ്പിച്ചു.

**5. ക്രിസ്തുമസ് ആഘോഷം ജിംഗിൾസ് ബെൽസ്**

കെയർഹോംസിന്റെ ആഭിമുഖ്യത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ക്രിസ്തുമസ് ആഘോഷം ജിംഗിൾ ബെൽസ് നടത്തി. ഫാ. ജോർജ് പുതിയാ പറമ്പിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ മുനിസിപ്പൽ ചെയർപേഴ്സൺ പ്രൊഫ. സെലിൻ റോയി തകടിയേൽ ക്രിസ്തുമസ് ആഘോഷം ഉദ്ഘാ ടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, സിസ്റ്റർ ആൻസ് വാഴചാരിക്കൽ, ജനമൈത്രി സിആർഒ ബിനോയി തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. മണിയംകുളം രക്ഷാഭവനിലെ സ്റ്റുവാർട്ട് രാജൻ കേക്ക് മുറിച്ച് വിതരണം ചെയ്തു. പാപ്പാ മത്സരം, മറ്റ് കലാപരിപാടികൾ എന്നിവ നടത്തി.

**6. അനുശോചിച്ചു.**

ദിവ്യകാരുണ്യ മിഷനറിസഭയുടെ എമ്മാവൂസ് പ്രവിശ്യാംഗവും ആകാശ പറവകളുടെ കൂട്ടുകാർ എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകനുമായ ഫാ. ജോർജ് കുറ്റിക്കലച്ചന്റെ നിര്യാണത്തിൽ കെയർഹോംസ് പാലാ രൂപതാ നേതൃത്വം അനുശോചിച്ചു.

**7. സന്മനസ്സ് കൂട്ടായ്മയുടെ ഓഫീസ് ഉദ്ഘാടനവും വാർഷികവും**

പാലാ ഗവൺമെന്റ് ആശുപത്രി കേന്ദ്രീകരിച്ച് സാധുജനങ്ങളെ സഹാ യിക്കുന്ന സംഘടനയായ സന്മനസ് കൂട്ടായ്മയുടെ പുതിയ ഓഫീസ് ഉദ്ഘാ ടനവും ഏഴാമതു വാർഷികവും സന്മനസ്സ് ഓഫീസിൽ വച്ച് നടത്തി. മുനി സിപ്പൽ ചെയർപേഴ്സൺ പ്രൊഫ. സെലിൻ റോയി തകടിയേൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ ഓഫീസ് ഉദ്ഘാടനം ചെയ്തു. ഡോ. ബാബു സെബാസ്റ്റ്യൻ (എംജി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ) സമ്മേളനം ഉദ്ഘാടനം ചെയ്തു. മോൺ ജോസഫ് മലേപ്പറ മ്പിൽ, ഫാ. സ്കറിയ വേകത്താനം, ബൈജു കൊല്ലംപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. പാവപ്പെട്ടവർക്ക് സൗജന്യഅരി, പഴവർഗ്ഗങ്ങൾ വിതരണം ചെയ്തു.

**8. എക്സിക്യൂട്ടീവ് മീറ്റിംഗ്**

പാലാ രൂപതാ കെയർ ഹോംസിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഷലോമിൽ വച്ച് നടത്തി. ഫാ. സ്കറിയ വേകത്താനം ചർച്ചകൾക്ക് നേതൃത്വം നൽകി.

**9. കെയർ ഹോംസ് വാർഷികസമ്മേളനം ഫെബ്രുവരി 13 ന്**

കെയർ ഹോംസ് പാലാ രൂപതയുടെ മൂന്നാമത് വാർഷികസമ്മേളനം ഫെബ്രുവരി 13 ന് പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തും. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ, ബ്ര. കെ.എം. മാണി, ശ്രീ ജോസ് കെ. മാണി, മോൺ ജോസഫ് കുഴിഞ്ഞാലിൽ, മോൺ. ജോസഫ് മലേപ്പറമ്പിൽ, പ്രൊഫ. സെലിൻ റോയി തകടിയേൽ, കുര്യാക്കോസ് പടവൻ, ഫാ. റോയി മാത്യു വടക്കേൽ, ഫാ. റോയി കണ്ണഞ്ചിറ, സർക്കിൾ ഇൻസ്പെക്ടർ രാജൻ കെ. അരമന തുടങ്ങിയ വിശിഷ്ടവ്യക്തികൾ പങ്കെടുക്കും. മികച്ച ജീവകാരുണ്യ സ്ഥാപനങ്ങൾ, വ്യക്തികൾ, സ്കോളർഷിപ്പ്, കലോത്സവത്തിൽ വിജയം നേടിയവർ എന്നിവരെ ചടങ്ങിൽ ആദരിക്കുന്നതാണ്. സമ്മേളനത്തിന്റെ വിജയത്തിനായി വിവിധ കമ്മറ്റികളെ തെരഞ്ഞെടുത്തു.

**10. കാരുണ്യസ്പർശം**

അറക്കുളം സെന്റ് മേരീസ് ഹൈസ്കൂളിലെ കുട്ടികൾ വിഭവസമാഹരണം നടത്തി. 9, 10 ക്ലാസുകളിലെ കുട്ടികൾ പ്രത്യേക സമ്മാനം കരസ്ഥമാക്കി. സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികൾ വിഭവങ്ങൾ സമാഹരിക്കുകയും സംഭാവന നല്കുകയും ചെയ്തു. മികച്ച കളക്ഷൻ നടത്തിയ പ്ലസ്വൺ ഹ്യുമാനിറ്റീസ്, പ്ലസ്ടു കോമേഴ്സ് ബാച്ചിന് സമ്മാനം നൽകി. മാനത്തൂർ സെന്റ് ജോസഫ് സ്കൂളിലെ വിഭവസമാഹരണത്തിൽ 10 എ മികച്ച കളക്ഷൻ നടത്തി. രാമപുരം സേക്രട്ട് ഹാർട്ട് സ്കൂളിലെ കളക്ഷനിൽ 9 എ സമ്മാനത്തിന് അർഹരായി. രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിലെ കളക്ഷന് 8 ബി സമ്മാനത്തിനർഹരായി. രാമപുരം സെന്റ് അഗസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളുടെ നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു. മോനിപ്പള്ളി വിദ്യാനികേതനിലെ വിദ്യാർത്ഥികൾ സംഭാവന, വിഭവസമാഹരണം എന്നിവ നടത്തി. ഏറ്റവും കൂടുതൽ കളക്ഷൻ നടത്തി. നാല്, ആറ് ക്ലാസുകൾക്ക് സമ്മാനം നൽകി. മികച്ച കളക്ഷൻ നടത്തിയ തിരുമാറാടി സ്കൂളിലെ ആറാം ക്ലാസുകൾക്ക് സമ്മാനം വിതരണം ചെയ്തു. നിത്യോപയോഗസാധനങ്ങൾ സമാഹരിച്ച വടകര ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിലെ 5 ബി, 6 എ ക്ലാസ് പ്രത്യേകസമ്മാനത്തിന് അർഹരായി. വിഭവസമാഹരണം നടത്തിയ മൂന്നിലവ് സെന്റ് പോൾസ് ഹൈസ്കൂളിലെ 10-ാം ക്ലാസിലേക്ക് സമ്മാനം നൽകി. പൈക ജ്യോതി ഹൈസ്കൂളിൽ 8 എയ്ക്ക് സമ്മാനം നൽകി. മൂലമറ്റം എസ്.എച്ച്. ഇംഗ്ലീഷ് മീഡിയം സ്കൂളിലെ 5 എ യ്ക്ക് സമ്മാനം നൽകി. പിഴക് മേരിലാൻഡ് സ്കൂളിലെ കുട്ടികൾ നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു. നീലൂർ സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ കുട്ടികൾ നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു. ക്ലാസുകൾക്ക് പ്രത്യേക സമ്മാനം നൽകി. പ്രിൻസിപ്പൽ റവ.ഫാ. ജോസ് അഞ്ചാനിയ്ക്കൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**11. സന്ദർശനം നടത്തി.**

വെള്ളികുളം സെന്റ് മാത്യൂസ് ബാലികാഭവൻ, പൂവക്കുളം അമലോത്ഭവ വൃദ്ധസദൻ എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ചു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. മുഹമ്മദ്കോയ സ്കോളർഷിപ്പ് അപേക്ഷ ക്ഷണിച്ചു.**

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ ക്രിസ്ത്യൻ പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽപെട്ട പെൺകുട്ടികളിൽ 2017-18 അധ്യയനവർഷം സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് (പുതിയതും പുതുക്കുന്നതിനും) എന്നിവയ്ക്ക് അപേക്ഷിക്കാൻ കഴിയാത്തവർക്കുവേണ്ടി ന്യൂനപക്ഷക്ഷേമ വകുപ്പ് ഒരവസരംകൂടി നൽകുന്നു. ബിരുദ-ബിരുദാനന്ത ബിരുദം, പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാവുന്നതാണ്. www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുക.

**2. തൊഴിൽമേള**

ജില്ലാ എംപ്ലോയ്മെന്റ് എക്സേഞ്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മെഗാ തൊഴിൽ മേള സംഘടിപ്പിക്കുന്നു. ഐടി, ബാങ്കിംഗ്, നോൺബാങ്കിംഗ്, റിംസ് ഹോസ്പിറ്റൽ, എഫ്എംസിജി, ബിപിഒ, ടെലികോം, വിദ്യാഭ്യാസസ്ഥാപന ങ്ങൾ എന്നീ മേഖലകളിലെ വിവിധ കമ്പനികൾ 5000 ത്തോളം തൊഴിൽ അവസരങ്ങളിലേക്കാണ് അഭിമുഖം നടത്തുന്നത്. പത്താംതരം മുതൽ ബിരു ദാനന്തരബിരുദം ഉള്ളവർക്കുവരെ അഭിമുഖങ്ങളിൽ പങ്കെടുക്കും. ജില്ലാ എംപ്ലോയബിലിറ്റി സെന്ററുമായി ബന്ധപ്പെടണം. ഫോൺ 0481-2563451, 2565452, 9745734942.

**3. സൗദിയിൽ നേഴ്സുമാർക്ക് അവസരം**

സൗദി അറേബ്യയിലെ വിവിധ ആശുപത്രികളിലേക്ക് നേഴ്സുമാരെ തെര ഞ്ഞെടുക്കാൻ അപേക്ഷ ക്ഷണിച്ചു. ബിഎസ്സി. നേഴ്സിംഗ് അഥവാ ജിഎൻഎം യോഗ്യതയും രണ്ടു വർഷത്തെ പ്രവൃത്തിപരിചയവുമുള്ള വനി തകൾക്ക് അപേക്ഷിക്കാം. ഒഴിവുകൾ 100. വിശദവിവരങ്ങൾക്ക് www.norkaroots.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക. നോർക്കയിൽ രജിസ്റ്റർ ചെയ്യാത്ത എല്ലാ നേഴ്സുമാരും നോർക്കയിൽ പേര് രജിസ്റ്റർ ചെയ്യു വാൻ ശ്രദ്ധിക്കുക.

**4. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്**

വികലാംഗക്ഷേമ കോർപ്പറേഷൻ 2017 ലെ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ എല്ലാവിഷയങ്ങൾക്കും ബി ഗ്രേഡോ മുകളിലോ ലഭിച്ച ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് 2500 രൂപവീതം ക്യാഷ് അവാർഡ് നൽകും.

40 ശതമാനമോ അതിനുമുകളിലോ ഭിന്നശേഷിത്വം ഉള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളതുമായ ഭിന്നശേഷിക്കാർ മാനേ ജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, പൂജ

പ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ 31 നകം അപേക്ഷ നൽകണം. അപേക്ഷാഫോറം www.npwc.kerala.gov.in ൽ ലഭ്യമാണ്.

ഈ വിവരങ്ങൾ പള്ളിയിൽ അറിയിക്കുമല്ലോ.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. പൂഞ്ഞാർ കൂട്ടിക്കൽ ഫൊറോനാ നേതൃസംഗമം**

ഡിഎഫ്സി പൂഞ്ഞാർ, കൂട്ടിക്കൽ ഫൊറോനായിലെ ഭാരവാഹികളുടെ സംഗമം പൂഞ്ഞാർ ഫൊറോനാ പാരീഷ് ഹാളിൽവച്ച് നടത്തി. ഫൊറോനാ വികാരി റവ. ഫാ. അഗസ്റ്റിൻ തെരുവത്ത് ആമുഖപ്രഭാഷണം നടത്തി. ഫൊറോനാ ഡയറക്ടർ റവ. ഫാ. സിറിയക് കൊച്ചുകൈപ്പട്ടിയിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഫാ. ഫ്രാൻസീസ് ഇടത്തിനാൽ, ഡോ. സണ്ണി വി. സഖറിയ, ജോർജ് വടക്കേൽ, കെ.എം. പുന്നൂസ് കരിയാപുരയിടം, സെബാസ്റ്റ്യൻ പുല്ലാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

**2. ഡി.എഫ്.സി. മീറ്റിംഗ് പാദുവായിൽ**

ദീപിക പത്രപ്രചാരണത്തോടനുബന്ധിച്ച് ഡി.എഫ്.സി. മീറ്റിംഗ് ഡോ. സണ്ണി വി. സഖറിയ മുഖ്യപ്രഭാഷണം നടത്തി. ഇടവകയിലെ പ്രതിനിധി യോഗാംഗങ്ങൾ, ഭക്തസംഘടനാഭാരവാഹികൾ തുടങ്ങിയവർ മീറ്റിംഗിൽ പങ്കെടുത്തു.

**3. പൈക ഇടവകയിൽ ദീപിക പത്രപ്രചാരണം നടത്തി.**

പൈക സെന്റ് ജോസഫ്സ് പള്ളിയിൽ ദീപിക പത്രപ്രചാരണ പരിപാടി സംഘടിപ്പിച്ചു. വികാരി റവ. ഫാ. അഗസ്റ്റിൻ കോലോത്ത് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം, ഫാ. ജോസഫ് തെങ്ങുംപള്ളിൽ, സജി കോയിപ്പുറം തുടങ്ങിയവർ പ്രസംഗിച്ചു.

**4. പെരിങ്ങുളം യൂണിറ്റിൽ ഡിഎഫ്സി. പൊതുയോഗം**

ഡിഎഫ്സി. യൂണിറ്റിന്റെ പൊതുയോഗം പെരിങ്ങുളം പാരീഷ് ഹാളിൽ വച്ച് നടത്തി. വികാരി റവ. ഫാ. കുര്യാക്കോസ് നരിതൂക്കിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. തോമസ് കുഴിക്കാട്ട്, ജോർജ് വടക്കേൽ, ദേവസ്യാ പുല്ലാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

**5. ഡിഎഫ്സി. സമ്മേളനം പയ്യാനിത്തോട്ടം ഇടവകയിൽ**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ സമ്മേളനം പയ്യാനിത്തോട്ടം ഇടവകയിൽ നടത്തി. വികാരി ഫാ. ജോർജ് കാവുംപുറത്തിന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ ഫാ. സിറിയക് കൊച്ചുകൈപ്പട്ടിയിൽ ജോർജ് വടക്കേൽ, ദേവസ്യാച്ചൻ പുല്ലാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

**6. ലോകപ്രമേഹദിനാചരണം പാലാ അൽഫോൻസാ കോളേജ്**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പാലാ അൽഫോൻസാ കോളേജിലെ സിഎസ്എം യൂണിറ്റ്, ഫാത്തിമ ഐ ഹോസ്പിറ്റൽ എന്നിവയുടെ സഹകരണത്തോടെ ലോകപ്രമേഹദിനാചരണം നടത്തി. മോൺ. ജോസഫ് കൊല്ലംപറമ്പിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ നഗരസഭ ചെയർപേഴ്സൺ ലീനാ സണ്ണി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ആലീസ് ജോസ് കരികുളം, ഫാ. സ്കറിയ വേകത്താനം, സിസ്റ്റർ തെരേസ് മടുക്കക്കുഴി, ബർസാർ ഫാ. ജോസഫ് പുലവേലിൽ, ഫാ. മാത്യു പുന്നത്താനത്തുകുന്നേൽ, ബേബി തെക്കുംചേരിൽ തുടങ്ങിയവർ പ്രസംഗിച്ചു. ഡോ. കരോളിൻ തെരേസ് ചുങ്കപ്പുര സെമിനാറിന് നേതൃത്വം നൽകി.

**7. ഡിഎഫ്സി നേതൃയോഗം പിഴകിൽ**

ഡിഎഫ്സി നേതൃയോഗം പിഴക് പാരിഷ് ഹാളിൽ വച്ച് നടത്തി. വികാരി റവ. ഫാ. കുരുവിള തുടിയംപ്ലാക്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഡോ. സണ്ണി വി. സഖറിയ മുഖ്യപ്രഭാഷണം നടത്തി.

**8. ജോസ്ഗിരിയിൽ ഡിഎഫ്സി നേതൃസമ്മേളനം**

ഡിഎഫ്സി. യുടെ നേതൃസമ്മേളനം ജോസ്ഗിരി പാരിഷ് ഹാളിൽ വച്ച് നടത്തി. വികാരി റവ. ഫാ. ജോസഫ് പാണ്ടിയംമാക്കൽ, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

**9. ഡിഎഫ്സി. നേതൃസംഗമം കൈപ്പള്ളിയിൽ**

കൈപ്പള്ളി ഇടവകയിൽ ഡിഎഫ്സി. നേതൃസംഗമം നടത്തി. വികാരി ഫാ. സ്കറിയ മലമാക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. സിറിയക് കൊച്ചുകൈപ്പട്ടിയിൽ, ജോർജ് വടക്കേൽ ദേവസ്യാച്ചൻ പുല്ലാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

**10. ഡിഎഫ്സി നേതൃസംഗമം കുന്നോനി ഇടവകയിൽ**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ നേതൃസംഗമം കൂന്നോനി പാരിഷ് ഹാളിൽ വച്ച് നടത്തി. വികാരി റവ. ഫാ. ജോസഫ് പൂവത്തിങ്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

**11. ഡയറക്ടേഴ്സ് മീറ്റ്, കോട്ടയം**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ രൂപത ഡയറക്ടേഴ്സ് മീറ്റ് കോട്ടയം ദീപിക ഓഫീസിൽ വച്ച് നടത്തി. ദീപിക എം.ഡി. റവ.ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി. ഡോ. താർസീസ് ജോസഫ്, ഫാ. ബോബി മണ്ണംപ്ലാക്കൽ, ഫാ. റെജി മനക്കലേട്ട് തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തിൽ വിവിധ കർമ്മപരിപാടികൾ ആവിഷ്കരിച്ചു. പാലാ രൂപത ഡിഎഫ്സി കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം മീറ്റിംഗിൽ പങ്കെടുത്തു.

**12. ഡിഎഫ്സി പാലാ രൂപത എക്സിക്യൂട്ടീവ്**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ പാലാ രൂപത എക്സിക്യൂട്ടീവ് യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സക്കറിയ, ബേബി തെക്കുംചേരിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**13. ബിസിനസ് ദീപിക രജതജൂബിലിയാഘോഷം**

രാഷ്ട്രദീപിക പ്രസിദ്ധീകരണമായ ബിസിനസ്സ് ദീപികയുടെ രജതജൂബിലിയാഘോഷം കുമരകം ലേക് റിസോർട്ടിൽ വച്ച് നടത്തി. മോൺ റവ. ഡോ. മാണി പുതിയിടം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ധനമന്ത്രി തോമസ് ഐസക് സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ ബിസിനസ്സ് പ്രതിഭകൾക്ക് അവാർഡുകൾ സമ്മാനിച്ചു.

**14. പൂഞ്ഞാർ കൂട്ടിക്കൽ ഫൊറോനാ ഡിഎഫ്സി കൺവൻഷൻ**

ദീപിക ഫ്രണ്ട്സ്ക്ലബ് പൂഞ്ഞാർ, കൂട്ടിക്കൽ ഫൊറോനാ സമ്മേളനം പൂഞ്ഞാർ പാരിഷ് ഹാളിൽ വച്ച് നടത്തി. വികാരി റവ. ഫാ. അഗസ്റ്റിൻ തെരുവത്ത് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ മോൺ. ജോസഫ് കുഴിഞ്ഞാലിൽ കൺവൻഷനൻ ഉദ്ഘാടനം ചെയ്തു. റവ. ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി. മോൺ. ജോസഫ് മലേപ്പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. റവ. ഫാ. അബ്രാഹം കുപ്പപ്പുഴയ്ക്കൽ, ഫാ. സ്കറിയ വേകത്താനം, ഫാ. സിറിയക് കൊച്ചുകൈപ്പട്ടിയിൽ, ഡോ. സണ്ണി വി. സഖറിയ, ജോർജ് വടക്കേൽ, സെബാസ്റ്റ്യൻ പുല്ലാട്ട്, ജോൺസൺ വള്ളോംപുരയിടം തുടങ്ങിയവർ പ്രസംഗിച്ചു. ദീർഘകാലം ദീപിക വരിക്കാരായ 30 പേരെ ചടങ്ങിൽ ആദരിച്ചു.

**15. ഡിഎഫ്സി യൂണിറ്റ് രൂപീകരിച്ചു**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ പുതിയ പുരുഷ-വനിതായൂണിറ്റുകൾ രൂപീകരിച്ചു. പാദുവ, മുളക്കുളം, ചിറ്റാർ, നെല്ലിയാനി, അടിവാരം, കാക്കൂർ, പാലാക്കാട്, വെള്ളിയാമറ്റം, പൂഞ്ഞാർ, പൂവക്കുളം തുടങ്ങിയ ഇടവകകളിൽ പുതിയ യൂണിറ്റുകൾ നിലവിൽ വന്നു.

**16. ഡ്രീംലൈൻ പ്രോജക്ട് നടപ്പിലാക്കി**

ദീപിക പത്രപ്രചാരണത്തോടനുബന്ധിച്ച് ഡ്രീം ലൈൻ പ്രോജക്ട് നടപ്പിലാക്കി. മാന്നാർ, വലവൂർ, മുത്തോലപുരം, വെള്ളിയാമറ്റം, പാലാക്കാട്, മലയിഞ്ചിപ്പാറ, ചോലത്തടം, ജിയോവാലി, പൂവക്കുളം, പൂഞ്ഞാർ എന്നീ ഇടവകകളിൽ പുതിയ ദീപിക പത്ര വരിക്കാരെ ചേർത്തു.

**17. ദീപിക പത്രപ്രചാരണം**

മലയിഞ്ചിപ്പാറ ചോലത്തടം, ഇലപ്പള്ളി, എടാട്ട് എന്നീ ഇടവകകളിൽ ദീപിക പത്രപ്രചാരണ പരിപാടി നടത്തി.

**ഫാ. സ്കറിയ വേകത്താനം (കോർഡിനേറ്റർ)**

# പാലാ മിഷൻ – അദിലാബാദ്

**1. സമ്മാനവിതരണം**

പാലാ മിഷൻ ആരംഭിക്കുന്ന പുതിയ മണ്ഡലത്തിലെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുള്ള ഫണ്ട് സ്വരൂപണത്തിന്റെ ഭാഗമായി നടത്തിയ സമ്മാനകൂപ്പണുകളുടെ സമ്മാനവിതരണം നടത്തി. ഒന്നാം സമ്മാനം തിടനാട് ഇട

വകയിലും രണ്ടാം സമ്മാനം പാലാ ക്രിസ്തുജ്യോതി പ്രൊവിൻഷ്യൽ ഹൗസിലും എത്തിച്ച് വിജയികൾക്ക് സമ്മാനിച്ചു. ഫാ. ജോർജ് കാരാംവേലി, ഫാ. ജോൺ ചാവേലി എന്നിവർ ചേർന്ന് സമ്മാനങ്ങൾ കൈമാറി.

**2. പുതുവർഷം**

ജനുവരി ഒന്നാം തീയതി വെളുപ്പിന് പുതുവർഷകർമ്മങ്ങൾ എല്ലാ പള്ളികളിലും നടത്തി. ജനുവരി 6 ദനഹാത്തിരുനാൾ എല്ലായിടത്തും ആഘോഷപൂർവ്വം നടത്തി. തിരുനാളിനോട് അനുബന്ധിച്ച് ഭക്തിപൂർവ്വമായ പ്രദക്ഷിണം നടത്തി.

**3. തിരുനാൾ**

പാലാ മിഷനിലെ കൊത്തഗുഡം ഇടവക തിരുനാൾ ജനുവരി 11 ന് ആഘോഷപൂർവ്വം നടത്തി. ഫാ. മാത്യു പുതിയിടത്ത് തിരുനാൾ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഇടവകമദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് സേവ്യറിന്റെ രൂപം സംവഹിച്ചുകൊണ്ട് പ്രദക്ഷിണം നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ സാന്നിദ്ധ്യം അനുഗ്രഹദായകമായി.

**4. സന്ദർശനങ്ങൾ**

ഫാ. മാത്യു പുതിയിടത്ത്, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവർ ജനുവരി 8 മുതൽ 12 വരെ സന്ദർശനം നടത്തി. ചെങ്ങളം ഇടവക വികാരിയും ഇടവകാംഗങ്ങളും പാലാ മിഷനിൽ സന്ദർശനം നടത്തി.

**5. ബൈബിൾ രചനമത്സരം**

പാലാ മിഷനിലെ എല്ലാ കുടുംബങ്ങൾക്കുമായി നോമ്പുകാലത്ത് ബൈബിൾ രചനമത്സരം സംഘടിപ്പിക്കുന്നു. പുതിയനിയമത്തിലെ സുവിശേഷങ്ങളും ശ്ലീഹന്മാരുടെ പ്രവർത്തനവും ആണ് ഈ രചനാമത്സരത്തിൽ പകർത്തി എഴുതേണ്ടത്. വിജയികൾക്ക് വലിയ തുക സമ്മാനമായി നൽകുന്നതായിരിക്കും.

**6. സ്വാഗതം**

പാലാ മിഷനിലേക്ക് സേവനത്തിനു കടന്നുവരുന്ന ഫാ. ആന്റണി വാഴയിൽ, ഫാ. ജോർജ് കൊട്ടാരം എന്നിവരെ ഏറ്റവും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ഫാ. ജോർജ് കാരാംവേലി (കോ-ഓർഡിനേറ്റർ)**




# ആദരാഞ്ജലികൾ

## ഫാ. സെബാസ്റ്റ്യൻ പാട്ടത്തിൽ



1953 ജൂൺ 19-ാം തീയതി കയ്യൂർ ഇടവകയിൽ ജോസഫ്-മേരി ദമ്പതികളുടെ മകനായി ജനിച്ചു. അച്ചന് ഒരു സഹോദരനും നാല് സഹോദരിമാരുമുണ്ട്. അവരിൽ രണ്ടു സഹോദരിമാർ സന്യാസിനികളുമാണ്. കയ്യൂർ ഗവൺമെന്റ് എൽപി സ്കൂൾ, ഇടമറുക് സെന്റ് ആന്റണീസ് യുപി സ്കൂൾ, കുന്നോന്നി സെന്റ് ജോസഫ് യുപി സ്കൂൾ, പ്ലാശനാൽ സെന്റ് ആന്റണീസ് ഹൈസ്കൂൾ, സെന്റ് തോമസ് കോളജ് പാലാ എന്നിവിടങ്ങളിലെ വിദ്യാഭ്യാസകാലഘട്ടത്തിനുശേഷം പാലാ കരൂർ മൈനർ സെമിനാരിയിൽ ചേർന്ന് പിന്നീട് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽനിന്നും വൈദികപഠനം പൂർത്തിയാക്കി.

1981 ജനുവരി 2-ാം തീയതി പാലാ കത്തീഡ്രൽ പള്ളിയിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ കൈവയ്പു വഴി പുരോഹിതനായി അഭിഷിക്തനായി. മരങ്ങാട്ടുപള്ളി ഇടവകയിൽ സഹവികാരിയായി സേവനമനുഷ്ഠിച്ച അച്ചൻ തുടർന്ന് രൂപതയിലെ യുവാക്കളുടെ സംഘടനകളുടെയും കെസിഎസ്എൽ, ഫാമിലി അപ്പോസ്തലേറ്റ്, സാന്ത്വന കൗൺസിലിംഗ് സെന്റർ, അഡാർട്ട്, മഡോണ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വളർച്ചയ്ക്കു ചുക്കാൻപിടിച്ചു. തുടർന്ന് കാവുംകണ്ടം ഇടവക സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കുന്നതുവരെയുള്ള കാലഘട്ടം കൊച്ചച്ചനായും തുടർന്ന് പ്രഥമ

വികാരിയായും സേവനമനുഷ്ഠിച്ചു. വേലനിലം, ജിയോവാലി, വിളക്കുമാടം, വടകര എന്നീ ഇടവകകളിൽ വികാരിയായി അച്ചൻ സേവനം ചെയ്തു.

2017 മുതൽ ചെമ്മലമറ്റം ഇടവകയിൽ വികാരിയായി സേവനംചെയ്തുവരവെ 2018 ജനുവരി 13-ാം തീയതി ശനിയാഴ്ച രാത്രി ശാരീരിക അസ്വസ്ഥതകളെത്തുടർന്ന് ആശുപത്രിയിലെത്തിച്ചെങ്കിലും അച്ചൻ ഈ ലോകത്തോടു വിടപറഞ്ഞു. അഭിവന്ദ്യ പിതാക്കന്മാർ മൂന്നുപേരും അച്ചന്റെ മൃതദേഹത്തിങ്കൽവന്ന് ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയുണ്ടായി. ജനുവരി 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് അച്ചന്റെ മൃതദേഹം ചെമ്മലമറ്റത്തു പൊതുദർശനത്തിനുവയ്ക്കുകയും തുടർന്ന് കയ്യൂരുള്ള ഭവനത്തിലേക്ക് കൊണ്ടുപോവുകയും ചെയ്തു.

മൃതസംസ്കാരശുശ്രൂഷകൾ ജനുവരി 15-ാം തീയതി ഉച്ചകഴിഞ്ഞ് ഒരു മണിക്ക് കയ്യൂരുള്ള അച്ചന്റെ വസതിയിൽ അഭിവന്ദ്യ മുരിക്കൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആരംഭിക്കുകയും തുടർന്ന് കയ്യൂർ ഇടവക ദൈവാലയത്തിൽ അഭിവന്ദ്യ കല്ലറങ്ങാട്ടു പിതാവിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും മൃതസംസ്കാര ശുശ്രൂഷകളും നടക്കുകയും ചെയ്തു.

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. സെബാസ്റ്റ്യൻ പാട്ടത്തിലച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ശിരസ്സു നമിക്കാം. ബഹു. അച്ചൻ സഭയ്ക്കും സമൂഹത്തിനും നല്കിയ ശുശ്രൂഷകൾക്ക് ദൈവതിരുമുമ്പാകെ നന്ദി അർപ്പിക്കുകയും നിത്യനായവൻ അച്ചനെ സ്വന്തമാക്കുകയും ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യാം. കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും ആത്മാർത്ഥമായ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

എ.ഡി.സി.പി. അംഗങ്ങൾ എല്ലാവരും ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ അച്ചനു വേണ്ടി ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.



## സി. ഫിലോമിന CMC

പാലാ രൂപത വലവൂർ ഇടവക ഐക്കരചെല്ലിയിൽ കുടുംബത്തിൽ ജോസഫ്-ത്രേസ്യാ ദമ്പതികളുടെ മൂന്നാമത്തെ മകളായി 1930 ഫെബ്രുവരി 6 ന് സി. ഫിലോമിന ഭൂജാതയായി. മാമ്മോദീസായിൽ ഏലി എന്ന പേരു നൽകപ്പെട്ടു. വലവൂർ ഗവ. സ്കൂളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസവും പാലാ സെന്റ് മേരീസ് സ്കൂളിൽനിന്ന്

എസ്എസ്എൽസിയും പാസായശേഷം 1952 ൽ രാമപുരം കർമ്മലമഠത്തിൽ ചേർന്നു. 1953 മേയ് 30 ന് ആദ്യവ്രതവും 1956 മേയ് 30 ന് നിത്യവ്രതവും അനുഷ്ഠിച്ച അമ്മ 2003 ൽ വ്രതവാഗ്ദാനത്തിന്റെ സുവർണജൂബിലിയും ആഘോഷിച്ചു. മുത്തോലി സെന്റ് ജോസഫ്സ് ട്രെയിനിംഗ് സ്കൂളിൽ നിന്ന് റ്റി.റ്റി.സി പാസായശേഷം രാമപുരം എസ്.എച്ച്.ജി.എച്ച്. എസിൽ തന്റെ അദ്ധ്യാപനജീവിതം ആരംഭിച്ച ഫിലോമിനാമ്മ ഇതിനിടയിൽ മലയാളം സാഹിത്യവിശാരദ് പാസായി. തുടർന്ന് മുത്തോലി ട്രെയ്നിംഗ് സ്കൂളിലും സെന്റ് ആഗ്നസ് മുട്ടുചിറ, സെന്റ് മേരീസ് കുറവിലങ്ങാട് എന്നീ സ്കൂളുകളിലും തന്റെ അദ്ധ്യാപനശുശ്രൂഷ ഏറെ വിശ്വസ്തതയോടെ നിർവ്വഹിച്ചു. 1987 ൽ അദ്ധ്യാപകവൃത്തിയിൽനിന്ന് വിരമിച്ചു. മുട്ടുചിറ, മണിപ്പൂർ, പാലാ കാർമ്മൽ ഹോസ്റ്റൽ, രാമപുരം, മൂന്നാനി എന്നീ മഠങ്ങളിൽ സുപ്പീരിയറായും രണ്ടു പ്രാവശ്യം പ്രൊവിൻഷ്യൽ കൗൺസിലറായും അമ്മ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇതുകൂടാതെ കാളികാവ്, കുറവിലങ്ങാട്, കരൂർ എന്നീ മഠങ്ങളും അമ്മയുടെ സേവനരംഗങ്ങളായിരുന്നു.

ശാന്തശീലനായ ഈശോയെ അടുത്തനുകരിക്കുന്നതായിരുന്നു അമ്മയുടെ ജീവിതം. തിരുസഭാസ്നേഹം, പ്രേഷിതതീക്ഷ്ണത, പ്രാർത്ഥനാചൈതന്യം, വാത്സല്യമാർന്ന സ്നേഹശൈലി, സന്തോഷപ്രകൃതി എന്നിവയെല്ലാം 64 വർഷം നീണ്ടുനിന്ന ഈ സമർപ്പിത വ്യക്തിത്വത്തിന്റെ സവിശേഷതകളായിരുന്നു. സഹോദരിമാരെ സ്നേഹിച്ച് പ്രോത്സാഹിപ്പിച്ചുവളർത്തുന്ന മാതൃത്വം തുളുമ്പുന്ന ഹൃദയം അമ്മയുടെ ജീവിതത്തിന്റെ അനന്യതയായിരുന്നു. സദാ പ്രസന്നവദനയായിരുന്ന ഫിലോമിനാമ്മ എല്ലാവരുടെയും ക്ഷേമാന്വേഷണം നടത്തിയും തന്നോടിടപെടുന്നവർക്കെല്ലാം സുവിശേഷാനന്ദം പകർന്നുകൊണ്ടും തന്റെ വിശ്രമജീവിതം ധന്യമാക്കിവരികെ 2017 ഒക്ടോബർ 26 ന് ഒരു വീഴ്ചയെ തുടർന്ന് പാലാ കാർമ്മൽ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിക്കപ്പെട്ടു. അമ്മയുടെ ആരോഗ്യനില കൂടുതൽ മോശമായി അമ്മ അബോധാവസ്ഥയിലേക്കു നീങ്ങുന്നു എന്ന് മനസ്സിലായതിനാൽ നവംബർ രണ്ടാം തീയതി സമൂഹാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ബഹു. അലക്സാണ്ടർ ഓലിക്കലച്ചൻ രോഗീലേപനം നൽകി. ആരോഗ്യസ്ഥിതിയിൽ കാര്യമായ പുരോഗതിയൊന്നും കാണാത്തതിനാൽ ഡിസംബർ അഞ്ചിന് അമ്മയെ മഠത്തിൽ കൊണ്ടുവന്ന് ശുശ്രൂഷിച്ചു. ഡിസംബർ 26 ന് രാവിലെ 4 ന് അമ്മയുടെ ആത്മാവ് ശാന്തമായി ദിവ്യനാഥന്റെ സന്നിധിയിലേക്ക് പറന്നുയർന്നു.

ഡിസംബർ 27 ന് രാവിലെ ഒമ്പതു മണിക്ക് ബഹു. സ്റ്റാന്റ്ലി ചെല്ലിയിൽ സി.എം.ഐയുടെ മുഖ്യകാർമ്മികത്വത്തിൽ മഠം ചാപ്പലിൽ അർപ്പിച്ച

ദിവ്യബലിയെ തുടർന്ന് നിരവധി വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ മൃതദേഹം ദൈവാലയത്തിലേക്ക് സംവഹിക്കപ്പെട്ടു. പെരിയ ബഹു. മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം രാമപുരം ഫൊറോനാ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. മെലേഷ്യ CMC

പാലാ രൂപത മുണ്ടാങ്കൽ ഇടവകയിൽ കാനാട്ട് ജോസഫ്-ബ്രിജിറ്റ് ദമ്പതികളുടെ ഏഴു മക്കളിൽ ആറാമത്തെ സന്താനമായി 1941 മാർച്ച് 12-ാം തീയതി സി. മെലേഷ്യ ജനിച്ചു. മാമ്മോദീസായിൽ ഏലി എന്ന പേര് നൽകപ്പെട്ടു. അസാധാരണമായ ബുദ്ധിവൈഭവവും കർമ്മകുശലതയും ഉണ്ടായിരുന്ന സി. മെലേഷ്യ മുണ്ടാങ്കലും പ്രവിത്താനത്തുമായി തന്റെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി കർമ്മലസഭയിൽ പ്രവേശിച്ചു. 1960 ഏപ്രിൽ 3-ാം തീയതി ആദ്യവ്രതവും 1963 മേയ് 27-ാം നിത്യവ്രതവും അനുഷ്ഠിച്ചു.

കോട്ടയം തിരുവനന്തപുരം തൃശൂർ എന്നിവിടങ്ങളിലായി ബിരുദവും ബിരുദാനന്തരബിരുദവും പൂർത്തിയാക്കിയ അമ്മ എം.എ. യ്ക്ക് ഫസ്റ്റ് റാങ്കും ഗോൾഡ് മെഡലും നേടി സന്യസ്തലോകത്തിന് ഒരഭിമാനമായി. തുടർന്ന് പാലാ അൽഫോൻസാ കോളജിൽ ഇംഗ്ലീഷ് വിഭാഗത്തിൽ അദ്ധ്യാപികയായി നിയമിതയായി. വിദ്യാഭ്യാസരംഗത്തുള്ള അമ്മയുടെ നീണ്ട 32 വർഷത്തെ സേവനങ്ങൾ വളരെ വിലപ്പെട്ടതായിരുന്നു. നലം തികഞ്ഞ ഒരു അദ്ധ്യാപികയും സ്നേഹമയിയുമായിരുന്ന മെലേഷ്യാമ്മ സഹപ്രവർത്തകർക്കും ശിഷ്യഗണങ്ങൾക്കും താനുമായി ഇടപെട്ട എല്ലാവർക്കും എന്നും പ്രിയങ്കരിയായിരുന്നു. പ്രിൻസിപ്പലായിരുന്ന കാലത്ത് പല തരത്തിലുള്ള അവാർഡുകൾ കോളജിന് ലഭിക്കാനിടയായിട്ടുണ്ട്. പഠനത്തിൽ പിന്നോക്കമുള്ള കുട്ടികൾക്കും പ്രൈവറ്റായി പഠിക്കുന്നവർക്കും പ്രത്യേക ട്യൂഷൻ നൽകി സഹായിക്കുവാൻ അമ്മ സദാ ഉത്സുകയായിരുന്നു. ഇംഗ്ലീഷ് ഭാഷയിലുള്ള പുസ്തകങ്ങൾ വിവർത്തനം ചെയ്യുവാൻ തന്റെ സമയവും ആരോഗ്യവും അവസാന നാളുകളിൽപോലും ചെലവഴിക്കുവാൻ അമ്മ സന്നദ്ധത കാണിച്ചിരുന്നു.

കോളജിൽനിന്നു വിരമിച്ചശേഷം 18 വർഷത്തോളം മല്ലികശ്ശേരിയിലുള്ള അഡോർണോ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളുടെ ഇംഗ്ലീഷ് അദ്ധ്യാപികയായി സേവനം ചെയ്യുകയുണ്ടായി. പരാതി പരിഭവങ്ങളില്ലാത്ത പരോപകാരിയായ മെലേഷ്യാമ്മ അസാധാരണമായ എളിമയും

ശാന്തതയും നിറഞ്ഞ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക, വളർത്തുക, സഹായിക്കുക നിസ്സാരകാര്യങ്ങൾക്കുപോലും നന്ദി പറയുക തുടങ്ങിയവ അമ്മയുടെ സ്വഭാവസവിശേഷതകളായിരുന്നു. സന്യാസജീവിതാരംഭം മുതൽ മുടക്കംകൂടാതെ കുരിശിന്റെ വഴി ചൊല്ലുവാൻ ശ്രദ്ധ ചെലുത്തിയിരുന്ന അമ്മയുടെ പ്രാർത്ഥനാ ചൈതന്യം മറ്റുള്ളവർക്കും പ്രചോദനാത്മകമായിരുന്നു.

എഴുപത്തിനാലു വയസ്സുവരെ തനിക്ക് യാതൊരുവിധ രോഗവും ഉണ്ടായിട്ടില്ലായെന്നുപറഞ്ഞുകൊണ്ട് തന്നിലേക്കു കടന്നുവന്ന ക്യാൻസർ രോഗത്തെ ദൈവഹിതപ്രകാരം പരാതിപരിഭവങ്ങളില്ലാതെ സ്വീകരിച്ചു. രണ്ടു വർഷമായി ചികിത്സയിലും വിശ്രമത്തിലുമായിരുന്ന മെലേഷ്യാമ്മ രോഗം വർദ്ധിച്ചതിനെ തുടർന്ന് നവംബർ 27 ന് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. 2017 ഡിസംബർ 14-ാം തീയതി വൈകിട്ട് മഠാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും പ്രാർത്ഥനാമദ്ധ്യേ ഭാഗ്യമരണം പ്രാപിച്ചു. ബഹുമാനപ്പെട്ട പിതാക്കന്മാരും ധാരാളം വൈദികരും സഹപ്രവർത്തകരും ശിഷ്യരും ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ട അനേകവ്യക്തികളും അമ്മയ്ക്ക് അന്ത്യോപചാരം അർപ്പിച്ച് പ്രാർത്ഥിക്കുകയുണ്ടായി. 16-ാം തീയതി രാവിലെ 9 മണിയോടെ ബഹു. വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിലച്ചന്റെ കാർമ്മികത്വത്തിൽ സ്വസഹോദരനായ ഫാ. കുര്യൻ കാനാട്ട് സഹോദരപുത്രൻ ഫാ. വിനോദ് സി.എം.ഐ., ഫാ. സിറിയക് കുന്നേൽ, അഡോർണോ പ്രൊവിൻഷ്യൽ ഫാ. റോബിൻ എന്നിവർ ചേർന്ന് അർപ്പിച്ച ദിവ്യബലിയോടെ ആരംഭിച്ച മൃതസംസ്കാര ശുശ്രൂഷകൾക്കുശേഷം മൃതദേഹം മൂന്നാനി സെന്റ് പീറ്റേഴ്സ് പള്ളിയിലേക്ക് സംവഹിക്കപ്പെട്ടു. തുടർന്ന് പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ ഹൃദ്യമായ ചരമപ്രസംഗം നടത്തി അന്ത്യശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും മൃതദേഹം മൂന്നാനി പള്ളിയിൽ സംസ്കരിക്കുകയും ചെയ്തു.

## സി. ദമിയാനോസ് FCC



പാലാ രൂപത പാളയം ഇടവകയിൽ കുറിച്ചിയേൽ കുടുംബത്തിൽ കുഞ്ഞൗത-മറിയാമ്മ ദമ്പതികളുടെ നാലു മക്കളിൽ മൂന്നാമത്തെ മകളായി 01.07.1936 ൽ ബ. ദമിയാനോസമ്മ ഭൂജാതയായി. മാമ്മോദീസായിൽ ഏലി എന്ന പേരുനൽകി. പത്തു വയസ്സിനുള്ളിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട സിസ്റ്റർ 1954 ൽ പാലാ സെന്റ്മേരീസ് സ്കൂളിൽ നിന്നും എസ്എസ്എൽസി പാസായശേഷം ളാലം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1956

മെയ് 27-ാം തീയതി ആദ്യവ്രത വാഗ്ദാനവും 1959 മെയ് 27-ാം തീയതി നിത്യവ്രത വാഗ്ദാനവും നടത്തി.

1957 ൽ മലയാളത്തിൽ സാഹിത്യവിശാരദും 1960 ൽ ബി.എയും പാസ്സായ സിസ്റ്റർ 1957 മുതൽ 1990 വരെ 33 വർഷം പാലാ സെന്റ് മേരീസ് സ്കൂളിൽ മലയാളം അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചു. ളാലം, സാൻജോ, പുലിയന്നൂർ, സാൻതോം, സെറാഫിക് എന്നീ മഠങ്ങളിൽ സുപ്പീരിയർ, കൗൺസിലർ, ആനിമേറ്റർ, ഫോർമേറ്റർ, വാർഡൻ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. 1983 മുതൽ പ്രോവിൻസിലെ ഫോർമേഷൻ ടീം അംഗമായിരുന്നു. 1989 മുതൽ ആസ്പിരൻസ്, പോസ്റ്റുലൻസ്, നോവീസ് മിസ്ട്രസ്സായും 1997 മുതൽ 1999 വരെ ബഥാനിയ തിയോളജിക്കൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈസ് പ്രിൻസിപ്പലായും ശുശ്രൂഷ ചെയ്തു. 2000 മുതൽ FSHA കോൺഗ്രിഗേഷനുവേണ്ടി ഐങ്കൊമ്പു മഠത്തിൽ ആസ്പിരൻസ്, പോസ്റ്റുലൻസ്, നോവീസ് മിസ്ട്രസ്സായി 10 വർഷത്തോളം സേവനമനുഷ്ഠിച്ചു. 2007 മുതൽ 2017 വരെ ളാലം ഇടവയിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ 'ബി' യൂണിറ്റിന്റെ ഉത്തരവാദിത്വം വളരെ കാര്യക്ഷമമായി നിർവ്വഹിച്ചിരുന്നു. വി. അൽഫോൻസാമ്മയുടെ വലിയ ഭക്തയായിരുന്ന സിസ്റ്റർ, അൽഫോൻസാമ്മയുടെ കത്തുകൾ ശേഖരിച്ച് "അൽഫോൻസാമ്മയുടെ ലിഖിതങ്ങൾ" എന്നപേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. നല്ലൊരു ഗിത്താറിസ്റ്റും തബലിസ്റ്റും ആയിരുന്ന സിസ്റ്റർ നല്ലൊരു ഗായികയും കൂടിയായിരുന്നു. പലപ്പോഴും മാരകമായ രോഗങ്ങൾ സിസ്റ്ററിനെ അലട്ടിക്കൊണ്ടിരുന്നുവെങ്കിലും വളരെ ശാന്തമായും സന്തോഷമായും എല്ലാം സ്വീകരിച്ചു.

'എപ്പോഴും എവിടെയും ദൈവമെ അങ്ങയുടെ ഹിതം നിറവേറട്ടെ' എന്നതായിരുന്നു സിസ്റ്ററിന്റെ ആദർശവാക്യം. ഏതുകാര്യം ഏറ്റെടുത്താലും അത് ഏറെ സ്നേഹത്തോടും അതിന്റെ പൂർണ്ണതയിലും നിറവേറ്റുന്നതിൽ സി. ദമിയാനോസ് ഏറെ ശ്രദ്ധിച്ചിരുന്നു. അതിരാവിലെ ഉണർന്ന് ദിവ്യകാരുണ്യസന്നിധിയിൽ എത്തി പ്രാർത്ഥനാനിരതയാകുന്ന ദമിയാനോസമ്മ ദിവസത്തിന്റെ ഏറിയപങ്കും തന്റെ നാഥനോടുകൂടിയായിരിക്കുന്നതിൽ സന്തോഷം കണ്ടെത്തിയിരുന്നു. ധാരാളം ജപമാലചൊല്ലി ലോകം മുഴുവനും വേണ്ടി, പ്രത്യേകിച്ച് തന്റെ ശിഷ്യഗണങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. വളരെ ശാന്തമായും സൗമ്യമായും മാത്രമാണ് മറ്റുള്ളവരോട് ഇടപെട്ടിരുന്നത്. ആർക്കും എപ്പോഴും സമീപിക്കാവുന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ദമിയാനോസമ്മ.

ആറുമാസംമുമ്പ് സംസാരിക്കുവാനും ആഹാരം കഴിക്കുവാനും ബുദ്ധിമുട്ടനുഭവപ്പെട്ടതിനെതുടർന്ന് വിദഗ്ധ ചികിത്സയ്ക്കു വിധേയായി. രണ്ടാ

ഴ്ചമുമ്പ് ശ്വാസതടസം അനുഭവപ്പെട്ടതിനെ തുടർന്ന് മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. 2018 ജനുവരി 14-ാംതീയതി അസുഖം വർദ്ധിക്കുകയും വൈകുന്നേരം 5.50 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു. 2018 ജനുവരി 17-ാംതീയതി 1.30 ന് റവ. ഫാ. അലക്സ് കിഴക്കേക്കടവിൽ OFM Cap ന്റെ പ്രധാനകാർമ്മികത്വത്തിൽ മഠം ചാപ്പലിൽ സമൂഹബലിയോടെ സംസ്ക്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് ളാലം പള്ളിയിൽവച്ച് പാലാ രൂപത വികാരി ജനറാൾ മോൺ. റവ. ഫാ. ജോസഫ് കൊല്ലംപറമ്പിലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ശുശ്രൂഷകൾക്കുശേഷം മൃതദേഹം ളാലം പള്ളിസെമിത്തേരിയിൽ സംസ്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്തദാസിയെ നിത്യകിരീടം അണിയിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.



## സി. മേരി സിറിൽ പുരയിടത്തിൽ SH

പാല രൂപത മേരിലാന്റ് ഇടവകയിൽ പുരയിടത്തിൽ മത്തായി-ഏലയാമ്മ ദമ്പതികളുടെ ആറു മക്കളിൽ അഞ്ചാമത്തെ മകളായി ജനിച്ചു. മാമ്മോദീസാ വേളയിൽ റോസ എന്ന നാമം സ്വീകരിച്ചു. ഇന്റർമീഡിയറ്റ് പാസ്സായതിനുശേഷം 1954 ൽ തിരുഹൃദയസന്യാസിനീസമൂഹത്തിൽ അർത്ഥിനിയായി ചേർന്നു. രാമപുരം മഠത്തിൽ പരിശീലനം പൂർത്തിയാക്കി. 12.04.1956 ൽ ആദ്യവ്രതം അനുഷ്ഠിച്ച് സി. മേരി സിറിൽ എന്ന സന്യാസനാമം സ്വീകരിച്ചു. 1960 ൽ നിത്യവ്രതവാഗ്ദാനം നടത്തി.

1961 ൽ വിദ്യാഭ്യാസപ്രേഷിതരംഗത്ത് സേവനമാരംഭിച്ച സി. സിറിൽ 1963 മുതൽ 1992 വരെ പ്രധാന അദ്ധ്യാപികയായിട്ടാണ് സേവനമനുഷ്ഠിച്ചത്. മൂലമറ്റം സെന്റ് ജോർജ്, വെള്ളിലാപ്പിള്ളി സെന്റ് ജോസഫ്, നീറന്താനം സെന്റ് മൈക്കിൾസ്, ഇടമറുക് സെന്റ് ആന്റണീസ് എന്നീ യുപി സ്കൂളുകളിൽ പ്രധാന അദ്ധ്യാപികയായി സിറിലമ്മ നിയമിക്കപ്പെട്ടു.

നിരവധിയായ പ്രതിസന്ധികളിലൂടെ കടന്നുപോയപ്പോഴെല്ലാം സിറിലമ്മ ഈശോയോടും പരി. അമ്മയോടും വളരെ ആഴമായ ബന്ധം പുലർത്തിയിരുന്നു. വലിയ ഒരു ആത്മീയ ശക്തിയുടെ ഉടമയായിരുന്ന സിറിലമ്മ ജാതിമതഭേദമെന്യേ എല്ലാവരെയും ഈശോയിലേക്കടുപ്പിച്ചു. എല്ലാ വിദ്യാർത്ഥികളുടെയും വീടുകൾ സന്ദർശിക്കുകയും ജീവിതാവസാനംവരെ ആ ബന്ധം നിലനിർത്തുകയും ചെയ്തിരുന്നു. 1987 ൽ ഔദ്യോ

ഗിക സർവ്വീസിൽനിന്നും വിരമിച്ചതിനുശേഷം 1992 വരെ മൂലമറ്റം എസ് എച്ച് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ഹെഡ്മിസ്ട്രസ്സായി സേവനം ചെയ്തു. ആഴമായ പ്രാർത്ഥനാജീവിതം, കർമ്മകുശലത, നിശ്ചയദാർഢ്യം, ധീരത, ഉത്തരവാദിത്വ നിർവ്വഹണത്തിലുള്ള പരിപൂർണ്ണ വിശ്വസ്തത, ഉദാരമനസ്കത, പ്രസന്നവദനം, തീക്ഷ്ണത എന്നീ ഗുണങ്ങളുടെ വിളനിലമായിരുന്നു സിറിലമ്മ.

1992 ൽ സ്കൂളിൽനിന്നും വിരമിച്ചതിനുശേഷം രൂപതയുടെ ഇവാഞ്ചലൈസേഷൻ, കരിസ്മാറ്റിക് പ്രെയർ ഗ്രൂപ്പ്, കുടുംബകൂട്ടായ്മ, ലഹരിവിരുദ്ധ സമിതി എന്നിവയിൽ സജീവപ്രവർത്തകയായിരുന്നു. 87-ാമത്തെ വയസ്സിലും മരിക്കുന്നതിന്റെ തലേ ആഴ്ചവരെ വിവിധ ധ്യാനസെന്ററുകളിലേക്ക് ജാതിമതഭേദമെന്യേ ആളുകളെ പറഞ്ഞയച്ചിരുന്നു.

സന്തോഷപൂർണമായ 60 വർഷത്തെ സന്യാസജീവിതത്തിന്റെ അവസാനകാലഘട്ടങ്ങൾ മൂലമറ്റം മഠത്തിലാണ് അമ്മ ചെലവഴിച്ചിരുന്നത്. 2013 ൽ ഉണ്ടായ ഒരു വീഴ്ചയെ തുടർന്ന് കാലിനു പരിക്കുപറ്റി മഠത്തിൽ പ്രാർത്ഥനയിലും വിശ്രമത്തിലുമായിരുന്നു.

2018 ജനുവരി 19-ാം തീയതി ഉച്ചകഴിഞ്ഞ് ക്ഷീണം വർദ്ധിച്ചതിനാൽ മൂലമറ്റം ബിവിഎംസി ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. 21-ാം തീയതി വൈകുന്നേരം 9 മണിക്ക് സിറിലമ്മയുടെ പാവനാത്മാവ് സ്വർഗ്ഗപിതാവിന്റെ സന്നിധിയിലേക്ക് പറന്നുയർന്നു.

മൃതദേഹം മൂലമറ്റം മഠത്തിൽ കൊണ്ടുവന്നതിനുശേഷം 22-ാം തീയതി രാവിലെ 9.30 ന് അറക്കുളം സെന്റ് മേരീസ് എച്ച്എസ്എസിൽ പൊതുദർശനത്തിനുവച്ചശേഷം മേരിലാന്റ് മഠത്തിൽ കൊണ്ടുവന്നു. ഉച്ച കഴിഞ്ഞ് 1.30 ന് സിറിലമ്മയുടെ പിതൃസഹോദരപുത്രൻ ഫാ. ജോസഫ് പുരയിടത്തിലിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പിച്ചു. വി. കുർബാനമദ്ധ്യേ പാലാ രൂപത ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ചരമപ്രസംഗം നടത്തി. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം മേരിലാന്റ് സെന്റ് മേരീസ് ദൈവാലയ സിമിത്തേരിയിൽ സംസ്കരിച്ചു. പ്രിയപ്പെട്ട സിറിലമ്മയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിക്കുന്നു.



## സി. എവ്‌ലിൻ മുരിങ്ങയിൽ MMS

പാല രൂപത ഭരണങ്ങാനം ഇടവകയിൽ 1932 ഡിസംബർ 20-ാം തീയതി മുരിങ്ങയിൽ ശ്രീ ചാണ്ടിയുടെയും ശ്രീമതി മറിയാമ്മയുടെയും 9 മക്കളിൽ ആറാമത്തെ മകളായി അച്ചാമ്മ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന സിസ്റ്റർ എവ്‌ലിൻ ഭൂജാതയായി. കുടുംബത്തിൽനിന്ന് മൂന്ന് മക്കളെ സന്യാസജീവിതത്തിനായി സമർപ്പിച്ച ആ കുടുംബത്തിന്റെ വിശ്വാസതീക്ഷ്ണത ഏറെ ആഴപ്പെട്ടതാണ്.

തന്റെ പ്രാഥമിക വിദ്യാഭ്യാസം ഭരണങ്ങാനം സേക്രട്ട് ഹാർട്ട് സ്കൂളിൽ പൂർത്തിയാക്കിയശേഷം തന്റെ ഇടവകയിൽ പ്രവർത്തിച്ചിരുന്ന മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ്, ഒരു മിഷനറി സൊസൈറ്റി ആണെന്നു തിരിച്ചറിഞ്ഞ് അവരിൽ ആകൃഷ്ടയായി,1954 നവംബർ 1-ാം തിയതി മെഡിക്കൽ മിഷൻ സന്യാസസഭയിൽ അർത്ഥിനിയായി ചേർന്നു. 1963 ൽ പ്രഥമവ്രതവാഗ്ദാനവും 1968 ൽ നിത്യവ്രതവാഗ്ദാനവും നിർവഹിച്ചു.

ബീഹാറിലെ മണ്ടാർ ഹോളിഫാമിലി ആശുപത്രിയിലെ നഴ്സിംഗ് പഠനത്തിന് ശേഷം, പാറ്റ്ന, കുർജി ഹോളിഫാമിലി ആശുപത്രിയിൽ മിഡ് വൈഫറിയും പൂർത്തിയാക്കി. പിന്നീട് 1967-ൽ ഡൽഹി ഹോളിഫാമിലി ആശുപത്രിയിൽനിന്ന് ആതുരശുശ്രൂഷയിൽ ഉപരിപഠനവും നേടി. മേരിഗിരി ആശുപത്രിയിൽ നീണ്ട 42 വർഷക്കാലമത്രയും വിവിധ ഡിപ്പാർട്ടുമെന്റുകളിലായി 2005 വരെ സിസ്റ്റർ എവ്‌ലിൻ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

എവ്‌ലീനാമ്മയുടെ സന്യാസജീവിതക്രമങ്ങളിലുള്ള നിഷ്ഠ, പ്രാർത്ഥനാജീവിതം, സന്തോഷപ്രകൃതി, ലാളിത്യം, കരുതൽ, സ്നേഹം, പാവങ്ങളോടുള്ള ആർദ്രത തുടങ്ങിയ സവിശേഷ ഗുണങ്ങൾകൊണ്ട് താൻ ജീവിച്ച ഇടങ്ങളെയും സമൂഹത്തെയും സമ്പന്നമാക്കിയിരുന്നു അമ്മ. ആശുപത്രിയിലെത്തുന്ന എല്ലാവരെയും നിറപുഞ്ചിരിയോടെ സ്വാഗതം ചെയ്യുകയും ക്ഷേമാന്വേഷണം നടത്തുകയും ചെയ്തിരുന്ന സിസ്റ്റർ എവ്‌ലിന്റെ അനുകമ്പാപൂർണ്ണമായ ഇടപെടൽ എപ്പോഴും ഒരു നല്ല മാതൃക ആയിരുന്നു എന്ന് സഹപ്രവർത്തകർ സ്നേഹത്തോടെ ഓർമ്മിക്കുന്നു.

2005 മുതൽ ഇത്തിത്താനത്തെ ഭവനത്തിൽ വിശ്രമജീവിതം നയിച്ചിരുന്ന സമയത്തും ലളിതസുന്ദരമായ ജീവിതംകൊണ്ട്

ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിച്ചു ജീവിതം ധന്യമാക്കുവാൻ എവ്‌ലിനാമ്മക്ക് കഴിഞ്ഞു. ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ ഏറെ സമയം ചിലവഴിച്ചിരുന്ന എവ്‌ലിനാമ്മ മറ്റുള്ളവർക്ക് ആവശ്യമായ സഹായം ചെയ്യുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും സമയം കണ്ടെത്തിയിരുന്നു. എവ്‌ലിനാമ്മയുടെ ജീവിതം സൗമ്യമായ ഒരു സ്നേഹ സാന്നിധ്യമായിരുന്നു.

സദാ സന്തോഷവതിയായിരുന്ന സിസ്റ്റർ അനാരോഗ്യം മൂലം ജൂൺ 2017 ൽ സായൂജ്യയിൽ എത്തിയശേഷം സിസ്റ്ററിന്റെ ആരോഗ്യം മെച്ചപ്പെട്ടിരുന്നു. എങ്കിലും നിരന്തര പരിചരണം ആവശ്യമായിരുന്നു. മരണത്തിന് മൂന്നു ദിവസംമുൻപ് ശാരീരിക അസ്വസ്ഥതകൾ മൂർഛിക്കുകയും സുബോധത്തോടെ രോഗീലേപനം സ്വീകരിക്കുകയും ചെയ്ത എവ്‌ലിനാമ്മ തന്റെ സ്വർഗ്ഗീയയാത്രയ്ക്ക് പൂർണ്ണമായും തയ്യാറെടുത്തിരുന്നു.

ജനുവരി 2018 രാവിലെ 10.30 മണിക്ക് സമൂഹങ്ങളുടെയും കുടുംബങ്ങളുടെയും പ്രാർത്ഥനാമധ്യേ എവ്‌ലിനമ്മയുടെ പാവനാത്മാവ് സ്വർഗീയ പറുദീസയിലേക്കു യാത്രയായി. 2018 ജനുവരി 25-ാം തീയതി രാവിലെ 9.45 ന് ഫാദർ ലിബിൻ വലിയപറമ്പിൽ സിഎംഐ യുടെ മുഖ്യ കാർമികത്വത്തിൽ സമൂഹബലിയോടെ സംസ്കാര ശുശ്രൂഷകൾ സായൂജ്യ മഠം ചാപ്പലിൽ ആരംഭിച്ചു. റവ. ഫാ. ജോസഫ് പുത്തൻപുര OFM Cap, പ്രൊവിൻഷ്യൽ, സെന്റ് ജോസഫ്സ് പ്രോവിൻസ്, കോട്ടയം ചരമ പ്രസംഗം നടത്തി. അതിനുശേഷം മൃതദേഹം പള്ളിയിലേക്ക് സംവഹിക്കപ്പെടുകയും കോട്ടയം ലൂർദ് പള്ളി സിമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## JANUARY 2018

01 ___ 09.15 am ... പൈക ഇടവകയിൽ ഡീക്കൻ ചാക്കോച്ചൻ കളപ്പുരയ്ക്കൽ SDB ക്ക് കശ്ശീശാ പട്ടം നൽകി.

_____ 12.30 pm .. ചങ്ങനാശ്ശേരി അരമനയിൽവച്ചു നടന്ന സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു.

02 ___ 09.15 am ... പിഴക് ഇടവകയിൽ ഡീക്കൻ മാത്യു മുതുപ്ലാക്കലിന് കശ്ശീശാ പട്ടം നൽകി.

_____ 03.30 pm .. വേദഗിരി ഇടവകയിൽ നവീകരിച്ച ദൈവാലയത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

_____ 04.30 pm .. മാന്നാനം ആശ്രമദൈവാലയത്തിൽ വി. ചാവറയച്ചന്റെ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാനയർപ്പിച്ചു.

03 ___ 09.15 am ... തുടങ്ങനാട് ഇടവകയിൽ ഡീക്കൻ ജോൺ എടേട്ട്, ഡീക്കൻ തോമസ് കുമ്പുക്കൽ എന്നിവർക്കു കശ്ശീശ പട്ടം നൽകുകയും തുടർന്ന് വി. കുർബാന അർപ്പിക്കുകയും ചെയ്തു.

_____ 03.00 pm .. അരമനയിൽ ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളജിന്റെ മാനേജിംഗ് ബോർഡിന്റെ മീറ്റിംഗിൽ സംബന്ധിച്ചു.

04 ___ 09.15 am ... ചോലത്തടം ഇടവകയിൽ ഡീക്കൻ ജോസഫ് പാലയ്ക്കലിന് (VC) കശ്ശീശാ പട്ടം നൽകി.

05 10-12.30 pm .. സന്ദർശകരെ സ്വീകരിച്ചു.

_____ 04.30 pm .. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച് ബിഷപ്പിനെ സന്ദർശിച്ചു.

06 ___ 09.15 am ... മൂഴൂർ ഇടവകയിൽ ഡീക്കൻ ജോൺസൺ പന്തലാനിക്കലിന് (MSFS) കശ്ശീശാപട്ടം നൽകി.

_____ 05.15 pm .. കത്തീഡ്രൽ ഇടവകയിൽ രാക്കുളിത്തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാനയർപ്പിച്ചു.

07 ___ 02.00 pm .. നരിയങ്ങാനം ഇടവകയിൽ പുതിയ ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

______ 06.00 pm .. അറക്കുളം പഴയപള്ളി ഇടവകയിൽ മദർ തെരേസാ യുടെ നാമത്തിലുള്ള പുതിയ കുരിശുപള്ളിയുടെ വെഞ്ച രിപ്പുകർമ്മം നിർവ്വഹിച്ചു.

______ 08.15 am ... ഫ്രാൻസിലെ പൗരസ്ത്യസഭകളുടെ ചുമതല വഹി ക്കുന്ന മോൺ. പാസ്കൽ ഗോൾനിഷിനും മിഷൻരാജ്യ ങ്ങളുടെ ചുമതല വഹിക്കുന്ന ഡൊമനിക് ബെളത്രിക്കും അരമനയിൽ സ്വീകരണം നൽകി.

08-13 ______ ........ സീറോ മലബാർ ബിഷപ്സ് സിനഡിൽ സംബന്ധിച്ചു.

13 ___ 02.30 pm .. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സഭയ്ക്ക് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവി കിട്ടി യതിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളിൽ സംബ ന്ധിച്ചു.

14 ___ 02.00 pm .. മേവിട ഇടവകയിൽ പുതിയ ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

______ 05.30 pm .. കയ്യൂർ ഇടവകയിൽ പാട്ടത്തിൽ ഭവനത്തിൽ, നിര്യാത നായ ബഹു. സെബാസ്റ്റ്യൻ അച്ചനുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

15 ___ 09.00 am ... അരമനയിൽ കൽദായ പാത്രിയാർക്കീസ് ലൂയിസ് റാഫേൽ സാക്കോ I, ഗ്രീക്ക് അപ്പസ്തോലിക് എക്സാർക്ക് എമിരിറ്റസ് ബിഷപ്പ് ഡിമിത്രിയൂസ് സലാ ക്കാസ്, കിർകുക് ആർച്ച്ബിഷപ് യൂസിഫ് തോമസ്, ബാഗ്ദാദ് ഓക്സിലറി ബിഷപ്പ് മോൺ ബസേൽ യൽദോ എന്നിവർക്ക് സ്വീകരണം നൽകി.

______ 10.00 pm .. ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ കൽദായ പാത്രിയാർക്കീസിനും മറ്റു വിശിഷ്ടാതിഥി കൾക്കും സ്വീകരണം നൽകി.

______ 01.00 pm .. കയ്യൂർ ഇടവകയിൽ, നിര്യാതനായ ബഹു. സെബാസ്റ്റ്യൻ പാട്ടത്തിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിക്കുകയും വി. കുർബാന അർപ്പിക്കു കയും ചെയ്തു.

16 10-12.30 pm .. അരമനയിൽ സന്ദർശകരെ സ്വീകരിച്ചു.

_____ 10.30 am ... ഇടമറുക് ഇടവകയിൽ, ചീരാംകുഴി ഭവനത്തിൽ, പരേതന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

_____ 05.00 pm .. ചേർപ്പുങ്കൽവച്ച് മാർ സ്ലീവാ ഹോസ്പിറ്റലിന്റെ ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

_____ 06.00 pm .. ചൂണ്ടച്ചേരി ഇടവകയിൽ പാണംമ്പാറ ഭവനത്തിൽ, പരേതനുവേണ്ടി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

17 ___ 08.15 am ... അരമനയിൽ കൂരിയാ മീറ്റിംഗിൽ സംബന്ധിച്ചു.

_____ 10.00 am ... കോട്ടയം സീരിയിൽ ഇന്റർചർച്ച് കൗൺസിലിന്റെ മീറ്റിംഗിൽ സംബന്ധിച്ചു.

_____ 02.00 pm .. മണ്ണാറപ്പാറ ഇടവകയിൽ പുതിയ സ്കൂൾകെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും തുടർന്ന് മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു.

18 ___ 02.00 pm .. തിരുവല്ല അതിരൂപത മലങ്കര കത്തീഡ്രലിൽ പുത്തൂർ മുൻരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ദിവന്നാസിയോസ് പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ പങ്കെടുത്തു.

19 10-12.30 pm .. സന്ദർശകരെ സ്വീകരിച്ചു.

_____ 04.30 pm .. പ്ലാശനാൽ ഇടവകയുടെ കീഴിൽ പനയ്ക്കപ്പാലത്ത് പണിത കുരിശുപള്ളിയും ഷോപ്പിംഗ് കോംപ്ലക്സും വെഞ്ചരിച്ചു.

20 ___ 10.30 am ... കുറവിലങ്ങാട് പള്ളിയിൽ നവീകരണപ്രവർത്തനങ്ങൾ കണ്ട് വിലയിരുത്തി.

_____ 03.00 pm .. നവീകരിച്ച മുട്ടം-സിബിഗിരി പള്ളിയുടെ കൂദാശ നിർവ്വഹിച്ചു.

21 ___ 10.00 pm .. കുറവിലങ്ങാട് നവീകരിച്ച ദൈവാലയത്തിന്റെ വെഞ്ചരിപ്പുകർമ്മത്തിലും തുടർന്നുനടന്ന വി. കുർബാനയിലും മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനൊപ്പം പങ്കെടുക്കുകയും വി. കുർബാന മദ്ധ്യേ കുറവിലങ്ങാട് മർത്ത്മറിയം പള്ളിയെ മേജർ ആർക്കി എപ്പിസ്കോപ്പൽ അർക്കദിയാക്കോൻ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുന്ന സർക്കുലർ വായിക്കുകയും ചെയ്തു.

_____ 03.30 pm .. കടനാട് ഇടവകയിൽ അഴകൻപറമ്പിൽ കുടുംബയോഗം ഉദ്ഘാടനം ചെയ്തു.

_____ 04.30 pm .. മാനത്തൂർ ഇടവകയിൽ പുതിയ സ്കൂൾകെട്ടിടത്തിന്റെ വെഞ്ചരിപ്പു നടത്തുകയും തുടർന്നുനടന്ന മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു.

_____ 06.45 pm .. അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്ന മീറ്റിംഗിൽ മൂന്നുവർഷത്തെ ദൈവശാസ്ത്ര കോഴ്സ് പൂർത്തിയാക്കിയ അൽമായർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

22 ___ 05.00 pm .. പാലാ ടൗൺഹാളിൽ നടന്ന ആർ.വി. തോമസ് പുരസ്കാര ചടങ്ങിൽ സംബന്ധിച്ചു.

23 10-12.30 pm .. സന്ദർശകരെ സ്വീകരിച്ചു.

_____ 03.00 pm .. അരമനയിൽ ഡി.സി.എം.എസിന്റെ ഭവനനിർമ്മാണപദ്ധതിയുടെ മീറ്റിംഗിൽ സംബന്ധിച്ചു.

24 ___ 07.30 am ... കടുത്തുരുത്തി വലിയപള്ളിയിൽ മൂന്നു നോമ്പിനോട് അനുബന്ധിച്ച് സുറിയാനി കുർബാനയർപ്പിച്ചു.

_____ 05.45 pm .. കൊഴുവനാൽ ഇടവകയിൽ നെപുംമല വെഞ്ചരിച്ചു.

25 ___ 09.45 am ... കോതനല്ലൂർ ഇടവകയിൽ പുതിയ സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും തുടർന്നു നടന്ന മീറ്റിംഗിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

_____ 05.00 pm .. കടനാട് പള്ളിയിൽ വി. സെബസ്ത്യാനോസിന്റെ തിരുശേഷിപ്പ് പ്രതിഷ്ഠ നടത്തുകയും തുടർന്ന് വി. കുർബാനയർപ്പിക്കുകയും ചെയ്തു.

_____ 08.00 pm .. നവവൈദികർക്ക് അരമനയിൽ സ്വീകരണം നൽകി.

26 10-12.30 pm .. സന്ദർശകരെ സ്വീകരിച്ചു.

_____ 10.00 am ... കയ്യൂർ ഇടവകയിൽ കോനൂർ ഭവനത്തിൽ പരേതയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

_____ 02.00 pm .. അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വിശ്വാസപരിശീലനകേന്ദ്രത്തിന്റെ രൂപതാവാർഷികസമ്മേളനം ഉദ്ഘാടനം ചെയ്യുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

_____ 04.45 pm .. കുറവിലങ്ങാട് മുത്തിയമ്മ പാരിഷ്ഹാളിൽ നടന്ന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

_____ 06.00 pm .. മുണ്ടാങ്കൽ സെന്റ് ആന്റണീസ് കപ്പേളയിൽ നടന്ന റംശാപ്രാർത്ഥനയിൽ പങ്കുകൊള്ളുകയും സന്ദേശം നൽകുകയും ചെയ്തു.

27 ___ 09.15 am ... കാഞ്ഞിരത്താനം ഇടവകയിൽ ഡീക്കൻ തോമസ് പഴേപുരയ്ക്കൽ MSFS നു കശ്ശീശാ പട്ടം നൽകി.

_____ 11.45 am ... കയ്യൂർ ഇടവകയിൽ ഒരു ശിശുവിന് പ്രാരംഭകൂദാശകൾ നൽകി.

_____ 03.00 pm .. ചൂണ്ടച്ചേരിയിൽ SJCET യുടെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു.

_____ 04.30 pm .. മല്ലികശ്ശേരി അഡോർണോ സെമിനാരിയിൽ അഡോർണോ ഫാദേഴ്സ് ഇൻഡ്യയിൽ വന്നതിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളിൽ സംബന്ധിച്ചു.

_____ 06.45 pm .. കുറിച്ചിത്താനം ഇടവകയിൽ പുതുതായി പണിത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ വെഞ്ചരിപ്പുകർമ്മത്തിൽ സംബന്ധിച്ചു.

28 ___ 10.00 am ... തിടനാട് ഇടവകയിൽ സുറിയാനി കുർബാനയർപ്പിച്ചു.

_____ 03.00 pm .. കുളമാവ് ഇടവകയിൽ നവീകരിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

29 ___ 02.00 pm .. കാഞ്ഞിരത്താനം ഇടവകയിൽ ബഹു. ജോൺ പാളിത്തോട്ടം അച്ചന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു.

_____ 03.30 pm .. ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ, പാലാ രൂപതയിലെ ഇടവകകളിൽ ഞായറാഴ്ച ശുശ്രൂഷകൾക്കു സഹായിക്കുന്ന ശെമ്മാശന്മാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

30 10-12.30 pm .. സന്ദർശകരെ സ്വീകരിച്ചു.

_____ 01.00 pm .. സെന്റ് തോമസ് കോളജിൽ ഒരു യാത്രയയപ്പു മീറ്റിംഗിൽ സംബന്ധിച്ചു.

_____ 04.30 pm .. ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ പുതിയ കൊടിമരം വെഞ്ചരിച്ചു.

31 ___ 10.00 am ... ചേർപ്പുങ്കലിൽ PDMET യുടെ ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

_____ 01.25 pm .. വെള്ളികുളം സ്കൂളിലെ ജൂബിലിയാഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

_____ 04.30 pm .. സിബിസിഐ പ്ലീനറി അസംബ്ലിയിൽ പങ്കെടുക്കാൻ ബംഗലൂരുവിന് യാത്രയായി.



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## JANUARY 2018

01 ___ 09.15 am ... തീക്കോയി ഇടവകയിൽ ഡീക്കൻ കാക്കാനിയിൽ അബ്രാഹത്തിന് തിരുപ്പട്ടം നൽകി.

_____ 03.00 pm .. പാലാ കാർഷികമേളയുടെ സമാപനസമ്മേളനത്തിൽ പങ്കെടുത്തു.

02 ___ 09.15 am ... നീലൂർ ഇടവകയിൽ വിൻസെൻഷ്യൻ സഭാംഗമായ ഡീക്കൻ ചന്ദ്രൻകുന്നേലിന് തിരുപ്പട്ടം നൽകി.

_____ 05.00 pm .. കുറവിലങ്ങാട് ഇടവകയിൽ ഒരു കുടുംബകൂട്ടായ്മാ വാർഷികത്തിൽ പങ്കെടുത്തു.

03 ___ 09.15 am ... തുരുത്തിപ്പള്ളി ഇടവകയിൽ ഡീക്കൻ തുരുത്തിപ്പള്ളി എം.എസ്.എഫ്.എസ്. ന് തിരുപ്പട്ടം നൽകി.

04 ___ 09.15 am ... പ്ലാശനാൽ ഇടവകയിൽ ഡീക്കൻ കൊച്ചോടയ്ക്കൽ തോമസിന് തിരുപ്പട്ടം നൽകി.

_____ 04.00 pm .. എറണാകുളത്ത് ഒരു ആശീർവാദകർമ്മത്തിൽ പങ്കെടുത്തു.

05 ___ 04.30 pm .. ശാന്തിപുരം ഇടവകയിൽ മണിമാളിക വെഞ്ചരിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

06 ___ 10.00 am ... കത്തീഡ്രലിൽ നവവൈദികരോടൊപ്പം റാസ കുർബാനയർപ്പിച്ചു.

_____ 02.00 pm .. ദീപനാളത്തിന്റെ ഒരു സമ്മേളനത്തിൽ പങ്കെടുത്തു.

07 ___ 09.00 am ... ഷംഷാബാദ് രൂപതയുടെ ഉദ്ഘാടനചടങ്ങുകളിൽ പങ്കെടുത്തു.

08-13 ______ ....... സീറോ മലബാർ ബിഷപ്സ് സിനഡിൽ പങ്കെടുത്തു.

14 ___ 07.00 am ... നരിയങ്ങാനം ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

______ 02.00 pm .. മേവിട ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ ആശീർവാദകർമ്മത്തിൽ പങ്കെടുക്കുകയും വിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്തു.

15 ___ 02.00 pm .. കയ്യൂർ ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ പാട്ടത്തിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു.

18 ___ 11.00 am ... അരുണാപുരം ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി.

______ 04.30 pm .. രത്നഗിരി ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

19 ___ 11.30 am ... ഏഴാച്ചേരി ഇടവകയിൽ ഗ്രോട്ടോ വെഞ്ചരിക്കുകയും പുതുതായി നിർമ്മിച്ച റോഡ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

20 ___ 09.45 am ... മാറിക ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

______ 04.30 pm .. ആലപ്പുഴ പുത്തനങ്ങാടി ഇടവകയിൽ ഒരു ആശീർവാദ കർമ്മത്തിൽ പങ്കെടുത്തു.

21 ________ ........ വേലനിലം ഇടവകയിൽ ഇടയസന്ദർശനം നടത്തി.

22 ___ 05.00 pm .. കുറവിലങ്ങാട് ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

23 ___ 10.00 am ... കാക്കൂർ ഇടവകയിൽ റാസ കുർബാനയർപ്പിച്ചു.

24 ___ 02.00 pm .. ശാലോം പാസ്റ്ററൽ സെന്ററിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

______ 04.00 pm .. കുടക്കച്ചിറ ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

25 ___ 09.00 am ... മൂഴൂർ ഇടവകയിൽ പരേതന്റെ ആത്മശാന്തിക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

______ 11.00 am ... മുട്ടുചിറ ഇടവകയിൽ ഒരു ആശീർവാദകർമ്മത്തിൽ പങ്കെടുത്തു.

______ 05.00 pm .. പൂവരണി ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ പങ്കെടുക്കുകയും ചെയ്തു.

______ 08.00 pm .. അരമനയിൽ നവവൈദികരെ സ്വീകരിച്ചു.

26 ___ 06.00 am ... അരമനയിൽ നവവൈദികരോടൊപ്പം വിശുദ്ധ കുർബാനയർപ്പിച്ചു.

_____ 11.30 am ... അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗിൽ സന്ദേശം നൽകി.

_____ 03.00 pm .. മരങ്ങാട്ടുപള്ളി ഇടവകയിൽ എ.കെ.സി.സിയുടെ മേഖലാ സമ്മേളനത്തിൽ പങ്കെടുത്തു.

27 ___ 11.00 am ... മുട്ടുചിറ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

28 ___ 11.00 am ... കോട്ടയത്ത് ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

_____ 02.00 pm .. രാമപുരം ഇടവകയിൽ ഡി.എഫ്.സി. യുടെ ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

_____ 08.00 pm .. പറമ്പ്രം കപ്പേളയിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

29 ___ 10.00 am ... കുറവിലങ്ങാട് സി.എം.സി. മഠത്തിൽ പരേതയ്ക്കു വേണ്ടി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

_____ 11.00 am ... മുത്തോലപുരം ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി.

_____ 03.30 pm .. ബിഷപ്സ് ഹൗസിൽ ട്രാഡയുടെ മീറ്റിംഗിൽ സംബന്ധിച്ചു.

30 ___ 05.00 pm .. എറണാകുളത്ത് ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

31 ___ 11.00 am ... മുട്ടുചിറ ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി.



# Bishop's Engagements
## Mar Joseph Kallarangatt
### FEBRUARY 2018

| | | | |
|---|---|---|---|
| 01-10 | | | BENGULURU ST. John's Medical College : CBCI PLENARY ASSEMBLY |
| 11 | | Sun | Aleppy: Episcopal Ordination of Mgr. James Raphael Anaparambil |
| 12 | 03:00 pm | Mon | Mulakkulam: Convent Blessing |
| 13 | 10:00-12:30 pm | Tue | Visiting Time |
| | 03:00 pm | | St. Thomas School: Care Homes Meeting |
| 14-15 | | | Out of Station |
| 16 | 10:00-12:30 pm | Fri | Visiting Time |
| 17 | 02:00 pm | Sat | Lalam Old Auditorium: Jubilee Meeting of *Deepanalam* |
| 18 | 02:30 pm | Sun | Alphonsian Pastoral Institute: Bible Apostolate Meeting |
| 19 | 11:30 am | Mon | Pala, Shalom Pastoral Centre: *Mathruvedi* Meeting |
| 20 | | Tue | Bharananganam Alphonsa Spirituality Centre:Inter Eparchial Meeting |
| 21 | 07:00 am | Wed | MST Generalate Melampara: Holy Qurbana |
| 22 | 05:00 pm | Thu | MST Generalate Melampara: Jubilee Meeting |
| 23 | 10:00-12:30 pm | Fri | Visiting Time |
| 24 | 11:00 am | Sat | Arunapuram: Meeting |
| | 04:30 pm | | Thalayolaparambu: Holy Qurbana |
| 25-05 | | | Adilabad Mission Visit |



# Auxiliary Bishop's Engagements

## Mar Jacob Muricken

## FEBRUARY 2018

| | | | |
|---|---|---|---|
| 01-10 | | | BENGULURU: CBCI PLENARY ASSEMBLY |
| 10 | 04:30 pm | Sat | Mattathippara: Holy Qurbana |
| 11 | | Sun | Poovathodu: Pastoral Visit |
| 12 | 10:00 am | Mon | Kozhuvanal: School Blessing |
| 13 | 11:00 am | Tue | St. Thomas School: Anniversary Care Homes |
| 14 | | | Engaged |
| 15 | 2:30 pm | Thu | Cherpumkal: Nursing School |
| 16 | 10:00-12:30 pm | Fri | Visiting Time |
| 17 | 02:30 pm | Sat | Lalam Old Auditorium: Jubilee Meeting of *Deepanalam* |
| 18 | 09:45 am | Sun | Kalathookadavu: Blessing |
| | 02:00 pm | | Muttuchira: DFC Meeting |
| 19 | | Mon | Engaged |
| 20 | | Tue | Intereparchial Meeting |
| 21 | | Wed | Engaged |
| 22 | 02:00 pm | Thu | St. Thomas College: Merit Day |
| 23 | 10:00-12:30 pm | Fri | Visiting Time |
| 24 | | Sat | Engaged |
| 25 | 02:00 pm | Sun | Cherpumkal: DFC Meeting |
| 26 | 02:00 pm | Mon | Bishop's House: DCMS Meeting |
| 27-28 | | | Alappuzha: Regional Bishop's Retreat |